
ആഗസ്റ്റ് 2025 | വാള്യം 45 | ലക്കം 08 | വില ₹50

# അരണ്യം

വനം-വന്യജീവി
പരിസ്ഥിതി മാസിക



## പൊരുൾതേടും യാത്രകൾ

www.forest.kerala.gov.in





## മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിന്

# വനം വകുപ്പിന്റെ അടിയന്തര പ്രതികരണ സംവിധാനം

## സംസ്ഥാനത്ത് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ 24 മണിക്കൂറും പ്രവർത്തന സജ്ജം

### തിരുവനന്തപുരം വനം ആസ്ഥാനത്ത്

**സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ**

24hr

**91884 07510, 91884 07511**

### വിവിധ ജില്ലകളിലെ വനം ഡിവിഷനുകൾക്കു കീഴിൽ 36 ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ

| | ഫോറസ്റ്റ് ഡിവിഷൻ | ജില്ല | മൊബൈൽ നമ്പർ |
|---|---|---|---|
| 1. | തിരുവനന്തപുരം | തിരുവനന്തപുരം | 91884 07517 |
| 2. | നെയ്യാർ വൈൽഡ്‌ലൈഫ് | തിരുവനന്തപുരം | 91884 07519 |
| 3. | അച്ചൻകോവിൽ | കൊല്ലം | 91884 07512 |
| 4. | പുനലൂർ | കൊല്ലം | 91884 07514 |
| 5. | തെന്മല | കൊല്ലം | 91884 07516 |
| 6. | ശെന്തുരുണി വൈൽഡ്‌ലൈഫ് സാങ്ച്വറി | കൊല്ലം | 91884 07518 |
| 7. | റാന്നി | പത്തനംതിട്ട | 91884 07515 |
| 8. | കോന്നി | പത്തനംതിട്ട | 91884 07513 |
| 9. | ഇടുക്കി വൈൽഡ്‌ലൈഫ് സാങ്ച്വറി | ഇടുക്കി | 91884 07520 |
| 10. | ഇരവികുളം നാഷണൽ പാർക്ക് | ഇടുക്കി | 91884 07521 |
| 11. | പെരിയാർ (ഈസ്റ്റ്) | ഇടുക്കി | 91884 07522 |
| 12. | പെരിയാർ (വെസ്റ്റ്) | ഇടുക്കി | 91884 07523 |
| 13. | മാങ്കുളം | ഇടുക്കി | 91884 07526 |
| 14. | മറയൂർ | ഇടുക്കി | 91884 07527 |
| 15. | മൂന്നാർ | ഇടുക്കി | 91884 07528 |
| 16. | കോട്ടയം | കോട്ടയം | 91884 07525 |
| 17. | കോതമംഗലം | എറണാകുളം | 91884 07524 |
| 18. | മലയാറ്റൂർ | എറണാകുളം | 91884 07530 |
| 19. | ചാലക്കുടി | തൃശ്ശൂർ | 91884 07529 |
| 20. | തൃശ്ശൂർ | തൃശ്ശൂർ | 91884 07531 |
| 23. | വാഴച്ചാൽ | തൃശ്ശൂർ | 91884 07532 |
| 24. | പീച്ചി വൈൽഡ്‌ലൈഫ് സാങ്ച്വറി | തൃശ്ശൂർ | 91884 07533 |
| 25. | മണ്ണാർക്കാട് | പാലക്കാട് | 91884 07534 |
| 26. | നെന്മാറ | പാലക്കാട് | 91884 07535 |
| 27. | പാലക്കാട് | പാലക്കാട് | 91884 07538 |
| 28. | പറമ്പിക്കുളം ടൈഗർ റിസർവ്വ് | പാലക്കാട് | 91884 07539 |
| 29. | സൈലന്റ് വാലി നാഷണൽ പാർക്ക് | പാലക്കാട് | 91884 07540 |
| 30. | നിലമ്പൂർ നോർത്ത് | മലപ്പുറം | 91884 07536 |
| 31. | നിലമ്പൂർ സൗത്ത് | മലപ്പുറം | 91884 07537 |
| 32. | കണ്ണൂർ | കണ്ണൂർ | 91884 07541 |
| 33. | ആറളം വൈൽഡ്‌ലൈഫ് സാങ്ച്വറി | കണ്ണൂർ | 91884 07546 |
| 34. | കാസർഗോഡ് | കാസർഗോഡ് | 91884 07542 |
| 35. | കോഴിക്കോട് | കോഴിക്കോട് | 91884 07543 |
| 36. | വയനാട് നോർത്ത് | വയനാട് | 91884 07544 |
| 37. | വയനാട് സൗത്ത് | വയനാട് | 91884 07545 |
| 38. | വയനാട് വൈൽഡ്‌ലൈഫ് സാങ്ച്വറി | വയനാട് | 91884 07547 |

**അടിയന്തര സാഹചര്യങ്ങളിൽ വിളിക്കൂ... നിങ്ങളെ സഹായിക്കാൻ ഞങ്ങളുണ്ട് കൂടെ.**

ആഗസ്റ്റ് 2025
വാള്യം 45
ലക്കം 08

അരണ്യം
വനം-വന്യജീവി പരിസ്ഥിതി മാസിക

എഡിറ്റോറിയൽ ബോർഡ്
**മിൻഹാജ് ആലം** ഐ.എ.എസ്.
**രാജേഷ് രവീന്ദ്രൻ** ഐ.എഫ്.എസ്.
**ഡോ. പി. പുകഴേന്തി** ഐ.എഫ്.എസ്.
**ഡോ. പ്രമോദ് ജി.കൃഷ്ണൻ** ഐ.എഫ്.എസ്.
**ഡോ. ജെ. ജസ്റ്റിൻ മോഹൻ** ഐ.എഫ്.എസ്.

ചീഫ് എഡിറ്റർ
**രാജേഷ് രവീന്ദ്രൻ** ഐ.എഫ്.എസ്.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

മാനേജിംഗ് എഡിറ്റർ
**ഡോ. പ്രമോദ് ജി. കൃഷ്ണൻ** ഐ.എഫ്.എസ്.
ചീഫ് വൈൽഡ് ലൈഫ് വാർഡൻ

എക്സിക്യൂട്ടീവ് എഡിറ്റർ
**ബൈജു കൃഷ്ണൻ**
ഡയറക്ടർ, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഗസ്റ്റ് എഡിറ്റർ
**ജി. ഷഹീദ്**
മുൻ അംഗം, സംസ്ഥാന വന്യജീവി ഉപദേശക സമിതി,
മുൻ ചീഫ്, 'മാതൃഭൂമി' കൊച്ചി ബ്യൂറോ

അസി. എഡിറ്റർ
**പ്രഭാത് നായർ**
അസി. ഫോറസ്റ്റ് പബ്ലിസിറ്റി ഓഫീസർ

കണ്ടന്റ് എഡിറ്റർ
**ആർ.എസ്. ശ്രീകുമാർ**

ലേഔട്ട് ഡിസൈനർ
**ഷൈജു കെ.കെ.**

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റെ അഭിപ്രായമായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും.

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
പ്രസിദ്ധീകരണം

forestmediacell@gmail.com
0471 2529144/145

വിഭവങ്ങൾ അയക്കേണ്ട വിലാസം:
**ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ**
വഴുതക്കാട്, തൈക്കാട് പി.ഒ.
തിരുവനന്തപുരം - 695014
ഇമെയിൽ: forestmediacell@gmail.com

**വരിക്കാരാകാൻ:**
അരണ്യത്തിന്റെ വാർഷിക വരിസംഖ്യ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് 500/- രൂപയും പൊതുജനങ്ങൾക്ക് 600/- രൂപയുമാണ്. BH-0406-01-800-89 എന്ന ശീർഷകത്തിൽ e-Treasury മുഖേന തുക അടയ്ക്കാവുന്നതാണ്. ഓൺലൈനായി അടച്ച രസീതിന്റെ പകർപ്പ് forestmediacell@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കണം.



# editorial

പ്രകൃതിയിലെ വൈവിധ്യം എന്നും മനുഷ്യനെ ആകർഷിച്ചിട്ടേയുള്ളൂ. ആദിമ മനുഷ്യൻ ഗുഹാഭിത്തികളിൽ കോറിയിട്ടിരിക്കുന്ന ചിത്രങ്ങൾ (Petroglyph) തന്നെ ഇതിന് ഉദാഹരണമാണ്. സ്ഥിരതാമസം (Settlement) എന്നൊരു രീതിക്ക് നിരക്കാത്ത ദേശങ്ങൾ താണ്ടിയുള്ള അലസഗമനം (Nomadic) എന്ന നിരന്തര യാത്രയിലൂടെയായിരുന്നു അന്നത്തെ മനുഷ്യന്റെ ജീവിതം മുന്നോട്ട് പോയിരുന്നത്. വ്യത്യസ്തമായ കാലദേശങ്ങൾ താണ്ടിയുള്ള സഞ്ചാരത്തിലൂടെ അനുഭവങ്ങളുടെ ഒരു മാഹാസാഗരമായി അവന്റെ മനസ്സ് മാറി.

വിവരവിനിമയ സാങ്കേതിക വിദ്യകൾ ഇല്ലാതിരുന്ന ആ കാലത്ത് മനുഷ്യന്റെ അതിജീവനം കരുപിടിപ്പിച്ചത് യാത്രകളിലൂടെയയിരുന്നു. പ്രകൃതിയേയും അതിലെ ജീവജാലങ്ങളെയും നേരിൽ കണ്ട് മനസ്സിലാക്കുന്നതിനു പുറമേ വിവിധ തരം ആവാസവ്യവസ്ഥകൾ, കാലവസ്ഥാഭേദങ്ങൾ, വിഭവ സമൃദ്ധിയുടെ വൈപുല്ല്യം എന്നിങ്ങനെ വ്യത്യസ്തമായ ചുറ്റുപാടുകളുമായി ഇടപഴകുന്നതിനും വിവിധതരം ഭക്ഷ്യവസ്തുക്കൾ ആഹരിക്കുന്നതിലൂടെ പോഷകഗുണസമൃദ്ധിയുടെ സമ്പന്നത ആസ്വദിക്കുന്നതിനും അവന് സാധ്യമായി. തലമുറകൾ നീണ്ട ആ യാത്രയിലൂടെയാണ് മനുഷ്യൻ സർവ്വവ്യാപിയായതെന്ന് പറയാം. കാലഭേദങ്ങൾക്കനുസരിച്ച് ശാരീരിക പ്രത്യേകതകളും, ആചാരാനുഷ്ഠാനങ്ങളുമൊക്കെ കാലാന്തരേ വന്നുകൂടുകയും ചെയ്തു.

പായ്വഞ്ചിയിലൂടെ കടൽകടന്നുള്ള യാത്രകൾ, ഇണക്കി വളർത്തിയ കുതിര, കഴുത തുടങ്ങിയ മൃഗങ്ങളിലേറി കരയിലൂടെയുള്ള വിദൂരയാത്രകളുമൊക്കെ യാത്രയുടെ പരിണാമ ദശകളാണ്. സാങ്കേതികത വികസിച്ചതോടെ വാഹനങ്ങൾ യാത്രക്ക് മുതൽക്കൂട്ടായി മാറി. കൃഷിയും വ്യവസായവും വികസിപ്പിച്ചതു പോലെ യാത്രയും ക്രമേണ പരിഷ്ക്കാരങ്ങൾക്ക് വേദിയായി, ഒടുവിൽ വിനോദസഞ്ചാരമെന്ന പഥത്തിൽ ഇന്ന് എത്തിനിൽക്കുന്നു.

കേരളത്തിൽ കടൽ, കായൽ, പുഴകൾ, വനങ്ങൾ, പർവ്വതങ്ങൾ എന്നിങ്ങനെ വിഭിന്നങ്ങളായ പ്രകൃതി ദൃശ്യങ്ങൾ നിലവിലുണ്ട്. അവയൊക്കെ കാണുവാനും ആസ്വദിക്കുവാനും ഇന്ന് സഞ്ചാരികൾ യഥേഷ്ടം എത്തുന്നുമുണ്ട്. ഇതിന് ചാരുത പകരുന്ന ഇക്കോടൂറിസം എന്ന പ്രകൃതി സൗഹൃദ സഞ്ചാരത്തിൽ വനം വകുപ്പും കൂടെയുണ്ട്. വനസഞ്ചാരത്തിലൂടെ വനസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഇതിലൂടെ വനം വകുപ്പ് ലക്ഷ്യമിടുന്നത്. യാത്രകൾ അവസാനിക്കുന്നില്ല. കാലങ്ങളും ദേശങ്ങളും താണ്ടി അത് അനുസ്യൂതം തുടരുക തന്നെ ചെയ്യും.

**രാജേഷ് രവീന്ദ്രൻ** ഐ.എഫ്.എസ്.
ചീഫ് എഡിറ്റർ

ലേഖനങ്ങൾ

# ഉൾത്താളുകളിലൂടെ...

യാത്രകൾ
അറിവനുഭവങ്ങളെ
സൃഷ്ടിക്കുന്നു.
അറിവ് ജീവിതത്തെയും...




**8** ഗുഹാമനുഷ്യൻ മുതൽ
## കമാണ്ടർ അഭിലാഷ് ടോമി വരെ
■ ജി. ഷഹീദ്


**11** മഞ്ഞിന്റെ മാസ്മരഭംഗിയാൽ
മനം കവരുന്ന
## നൈനിറ്റാൾ
■ സജീവ് കുമാർ

**14**
## കോർബറ്റ്
ഒരിന്ത്യൻ മസായി മാര
■ പ്രഭു മെൻസ് സാന

**20**
## പാരസോൾ
ആറ്റംബോംബിനെ അതിജീവിച്ച
അത്ഭുത വൃക്ഷം
■ പൗലോസ് എബ്രഹാം

**22**
## ബോലു
സാലിം അലി കണ്ടെത്തിയ
പ്രതിഭാധനൻ
■ ജി. ഷഹീദ്

**27** സ്വർഗ്ഗീയ തടാകത്തിലേക്ക്
## ഒരു യാത്ര
■ ഒ. ജയരാജൻ ഐ.എഫ്.എസ് (റിട്ട.)

ലേഖനങ്ങൾ

32 **ജലാന**
നഗരം കാക്കുന്ന പുലിയിടം
▪ ശബരി ജാനകി

36 **അംബോയും റിസ്കയും**
കാനനത്തിൽ എഴുതിയ സ്നേഹകാവ്യം
▪ അനിൽ ടി പ്രഭാകർ

41 **കാസിരംഗ**
കാടുകളിലെ മരപ്പാലങ്ങൾ കടന്ന്
▪ സാബു മഞ്ഞളി

44 ഓർമ്മകൾ ഇരമ്പുന്ന **തട്ടേക്കാട്**
▪ സായി വിറ്റേക്കർ

നിരീക്ഷണം

46 പശ്ചിമഘട്ടത്തിലെ രത്നപ്പറവയെത്തേടി **ഒരു യാത്ര**
▪ സുജീഷ് പുത്തൻ വീട്ടിൽ



ഇൻഡോനേഷ്യയിലെ മീൻപിടുത്തക്കാരനായ അംബോയും റിസ്ക എന്ന മുതലയും തമ്മിലുള്ള അപൂർവ്വ സ്നേഹബന്ധത്തിന്റെ നേർച്ചിത്രം.

മനുഷ്യജീവിതം അതിന്റെ ശരിയായ അർത്ഥത്തിൽ തുടങ്ങുന്നത് തന്നെ നിശ്ചലാവസ്ഥയിൽ നിന്ന് മനുഷ്യൻ യാത്രചെയ്തു തുടങ്ങിയതിൽപ്പിന്നെയാണ്. ലോകവീക്ഷണം രൂപപ്പെടുത്താനും വൈവിധ്യമാർന്ന അറിവുകൾ വിനിമയം ചെയ്യാനും യാത്രകൾ മനുഷ്യരെ കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്.

വിദൂരസ്ഥലികളിലേക്കുള്ള പ്രയാണം നമ്മെ പ്രചോദിപ്പിച്ചു കൊണ്ടേയിരിക്കുന്നു.



48 വനം വാർത്ത

49 ഫോറസ്ട്രി ക്ലബ്

**തിരുത്ത്**

അരണ്യം ജൂലൈ ലക്കത്തിലെ 'ഭൂദൃശ്യ പരിസ്ഥിതി-ഒരാമുഖം' എന്ന ലേഖനത്തിന്റെ 31–ാം പേജിൽ ചേർത്തിരുന്ന ചിത്രങ്ങളുടെ കടപ്പാട് ഷഫീക്ക് ബഷീർ അഹമ്മദ് എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരുന്നത്. **പ്രഭു മെൻസ് സാന**യാണ് ചിത്രങ്ങൾ പകർത്തിയത്. പിശക് സംഭവിച്ചതിൽ ഖേദിക്കുന്നു.

**എഡിറ്റർ/അരണ്യം**

# യാത്രയും പ്രകൃതിയും

## ഒരു അനുഭവം

വനാന്തരങ്ങളിലൂടെയുള്ള സഞ്ചാരവും താമസവും യാത്രികർക്ക് പുതുമയാർന്ന അനുഭവങ്ങളാണ് പ്രദാനം ചെയ്യുന്നത്. അതിനാൽ കാടിനെയും വന്യജീവജാലങ്ങളെയും സന്ദർശിക്കുവാൻ കിട്ടുന്ന അവസരം ഏവരും ഇഷ്ടപ്പെടുന്നു. മനുഷ്യന്റെ വളർച്ച, വിദ്യാഭ്യാസം, സ്വഭാവരൂപീകരണം എന്നിവയിലൊക്കെ ഈ യാത്രകൾ നിർവ്വഹിക്കുന്ന പങ്കും നിർണ്ണായകമാണ്.

തിരക്കുള്ള ദിനചര്യയിൽ നിന്നും മനസ്സിനും ശരീരത്തിനും വിശ്രമം നൽകുന്നതിനും പുതിയ അറിവുകളും അനുഭവങ്ങളും സമ്പാദിക്കുന്നതിനുമായി യാത്രകൾ സഹായിക്കുന്നു. യാത്രകൾ നമ്മളുടെ ചിന്തകളെയും കാഴ്ചപ്പാടുകളെയും വികസിപ്പിക്കുന്നു. നമ്മൾ കാണുന്ന ഓരോ പുതിയ സ്ഥലവും, കണ്ടുമുട്ടുന്ന ഓരോ പുതിയ വ്യക്തിയും നമ്മുടെ ലോകബോധത്തെ വിപുലമാക്കുന്നു. നഗരങ്ങളിലെ തിരക്കേറിയ ജീവിതത്തിൽനിന്ന് മാറി പ്രകൃതിയുടെ ശാന്തതയിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ ലഭിക്കുന്ന അനുഭവം പറഞ്ഞറിയിക്കാനാവില്ല. കാടിന്റെ മൗനവും, പുഴയുടെ ഒഴുക്കും, കടലിന്റെ തിരമാലകളും മനസ്സിന് ശാന്തി നൽകുന്നു.

യാത്രകൾ സ്വയം കണ്ടെത്താനുള്ള ഒരവസരം കൂടിയാണ്. തിരക്കിട്ട ജീവിതത്തിൽ നമ്മൾ പലപ്പോഴും നമ്മളെത്തന്നെ മറന്നുപോകുന്നു. എന്നാൽ യാത്രകളിൽ നമ്മൾ നമ്മളോടൊപ്പം കൂടുതൽ സമയം ചെലവഴിക്കുന്നു. നമ്മുടെ ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും തിരിച്ചറിയുന്നു. ഭാവിയെക്കുറിച്ച് ചിന്തിക്കുന്നു. യാത്രകൾ നൽകുന്ന ആ സ്വാതന്ത്ര്യം നമ്മെ കൂടുതൽ ഊർജ്ജസ്വലരാക്കുന്നു. വിവിധ സംസ്കാരങ്ങളെയും ജീവിതരീതികളെയും അടുത്തറിയുമ്പോൾ നമ്മളിലെ മുൻധാരണകൾ പൊളിഞ്ഞുവീഴുന്നു. ഭക്ഷണരീതികൾ, വസ്ത്രധാരണങ്ങൾ, ഭാഷകൾ എന്നിവയിലെ വൈവിധ്യം നമ്മെ അമ്പരപ്പിക്കുന്നു.

യാത്രക്കാരൻ ഒരു വിനോദസഞ്ചാരിയോ, ഗവേഷകനോ, സാഹസികനോ ആകട്ടെ, വനം അവർക്കെല്ലാം പുതുമയാണ്. പക്ഷിനിരീക്ഷണവും, ട്രെക്കിംഗും, ബാംബു റാഫ്റ്റിംഗും, ക്യാമ്പിംഗും പ്രകൃതിയെ അടുത്തറിയാനുള്ള വഴികളാണ്.





**എ.കെ. ശശീന്ദ്രൻ**
വനം-വന്യജീവി വകുപ്പുമന്ത്രി

കേരളത്തിന്റെ മണ്ണിൽ, യാത്രയ്ക്ക് ഒരിക്കലും തീരാത്ത അവസരങ്ങളാണ് പ്രകൃതി നമുക്കൊരുക്കുന്നത്. പശ്ചിമഘട്ടത്തിന്റെ പ്രകൃതി

> യാത്രകൾ നൽകുന്ന സ്വാതന്ത്ര്യം നമ്മെ കൂടുതൽ ഊർജ്ജസ്വലരാക്കുന്നു. വിവിധ സംസ്കാരങ്ങളെയും ജീവിതരീതികളെയും അടുത്തറിയുമ്പോൾ നമ്മളിലെ മുൻധാരണകൾ പൊളിഞ്ഞുവീഴുന്നു.

ഭംഗിയും പ്രത്യേകതകളും കാണുവാനും ആസ്വദിക്കുവാനുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി സഞ്ചാരികൾ യഥേഷ്ടം ഇവിടെ എത്തുന്നുണ്ട്. വനം കേരളത്തിന്റെ സമ്പത്ത് മാത്രമല്ല, നമ്മുടെ സംസ്കാരത്തിന്റെ ഭാഗവുമാണ്.

യാത്ര നമ്മെ പഠിപ്പിക്കുന്ന വലിയൊരു പാഠമുണ്ട്- മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്, അതിനോട് പൊരുത്തപ്പെടുമ്പോഴാണ് യഥാർത്ഥ സന്തോഷം കണ്ടെത്തുവാൻ കഴിയുന്നത്.

നമ്മുടെ യാത്രകൾ പ്രകൃതിയോടുള്ള കടപ്പാട് നിറഞ്ഞതായിരിക്കട്ടെ. നമ്മുടെ വനങ്ങൾ ഭാവി തലമുറയ്ക്കായി സംരക്ഷിക്കപ്പെടേണ്ടതാണ്. യാത്ര, ആ സംരക്ഷണത്തിന്റെ ആദ്യപടിയാണ്. ▪





# ഗുഹാമനുഷ്യൻ മുതൽ കമാണ്ടർ അഭിലാഷ് ടോമി വരെ





**ജി. ഷഹീദ്**
മുൻ അംഗം, സംസ്ഥാന വന്യജീവി ഉപദേശക സമിതി,
മുൻ ചീഫ്, 'മാതൃഭൂമി' കൊച്ചി ബ്യൂറോ

ഗുഹാമനുഷ്യനാണ് സാഹസികതയുടെ ചക്രവാളങ്ങൾ ആദ്യം സൃഷ്ടിച്ചത്. ഭയാനകവും അപരിചിതവുമായ കാട്ടുപാതകളും മലനിരകളും പിന്നിട്ട് പുതിയ മേച്ചിൽ സ്ഥലങ്ങളിലേക്ക് അവൻ കുടിയേറി. ചരിത്രത്തിലെ ആദ്യയാത്ര അതായിരുന്നു. യാത്രാവിവരണങ്ങൾ ഇല്ലെന്ന് മാത്രം. യുഗങ്ങൾ കഴിഞ്ഞപ്പോൾ മനുഷ്യൻ ഭൂഖണ്ഡങ്ങൾ പിന്നിട്ടു. അതീവ സാഹസികമായ സമുദ്രയാത്രകൾ നടത്തി പിൻതലമുറക്കാരെ വിസ്മയിപ്പിക്കുകയും ചെയ്തു.

സുഗന്ധദ്രവ്യങ്ങൾ തേടി അറബികളും റോമക്കാരും ഗ്രീക്കുകാരും കേരളത്തിൽ എത്തി. അജ്ഞാതമായ സമുദ്രവഴികൾ എങ്ങനെ കണ്ടെത്തിയെന്നത് ഇന്നും നിഗൂഢമാണ്. നക്ഷത്രങ്ങളെയും കാറ്റിനെയും ആശ്രയിച്ചായിരുന്നു കപ്പൽ യാത്രകൾ. പോർച്ചുഗീസ് സാഹസികനായ വാസ്കോഡഗാമ 1498 ൽ കോഴിക്കോട് എത്തിയപ്പോൾ അത് പുതിയൊരു ചരിത്രത്തിന്റെ പിറവി കുറിച്ചു.

> **ധീരസാഹസികരുടെ യാത്ര അനുഭവങ്ങൾ ലോകമെങ്ങുമുള്ളവരെ കോരിത്തരിപ്പിക്കുന്നു. സഞ്ചാരസാഹിത്യം അങ്ങനെ വലിയൊരു സാഹിത്യശാഖയായി വളർന്നു.**

അതിന് വർഷങ്ങൾക്ക് മുമ്പ് എട്ടാം നൂറ്റാണ്ടിലാണ് ശങ്കരാചാര്യർ ഹിമാലയൻ യാത്ര നടത്തുന്നത്. നടപ്പാതകൾ പോലുമില്ലാതെ മഞ്ഞുമൂടിക്കിടക്കുന്ന താഴ്‌വരകൾ കാൽനടയായി പിന്നിട്ട് ശങ്കരാചാര്യർ അത്യുന്നതങ്ങളിലെ കേദാർനാഥ് ക്ഷേത്രം വരെ എത്തി.

മലയാളിയായ പാറേമ്മാക്കൽ തോമാക്കത്തനാരുടെ റോമ യാത്ര പൂർത്തിയാക്കാൻ എട്ട് വർഷം വേണ്ടി വന്നു. അദ്ദേഹത്തിന്റെ യാത്രാവിവരണ ഗ്രന്ഥമാണ് മലയാളത്തിൽ ആദ്യത്തേത്. 1785 ലെ വിഖ്യാതമായ വിദേശയാത്രയായിരുന്നു അത്. മുൻ കൊച്ചി രാജാവ് വീരകേരളവർമ്മയുടെ കാശിയാത്രയും പ്രസിദ്ധമാണ് (1852). എന്നാൽ ഇവരിൽ നിന്നെല്ലാം വ്യത്യസ്ഥമായ ലോകയാത്രയാണ് ശിവപുരി ബാബ എന്ന കുന്നംകുളം അക്കിക്കാവ് സ്വദേശി ഗോവിന്ദാനന്ദ ഭാരതി നടത്തിയത്. ഇന്ത്യ ചുറ്റിയ അദ്ദേഹം യൂറോപ്പിലും അമേരിക്കയിലും സഞ്ചരിച്ചു. നിരവധി പ്രധാന വ്യക്തികളെയും നേതാക്കളെയും നേരിട്ട് കണ്ടു. കാൽനടയായി നാൽപ്പത് വർഷം നീണ്ട ഒരു യാത്രയായിരുന്നു അത്.

യുഗങ്ങൾ കഴിഞ്ഞപ്പോൾ യാത്രയുടെ ചരിത്രം വീണ്ടും മാറി. ഇന്ന് നാം രണ്ട് സാഹസി



കരെ ആരാധിക്കുന്നു. ഒരു ബോട്ടിൽ കാറ്റിന്റെ ഗതി നോക്കി അഞ്ച്മാസം തനിയെ ലോകം ചുറ്റിയ സമുദ്രയാത്ര നടത്തിയ ആലപ്പുഴ സ്വദേശി കമാണ്ടർ അഭിലാഷ് ടോമിയാണത്. അങ്ങനെ ചരിത്രപരുഷനായി അദ്ദേഹം മാറി. അതുപോലെ എവറസ്റ്റ് കൊടുമുടി കീഴടക്കിയ ആദ്യത്തെ മലയാളി വനിതയാണ് സഫ്രീന ലത്തീഫ്. സാഹസിക യാത്രയുടെ ഏറ്റവും ഒടുവിലത്തെ കണ്ണികളാണ് ഇരുവരും. ഇപ്പോൾ കേരളത്തിൽ നിന്ന് യൂറോപ്പിലേക്ക് ടൂറിസ്റ്റുകൾ പ്രവഹിച്ച് അന്റാർട്ടിക്ക വരെ എത്തുന്നു.

ഇനി വീണ്ടും ചരിത്രത്തിന്റെ നൂറ്റാണ്ടുകൾ പഴക്കമുള്ള താളുകളിലേക്ക് പോകാം. പ്രാചീന കാലത്ത് അതീവസാഹസികമായി മെഗസ്റ്റനീസും ഇബ്നുബത്തൂത്തയും ഫാഹിയാനും ഹുയാങ്സാനും മാർക്കോപോളോയും മറ്റ് നിരവധി സാഹസികരും ഇന്ത്യയിൽ കാലുകുത്തി. അതിന് ശേഷം ചങ്ങാടങ്ങളിൽ കയറി തെക്കേ അമേരിക്കയിലെ പെറുവിൽ നിന്നും പസഫിക് സമുദ്രത്തിലെ പോളിനേഷ്യൻ ദ്വീപുകളിൽ ഗോത്രവർഗ്ഗക്കാർ എത്തിയതും (കോൺടിക്കി യാത്ര) ചരിത്രത്തിന്റെ ഭാഗം.

ലോകം ചുറ്റിയ നാവികനായ മഗല്ലൻ ആദ്യത്തെ സമുദ്രസാഹസികനായിരുന്നു. തുടർന്ന് നിരവധി സാഹസികരെ ലോകം സൃഷ്ടിച്ചു. കൊളംബസും വാസ്കോഡഗാമയും ക്യാപ്റ്റൻകുക്കും വാൾട്ടർ റാലിയും ഡ്രേക്കും ബർത്തലോമിയ ഡയസും ഉദാഹരണം.

ഏറ്റവും ഒടുവിലായി ഐതിഹാസികമായ സമുദ്രയാത്ര നടത്തിയത് മലയാളിയും ഇന്ത്യൻ നാവിക സേനയിൽ കമാണ്ടറുമായ അഭിലാഷ് ടോമിയാണ്. ഒരു ചെറിയ ബോട്ടിൽ ഏഴ് സമുദ്രങ്ങളും തനിയെ ചുറ്റി അഞ്ച് മാസങ്ങൾ കൊണ്ട് ലോകത്തെ വിസ്മയിപ്പിച്ച ആലപ്പുഴ സ്വദേശിയായ കമാണ്ടർ അഭിലാഷ് ടോമി അതീവ സാഹസികതയുടെ മുഖമുദ്രയാണ്.

ഈ ധീരസാഹസികരുടെ യാത്ര അനുഭവങ്ങൾ ലോകമെങ്ങുമുള്ളവരെ കോരിത്തരിപ്പിക്കുന്നു. സഞ്ചാരസാഹിത്യം അങ്ങനെ വലിയൊരു സാഹിത്യശാഖയായി വളർന്നു. പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ചാൾസ് ഡാർവിന് ഗുരുതുല്യനായ ജർമ്മൻ ശാസ്ത്രജ്ഞൻ അലക്സാണ്ടർ ഫൊൺ ഹംബോൾട്ടിന്റെ സാഹസിക സഞ്ചാര കുറിപ്പുകൾ ആധുനിക ലോകത്തിന്റെ അനശ്വരമായ സംഭാവനയാണ്.

ഈ യാത്രാനുഭവങ്ങൾ ലോകത്തിലെ കനത്ത മുതൽക്കൂട്ടുകളായി നിലകൊള്ളുന്നു. സഞ്ചാരസാഹിത്യകാരന്മാർ കൂടുതലായുള്ളത് നോർവെയിലും ഐസ്‌ലണ്ടിലും ജർമ്മനിയിലും അമേരിക്കയിലും ബ്രിട്ടനിലുമാണ്. അതിൽ മുൻനിരയിൽ നിൽക്കുന്നവരാണ്:

ഡെർവിയ മർഫി, പോൾ തെറോക്സ്, നിക്ക് ഡാൻസിഗർ, പാട്രിക് ഫെർമർ, ജാൻ മോറിസ്, സൈമൺ വിൻചെസ്റ്റർ, ബിൽ ബ്രൈസൺ, വില്യം ഡാൽറിംപിൾ, ബ്രൂസ് ചാറ്റ്‌വിൻ, റസ്കിൻ ബോണ്ട്, സ്റ്റീഫർ ആർട്ടർ എന്നിവർ.

പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ഡാർവിന്റെ സമകാലികനായിരുന്ന ആൽഫ്രഡ് റസൽവാലസ് ഇംഗ്ലണ്ടിൽ നിന്ന് തിരിച്ച് മലേഷ്യയിലും ഇൻഡോനേഷ്യയിലും പസഫിക്കിലെ പപ്പുന്യൂഗിനി ദ്വീപുകളിലുമെത്തി പറുദീസ പക്ഷികളുടെ സൗന്ദര്യം ആസ്വദിച്ച് എഴുതിയ കുറിപ്പുകൾ അമൂല്യങ്ങളാണ്. ഇങ്ങനെ എണ്ണിയാൽ തീരാത്ത യാത്രാനുഭവങ്ങൾ കൊണ്ട് നിറഞ്ഞതാണ് ലോകചരിത്രം. ഇതിൽ അലക്സാണ്ടറുടെയും ചെങ്കിസ്ഖാന്റെയും സാഹസിക യാത്രകൾക്ക് സമാനമായവ ചുരുങ്ങും. മംഗോളിയയിൽ നിന്നും പുറപ്പെട്ട് മലനിരകളും നദിയും സമുദ്രങ്ങളും മഞ്ഞിന്റെ സമുദ്രങ്ങളും താണ്ടി യൂറോപ്പിലെ ഹംഗറിയിൽ വരെ ചെങ്കിസ്ഖാൻ അനുയായികളുമായി അണിനിരന്നു. അലക്സാണ്ടർ ചക്രവർത്തിയുടെ യാത്രകൾ മറ്റൊരു പ്രതിഭാസമാണ്.


കോഴിക്കോട് സ്വദേശിയായ എസ്.കെ. പൊറ്റെക്കാടിന്റെ സഞ്ചാരകുറിപ്പുകൾ എക്കാലവും മലയാളികളെ വിസ്മയിപ്പിക്കുന്ന ഒന്നാണ്. ആഫ്രിക്കൻ ഭൂഖണ്ഡത്തിലും പാതിരാസൂര്യന്റെ നാടായ നോർവെയിലും ഉദയസൂര്യന്റെ നാടായ ജപ്പാനിലും അദ്ദേഹം പര്യടനം നടത്തിയത് വളരെ പരിമിതമായ സൗകര്യങ്ങളോടെ മാത്രമായിരുന്നു. മലയാള മണ്ണിനെ കോരിത്തരിപ്പിക്കുന്ന യാത്രാവിവരണങ്ങൾ എഴുതി അതിൽ കേരളത്തിന്റെ ഹൃദയത്തുടിപ്പുകൾ പോലെയാണ് ബാലി ദ്വീപ് യാത്ര. എസ്.കെ. പൊറ്റെക്കാട് പിന്നിട്ട ആഫ്രിക്കൻ പാതകളിലൂടെ പ്രശസ്ത എഴുത്തുകാരൻ സക്കറിയയും നടന്നു.

ശാസ്ത്രീയ പഠനയാത്രകൾ ഇവിടെ കേട്ടുകേൾവിയില്ലാത്ത കാലത്താണ് പക്ഷി മനുഷ്യനായ ഡോ. സാലിം അലി 1933 ൽ കേരളത്തിൽ എത്തിയത്. തിരുവിതാംകൂർ പക്ഷി സർവ്വേയുടെ ഭാഗമായി. പിന്നീട് ആറ് പ്രാവശ്യം അദ്ദേഹം കേരളത്തിൽ എത്തി. മാക്കാച്ചിക്കാട എന്ന പക്ഷിയെ അദ്ദേഹത്തിന് കാണാൻ കഴിഞ്ഞില്ല. വംശനാശം നേരിട്ടുവെന്ന് കരുതി. എന്നാൽ ശിഷ്യനായ പെരുമ്പാവൂർ സ്വദേശി ഡോ. ആർ. സുഗതനോട് പക്ഷിയെ തേടാൻ പറഞ്ഞു. 1977 ൻ പശ്ചിമഘട്ടം ഒന്നരവർഷം കാൽനടയായി പിന്നിട്ട സുഗതൻ സൈലന്റ് വാലിയിൽ മാക്കാച്ചിക്കാടയെ കണ്ടെത്തിയത് ഉജ്ജ്വലമായ ചരിത്രം തുടിക്കുന്ന യാത്രയാണ്.


ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് മലയാളികൾ യാത്ര ചെയ്യുന്നു. യാത്രയിൽ പുതിയ അറിവുകൾ സൃഷ്ടിക്കപ്പെടുന്നു.


വരയാട് സംരക്ഷണത്തിനായി ഊട്ടിയിലെ അഡ്വക്കേറ്റായ ഇ.ആർ.സി. ദേവിദാർ എഴുതിയ കുറിപ്പുകളാണ് അമേരിക്കൻ വന്യജീവി ശാസ്ത്രജ്ഞനായ ജോർജ്ജ് ഷാലറെ ഇന്ത്യയിൽ എത്താൻ പ്രേരിപ്പിച്ചത്. അദ്ദേഹം മൂന്നാറിലും ഊട്ടിയിലും കൂനൂരിലും യാത്ര ചെയ്ത് വരയാടുകളെ നിരീക്ഷിച്ച് കുറിപ്പുകൾ എഴുതി. മധ്യപ്രദേശിലെ കാലെ കടുവകളെയും പഠന വിധേയമാക്കി.

ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് മലയാളികൾ യാത്ര ചെയ്യുന്നു. യാത്രയിൽ പുതിയ അറിവുകൾ സൃഷ്ടിക്കപ്പെടുന്നു. ശാസ്ത്രജ്ഞരായ യാത്രികരുടെ അനുഭവക്കുറിപ്പുകളും പ്രധാനശാഖയാണ്. ▪


മെഗസ്തനീസ്



ഇബ്നു ബത്തൂത്ത


ഫാഹിയാൻ


ഹുയാങ്സാൻ


എസ്.കെ.പൊറ്റെക്കാട്ട്


മാർക്കോപോളോ


മഗല്ലൻ


കൊളംബസ്


വാസ്കോഡഗാമ



സഫ്രീന ലത്തീഫ്


അഭിലാഷ് ടോമി


2012-13 ൽ 'മാദേയ്' പായ്‌വഞ്ചിയിലെ ലോകസഞ്ചാരത്തിൽ (അഭിലാഷ് ടോമി എക്സിൽ പങ്കുവെച്ച ചിത്രം)



# മഞ്ഞിന്റെ മാസ്മരഭംഗിയാൽ മനം കവരുന്ന നൈനിറ്റാൾ

**സജീവ് കുമാർ**
ഫ്രീലാൻസ് എഴുത്തുകാരൻ


ഉത്തരാഖണ്ഡിലുള്ള നൈനിറ്റാളിലേക്കായിരുന്നു ഇത്തവണ എന്റെ യാത്ര. ഇന്ത്യൻ ചരിത്രത്തിലെ അനശ്വരമായ അധ്യായമാണ് നൈനിറ്റാൾ സമ്മാനിക്കുന്നത്. സ്വാതന്ത്ര്യ സമരകാലത്ത് ജവഹർലാൽ നെഹ്റുവിനെ ബ്രിട്ടീഷുകാർ തടവിലാക്കിയത് നൈനിറ്റാളിലെ ജയിലിലാണ്. അവിടെ കിടന്നാണ് അദ്ദേഹം മകൾ ഇന്ദിരാഗാന്ധിക്ക് നിരവധി എഴുത്തുകൾ എഴുതിയത്. നരഭോജികളായ കടുവുകളെ വേട്ടയാടിയ ജിംകോർബറ്റിന്റെ നാട് കൂടിയാണ് നൈനിറ്റാൾ. അദ്ദേഹം എഴുതിയ 'കുമാവോണിലെ നരഭോജികൾ' പ്രസിദ്ധമായ ഗ്രന്ഥമാണ്.

നൈനിറ്റാൾ വിനോദസഞ്ചാര കേന്ദ്രം ഹിമാലയ പർവ്വതനിരകളാൽ ചുറ്റപ്പെട്ട് കിടക്കുന്നു. സഞ്ചാരികളുടെ മനംകവരുന്ന ടൂറിസ്റ്റ് കേന്ദ്രമാണ് നൈനിറ്റാൾ. എം.ടി.യുടെ 'മഞ്ഞ്' നൈനിറ്റാളിനെ പശ്ചാത്തലമാക്കി എഴുതിയതാണ്.

കാത്ഗോഡയാണ് നൈനിറ്റാളിന്റെ ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ. ഡൽഹിയിൽ നിന്നും ട്രെയിൻ മാർഗ്ഗം ഇവിടെ എത്താം. ബസ്

സർവ്വീസുകളും നിരവധി. റെയിൽവേ സ്റ്റേഷനിൽ നിന്ന് 40 കിലോമീറ്റർ അകലെയാണ് നൈനിറ്റാൾ. റോഡ് മാർഗ്ഗമാണെങ്കിൽ ഡൽഹിയിൽ നിന്ന് ഏഴ് മണിക്കൂർ വേണം ഇവിടെയെത്താൻ.

നൈനിറ്റാൾ പട്ടണം കുയോണിലാണ്. ആദ്യം കാണുമ്പോൾ തടാകം ആരേയും ഭ്രമിപ്പിക്കും. കാൽപ്പനിക സൗന്ദര്യത്തിന്റെ പ്രതീകം. പ്രകൃതി സ്നേഹികളായ ഹിന്ദി കവികളാണ് ആദ്യമായി തടാകത്തിന്റെ സൗന്ദര്യ ശിൽപ്പങ്ങൾ വർണ്ണിച്ച് കവിതകൾ എഴുതിയത്. പട്ടണത്തിന്റെ ജീവിത രേഖയാണ് മാൾ റോഡ്. ദൃശ്യഭംഗി പകരുന്ന തടാകത്തിന്റെ സമീപത്തായി നിരവധി കടകളും ഭക്ഷണശാലകളും കാണാം.

യാത്ര ചെയ്ത് തടാകത്തിന്റെ വടക്കെ അറ്റത്ത് എത്തി. അവിടെ നൈനാദേവി ക്ഷേത്രമുണ്ട്. കവാടത്തിൽ വലിയൊരു മണി കാണാം. ക്ഷേത്രത്തിന് സമീപത്ത് നിന്നും യാത്രാ വഞ്ചികളിൽ തടാകത്തിലൂടെയുള്ള യാത്ര അവിസ്മരണീയമാണ്. വഞ്ചി യാത്രയ്ക്ക് ശേഷം റോപ്പ്വേയിൽ കയറി കുന്നിന് മുകളിലേക്ക് പോയി. മുകളിൽ കടകളും ക്ഷേത്രവുമുണ്ട്. നൈനിറ്റാൾ എത്തുന്നതിന് ഇരുപതു കിലോമീറ്റർ മുൻപാണ് ഭീംതൽ തടാകം. അവിടെയും ബോട്ട് യാത്രയ്ക്ക് സൗകര്യമുണ്ട്. കൈലാസ്-മാനസസരോവർ യാത്രയുടെ ഉത്തരാഖണ്ഡ് ബേസ് ക്യാമ്പായ ധർചൂളയ്ക്ക് ഇവിടെ നിന്നും 270 കിലോമീറ്റർ ദൂരമുണ്ട്. ആൽമോട വരെ മാത്രമേ വാഹന സൗകര്യമുള്ളു. ഈ വഴിയിലാണ് മുക്തേശ്വർ ക്ഷേത്രം.

ജിം കോർബറ്റ് കടുവ സങ്കേതത്തിൽ എത്താൻ നൈനിറ്റാളിൽ നിന്ന് മൂന്ന് മണിക്കൂർ സഞ്ചരിക്കണം. വഴിയിൽ സീത ഖനി കാണാം. ഭൂമി പിളർന്ന് സീത അപ്രത്യക്ഷമായത് ഇവിടെയാണെന്നാണ് സങ്കൽപ്പം.

നൈനിറ്റാൾ നഗരം 'സപ്ത ശൃംഗത്തിന്റെ' വലയത്തിലാണ്. ഏഴ് മല നിരകളാണ് നഗരത്തെ ഹൃദയഹാരിയാക്കുന്നത്. നഗരത്തിന് അവാച്യമായ ദൃശ്യഭംഗി പകരുന്നത് ഈ മലനിരകളിലാണ്. ബ്രിട്ടീഷ് ഭരണകാലത്ത് ഭരണാധികാരികൾ വേനൽകാലം ആസ്വദിച്ചത് നൈനിറ്റാളിലായിരുന്നു. നൈനിറ്റാളും ഡെറാഡൂണും മസൂറിയും പ്രമുഖ എഴുത്തുകാരായ റസ്കിൻ ബോണ്ടിന്റെയും സ്റ്റീഫൻ ആൾട്ടറിന്റെയും രചനകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ബ്രിട്ടീഷ് കാലത്തെ നായാട്ടുകാരുടെയും ഒട്ടേറെ വനംവകുപ്പ് ഉദ്യോഗസ്ഥരുടെയും കുറിപ്പുകളിൽ നൈനിറ്റാളിന് വലിയ സ്ഥാനമുണ്ട്. എന്നാൽ നഗരത്തെ അനശ്വരമാക്കിയത് ജിം കോർബറ്റിന്റെ പുസ്തകങ്ങളാണ്.

മനുഷ്യവാസമില്ലാത്ത വനങ്ങൾ മാത്രം തിങ്ങി നിറഞ്ഞു നിന്നിരുന്ന ഈ പ്രദേശത്ത് പൂർണ്ണ വെളിച്ചം പകർന്നത് ബ്രിട്ടീഷ് ഭരണാധികാരികൾ ആയിരുന്നു. അവർ നടപ്പാതകൾ നിർമ്മിച്ച് മനുഷ്യർക്ക് നടക്കാൻ കഴിയുന്ന മാർഗ്ഗങ്ങൾ സൃഷ്ടിച്ചു. അതോടെയാണ് ആൾത്താമസത്തിന് വഴിയൊരുക്കിയത്. ക്രമേണ താമസ



നൈനാ ദേവി ക്ഷേത്രം



നൈനിറ്റാളിലെ ജിം കോർബറ്റ് മ്യൂസിയം



ക്കാരെത്തി. ഗ്രാമങ്ങളായി വികസനവും എത്തി. ജെ.എം. ക്ലേ യുടെ പുസ്തകത്തെ ആധാരമാക്കി യാണ് ഗിരിരാജ്ഷാ നൈനിറ്റാളിന്റെ പ്രകൃതിഭംഗിയെ പ്രകീർത്തിച്ച് പുസ്തകം എഴുതിയത്. കൈലാസ് പാണ്ഡെ ഹിന്ദിയിൽ എഴുതിയ ഗ്രന്ഥത്തിനും ജനപ്രീതി നേടാൻ കഴിഞ്ഞു. റുഡ്യാർഡ് ക്ലിപ്പിങും നൈനിറ്റാളിന്റെ ആകർ ഷണവലയത്തിൽപ്പെട്ട് എഴുതി. വിദേശികളുടെ സഞ്ചാരക്കുറിപ്പു കളിൽ എം.ടി.യുടെ 'മഞ്ഞിനും' സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. നിരവധി ഹിന്ദി ചിത്രങ്ങൾ ഇവിടെ ചിത്രീകരിച്ചിട്ടുണ്ട്.

ജനങ്ങളിൽ പ്രകൃതി സംരക്ഷ ണത്തിനുള്ള ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കാൻ നൈനിറ്റാളിൽ വനം വകുപ്പിന് നിരവധി പദ്ധതികൾ ഉണ്ട്, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി ട്രക്കിങ് പരിപാടികളും ക്യാമ്പുകളുണ്ട്. തടാകം സംരക്ഷിക്കാനുള്ള ഫലപ്രദമായ പദ്ധതികളാ ണുള്ളത്. അത് ശ്രദ്ധിക്കാൻ പ്രത്യേകം പരിശീലി പ്പിക്കപ്പെട്ട ടൂറിസ്റ്റ് പോലീസുണ്ട്.

**നൈനിറ്റാളിനെ അനശ്വരമാക്കിയത് ജിം കോർബറ്റിന്റെ പുസ്തകങ്ങളാണ്.**

പ്രകൃതിയെക്കുറിച്ച് അറിവ് നൽകുന്ന നേച്ചർ ക്യാമ്പുകൾ ഹൈസ്കൂൾ തലത്തിൽ തന്നെ നടപ്പിലാക്കിയിട്ടുണ്ട്. മികച്ച ഒരു വനം-പ്രകൃതി മ്യൂസിയം ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. വൈവിധ്യമാർന്ന ജൈവസമ്പത്തിനെ കുറിച്ചുള്ള വിവരണങ്ങൾ ഉൾപ്പെട്ടതാണ് മ്യൂസിയം. ഭീംതാലിൽ പ്രകൃതി സ്നേഹിയായ പീറ്റർ നടത്തുന്ന ചിത്രശലഭപാർക്കും ടൂറിസ്റ്റുകളെ ആകർഷിക്കുന്നു. ഓർമ്മച്ചെപ്പിൽ എക്കാലവും മറക്കാത്ത ഒരു പിടി സ്മരണകളുമായി നൈനിറ്റാൾ യാത്ര നിറഞ്ഞു നിൽക്കുന്നു. ▪





# കോർബറ്റ്
## ഒരിന്ത്യൻ മസായി മാര

**പ്രഭു മെൻസ് സാന**
അസി. ഫോറസ്റ്റ് കൺസർവേറ്റർ,
കേരള വനം വകുപ്പ്

കടുവയുള്ള കാട് പൂർണ്ണ ആരോഗ്യമുള്ള കാടാണെന്ന് പറയാം. ബ്രിട്ടീഷ് കോളോണിയൽ നായാട്ട് വലിയൊരു ലഹരിയായി പടരുന്നതിന് മുൻപ് അരലക്ഷത്തോളം കടുവകൾ വിഹരിച്ചിരുന്ന വനപ്രദേശമുണ്ടായിരുന്ന രാജ്യമായിരുന്നു ഇന്ത്യ. നിലവിൽ 95% വും നഷ്ടപ്പെട്ട് നാലായിരത്തിൽ താഴെ മാത്രമായി അവ എണ്ണപ്പെട്ടിരിക്കുന്നു. ഇന്ന് 54 കടുവാസങ്കേതങ്ങളുള്ള രാജ്യമാണ് ഇന്ത്യ. കടുവയോളം പ്രാധാന്യം നൽകി വരുന്ന മറ്റൊരു വന്യജീവിയും ഇന്ത്യയിലില്ല.

കടുവാ സംരക്ഷണം മുൻനിർത്തി ഏഷ്യയിൽത്തന്നെ ആദ്യം രൂപംകൊണ്ട ദേശീയോദ്യാനമാണ് ജിം കോർബറ്റ്. 'ഹെയിലി' എന്ന പേരിൽ 1936 ൽ ആരംഭിച്ച ഈ ദേശീയോദ്യാനത്തിലെ 40% കാടുകളും 'തെക്കിന്റെ' തേക്കിന് സമാനമായ വടക്കൻ' സാൽ വൃക്ഷങ്ങളാൽ നിബിഡമാണ്. സോനാ-രാംഗംഗ നദികൾ തീർക്കുന്ന വിശാലമായ ജലാശയങ്ങൾ, പ്രളയത്തിൽ വാർത്തെടുക്കുന്ന താൽക്കാലിക പുൽമേടുകൾ, ഇലപൊഴിയുന്ന കാടുകൾ ഇവയെല്ലാം ദേശീയോദ്യാനത്തിന്റെ വൈവിധ്യങ്ങളായ ആവാസവ്യവസ്ഥയെ മനോഹരമായി രൂപപ്പെടുത്തിയിരിക്കുന്നു. കോർബറ്റ് ദേശീയോദ്യാനത്തിൽ സഫാരികൾ വിവിധ സോണുകളായി തിരിച്ചു പരിമിതപ്പെടുത്തിയിരിക്കുന്നു. ബിജരാനി, ജീർണ്ണാ, ധിക്കാല, ധേല, ഗർജിയ തുടങ്ങി എട്ടോളം പ്രവശ്യകളിൽ സ്റ്റാർ, കോർബറ്റിന്റെ ഹൃദയമായ ധിക്കാല തന്നെ. കടുവകളെയും ആനകളെയും മനോഹരമായ ഭൂപ്രദേശത്തിന്റെ പശ്ചാത്തലത്തിൽ കാണാനും ചിത്രങ്ങളെടുക്കാനും കൂടുതൽ സാധ്യതയുള്ള ധിക്കാല, വന്യജീവി ഫോട്ടോഗ്രാഫിയെ മൂന്നാം കണ്ണാക്കുന്ന ഏതൊരാളും ഒരു തവണയെങ്കിലും സന്ദർശിക്കാൻ കൊതിക്കുന്ന സ്വർഗ്ഗമാണ് ശരിക്കും ഒരു ഇന്ത്യൻ മസായി മാര!!

ഡൽഹിയിൽ നിന്നുള്ള ട്രെയിൻ പുലർച്ചെ നാലുമണിയോടെ ഷിവാലിക് മലനിരകളുടെ താഴ്‌വാരത്തെ 'കൊഹ്' (KHOH) നദിക്കരയിലുള്ള കോട്ട്ദ്വാർ റെയിൽവേ സ്റ്റേഷനെത്തി. ഷിവാലിക് മലനിരകളുടെ അടിവാരത്തിലുള്ള പ്രധാനപ്പെട്ട പട്ടണമായ കോട്ട്ദ്വാർ, ഉത്തർപ്രദേശിൽ നിന്നും ഉത്തരാഖണ്ഡിലേയ്ക്കുള്ള പ്രധാന പ്രവേശന കവാടങ്ങളിൽ ഒന്നാണ്. കൊടിദ്വാർ റെയിൽവേ സ്റ്റേഷനിൽ നിന്നും 40 കിലോ മീറ്റർ യാത്രയിൽ എത്താവുന്ന സോനാനദി വന്യജീവി



സങ്കേതത്തിലെ ''ഹാൽദുപറാവോ' ഫോറസ്റ്റ് റസ്റ്റ് ഹൗസ് (FRH) ആയിരുന്നു വനവാസത്തിനായുള്ള ആദ്യത്തെ ലക്ഷ്യസ്ഥാനം. കാലാഗർ കടുവാസാങ്കേതത്തിന്റെ ഭാഗമായി വരുന്ന ഒരു സങ്കേതമാണ് സോനാനദി. ഈ വന്യജീവി സങ്കേതം 1991 ലാണ് കോർബറ്റ് ദേശീയോദ്യാനത്തിന്റെ ഭാഗമാകുന്നത്.

ഉച്ചയോടെ ഞങ്ങൾ ഹാൽദുപറാവോ FRH എത്തി. 1890 മോഡൽ ബ്രിട്ടീഷ് നിർമ്മിതി. മുറ്റത്ത് പടർന്നു പന്തലിച്ച വലിയൊരു പേരാൽ മരം. താഴെ വിശാലമായി ഒഴുകുന്ന പാലായിൻ നദിയിലേക്ക് കണ്ണ് നട്ടിരിക്കാൻ ഒരു ചെറുവാച്ച് ടവറുണ്ട്. ഇലപൊഴിയുന്ന നേരങ്ങളിൽ മഞ്ഞ പുതച്ച വൃക്ഷമേലാപ്പുകൾക്കും, മെലിഞ്ഞ നീരൊഴുക്കുള്ള നദിയുടെ ഉരുളൻ കല്ലുകൾ പാകിയ മണൽപ്പരപ്പുകൾക്കും സ്വർണ്ണ നിറമായിരുന്നു. കാട്ടുപാതയോരങ്ങളിലും പുഴക്കരയിലുമുള്ള ചില മരങ്ങൾ മാത്രം ചുവപ്പ് തളിരിലകൾ പടർത്തി ഉയർത്തിപ്പിടിച്ച ബൊക്ക പോലെ മേലോട്ട് തലയുയർത്തി നിന്നു. മൂന്നു മണിയോടെ വെയിലിന്റെ തീഷ്ണത അയഞ്ഞപ്പോൾ ഞങ്ങൾ കാട്ടുവഴികളിലൂടെ യാത്ര തുടങ്ങി. വനംവകുപ്പുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെട്ടവർ മാത്രമുള്ള നാലംഗ സംഘമായതുകൊണ്ട് തന്നെ, ഒരു വെറും കാട് കാഴ്ച്ചയുടെ നിമിഷങ്ങൾ മാത്രമായിരുന്നില്ല ഞങ്ങളുടെ സഞ്ചാരം. നാലുപേരും ഒരുപോലെ മുഴുകുന്നത് വന്യജീവി ഫോട്ടോഗ്രഫി കൂടി ആകുമ്പോൾ അന്വേഷണത്തിന്റെ സ്വഭാവമുള്ള ഒരു വന്യജീവി പര്യടനമായി മാറുകയായിരുന്നു ഓരോ യാത്രയും.

ആനപ്പിണ്ടങ്ങൾ നിറഞ്ഞ പുഴക്കരയിൽ ഒരു ആറ്റു തിത്തിരി *(River Lapwing)* ഒറ്റക്കാലിൽ ധ്യാനിച്ച് നിൽപ്പുണ്ടായിരുന്നു. സഫാരി ജീപ്പ് നിർത്തി ഏറെനേരം അവന്റെ നീക്കങ്ങൾ കണ്ടിരുന്നു. ഒരു കറുത്ത തൊപ്പി പുറകോട്ട് തിരിച്ചു വച്ച പോലെ തലയിൽ കനത്തിലൊരു തൂവൽപ്പുതപ്പ്, അത് കഴുത്തിന് പുറകിലോട്ടു നീണ്ടു നിൽക്കുന്നു. തെക്കേ ഇന്ത്യയിൽ കാണാത്ത തിത്തിരി വർഗമാണിത്. ഉണങ്ങിയ മരത്തലപ്പുകളിൽ  മഞ്ഞക്കാലുള്ള പച്ച പ്രാവുകൾ *(Green Footed Yellow Pigeon)* കൂട്ടമായി ചേക്കേറിയിരിക്കുന്നു. വിശാലമായ പുൽപ്പരപ്പ് നരച്ച താടിരോമങ്ങൾ പോലെ ഒരാൾ ഉയരത്തിൽ ഇടതൂർന്നു നിന്നു. ചെങ്കൽ ചുവപ്പ് തൊപ്പിയിട്ട പാറ്റപിടിയൻ പക്ഷികൾ *(Chestnut Headed Bea-eater)* ജോഡിയായി കുറ്റിച്ചെടികളിൽ തേനീച്ചകളെ കാത്തിരുന്നു.

സന്ധ്യമയങ്ങിത്തുടങ്ങിയിരുന്നു. കാടകത്ത് നിന്നും വലിയൊരു കാറൽ കേട്ട് നദിക്കരയിലെ കാട്ടു വഴിയിൽ ഡ്രൈവർ ജീപ്പ് നിർത്തി. മെലിഞ്ഞ പുഴയുടെ ഇരുവശവും വിശാലമായ മണൽത്തിട്ട. വീണ്ടും അകലെയല്ലാതെ വലിയൊരു അലർച്ച കേട്ടു. ചെറുവൃക്ഷങ്ങളെ വകഞ്ഞു മാറ്റി ഒരു കുട്ടിക്കൊമ്പൻ മണൽത്തിട്ടയിലേക്ക് ഇറങ്ങി വന്നു. ഉടനെ മറ്റൊരു ഭാഗത്ത് നിന്നും ഒരു വലിയ പെണ്ണാനയും. പെണ്ണാന ഓടിവന്ന് ആ കുട്ടിക്കൊമ്പന്റെ അടുത്തെത്തി അവനെ ശകാരിക്കുന്ന പോലെ അവനു ചുറ്റിലും നടന്നു. കുട്ടിക്കൊമ്പൻ വന്ന വഴിയിലൂടെ പത്തോളം അംഗങ്ങൾ വരുന്ന ഒരാനകുടുംബം മണൽ തിട്ടയിലേക്ക് ഇറങ്ങി വന്നു. പിന്നെ സംഘം ചേർന്ന് വിശാലമായ കുളിയാരംഭിച്ചു.

ഒളിഞ്ഞും തെളിഞ്ഞും കടുവകളുടെ സാന്നിധ്യം അനുഭവിച്ചെങ്കിലും കാടിന്റെ രാജാവ് നേരിട്ട് മുഖം തന്നില്ല. സോനാനദി വന്യജീവി സങ്കേതത്തിലെ രണ്ടു ദിവസത്തെ സഞ്ചാരം കഴിഞ്ഞു ഞങ്ങൾ തിരികെ കൊടിദ്വാർ ഫോറസ്റ്റ് റസ്റ്റ് ഹൗസിലേക്ക് തിരിച്ചു. കാട്ടുവഴി കളിലൂടെയും കാടിനോട് ചേർന്നുള്ള ചെറുഗ്രാമങ്ങളും കടന്നു കൊടിദ്വാർ എത്തുമ്പോഴേക്കും നേരം ഇരുട്ടിയിരുന്നു. അടുത്ത ദിവസം രാംനഗർ വഴി കോർബറ്റ് നാഷണൽ പാർക്കിന്റെ ഹൃദയമായ ധിക്കാലയിലേക്കാണ് പോകുന്നത്.

കോർബറ്റ് ദേശീയോദ്യാനത്തിൽ ഏറ്റവുമധികം സഞ്ചാരികൾ എത്താൻ ആഗ്രഹിക്കുന്ന ഇക്കോടൂറിസം മേഖലയാണ് ധിക്കാല.

കലാഗർ കടുവാസങ്കേതത്തിന്റെ സബ്ഡിവിഷണൽ ഓഫീസറും സുഹൃത്തുമായ അനാമിക ബുക്കർവാൾ രാംനഗർ വരെയുള്ള യാത്രയ്ക്കായി വാഹനം തയ്യാറാക്കിയിരുന്നു.

ഇലപൊഴിയും കാടുകളിൽ ഇടയ്ക്കിടെ മ്ലാവുകളും പുള്ളിമാനുകളും മേഞ്ഞു നടന്നിരുന്നു. ഉച്ചയ്ക്ക് മുൻപ് റാംനഗർ എത്തി കോർബറ്റ് വൈൽഡ് ലൈഫ് വാർഡനും സുഹൃത്തുമായ അമിത് ഗ്വാസികൊട്ടിയെ കണ്ടു.

വിശാലമായ കോസി നദിക്കരയോടു ചേർന്നുള്ള ധാങ്കഢി (Dhangarhi) കവാടം കടന്ന് ഏകദേശം മൂന്നു മണിക്കൂർ യാത്രയുണ്ട്. കോർബറ്റ് ദേശീയോദ്യാനത്തിൽ ഏറ്റവുമധികം സഞ്ചാരികൾ എത്താൻ ആഗ്രഹിക്കുന്ന ഇക്കോടൂറിസം മേഖലയാണ് ധിക്കാല. കടുവകളുടെ ആധിക്യം കൊണ്ടോ അവയെ അടുത്ത് കാണാനുള്ള സാധ്യത കൂടുതൽ ഉള്ളതുകൊണ്ടോ മാത്രമല്ല മറ്റു കടുവാസങ്കേതങ്ങളിൽ നിന്നും ജിം കോർബറ്റിലെ ധിക്കാല വ്യത്യസ്തമാകുന്നത്.

ഏപ്രിൽ മാസമായതോടെ ഇലപൊഴിയുന്ന സാൽ മരങ്ങൾ ഞങ്ങളെ വരവേറ്റു. കരിയിലകളുടെ കൂട്ടക്കരച്ചിൽ കാടിനകത്ത് നിന്നും കേട്ട് ഷക്കീൽ വണ്ടി നിർത്തി, ആനക്കൂട്ടമാണ്. മൺപാത കുറുകെ കടക്കുവാൻ കാത്ത് നിന്ന ആനക്കൂട്ടം ഞങ്ങളുടെ ജിപ്സി കണ്ട് അകത്തേയ്ക്ക് ഓടി മറഞ്ഞതാണ്. ഏതാണ്ട് അരമണിക്കൂറിനു ശേഷം ഒരു ചെറിയ സഫാരി നടത്തി ധിക്കാല ടൂറിസം സോണിലെ താമസസ്ഥലത്ത് എത്തുമ്പോഴേയ്ക്കും സമയം 6 മണിയോടടുത്തു. മഞ്ഞ നിറം മാത്രം പൂശി വൃത്തിയായി സൂക്ഷിച്ച പഴയ കെട്ടിടങ്ങളാണ് മുഴുവനും, അതിൽ ധിക്കാല ഫോറസ്റ്റ് റെസ്റ്റ് ഹൗസ് വേറിട്ട് നിൽക്കുന്നു. രാംഗംഗ പുഴയ്ക്ക് അഭിമുഖമായി കോർബറ്റ് ദേശീയോദ്യാനത്തിന്റെ ചരിത്രം പേറുന്ന 1890 ൽ നിർമ്മിച്ച പ്രൗഢിയുള്ള ബ്രിട്ടീഷ് ഭവനം. എട്ടുവമ്പൻ തൂണുകളിൽ താങ്ങി നിർത്തുന്ന രണ്ടാം നില രാംഗംഗയുടെ വിശാലമായ പുൽത്തകിടിയിലേയ്ക്ക് കണ്ണ് നട്ടിരിക്കാൻ വരാന്തയിൽ നിരയായി ഇട്ടിരിക്കുന്ന ചൂരൽ കസേരകൾ. കടുവാ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം കൊടുക്കുന്ന പ്രോജക്റ്റ് ടൈഗർ എന്ന ദേശീയ പദ്ധതിയുടെ പ്രഖ്യാപനം 1973 ൽ ഈ FRH ൽ വച്ചാണ് നടന്നത്. വൈൽഡ് ലൈഫ് വാർഡന്റെ ക്യാമ്പ് ഹൗസിലാണ് ഞങ്ങളുടെ താമസം. ധിക്കാലയിൽ സഫാരി തുടങ്ങുന്നത് രാവിലെ 6 മണിയോടെയാണ്. പത്തരയോടെ വാഹനങ്ങൾ എല്ലാം തന്നെ തിരിച്ചെത്തിയിരിക്കണം. ഉച്ചയക്ക് ശേഷം രണ്ടരയ്ക്ക് തുടങ്ങുന്ന അടുത്ത സഫാരി വൈകുന്നേരം ആറര വരെ നീളും.

ഡ്രൈവർ തന്നെയായിരുന്നു ഞങ്ങളുടെ ഗൈഡും. രാംഗംഗയുടെ സൂര്യോദയം ലക്ഷ്യം വച്ച് ആറു മണിക്ക് തന്നെ ഞങ്ങൾ തയ്യാറായി നിന്നു. ജിപ്സികൾ ഭൂരിഭാഗവും പുഴയോട് ചേർന്ന 'സാമ്പർ റോഡ്' വഴിയാണ് ഉന്നം വയ്ക്കുന്നതെന്ന് വാഹനങ്ങൾ നീങ്ങിത്തുടങ്ങിയപ്പോൾ മനസ്സിലായി. മറ്റു വണ്ടികളിലുള്ള ഡ്രൈവർമാരോട് തലേന്നത്തെ ടൈഗർ സൈറ്റിങ്ങിനെ പറ്റി ഷക്കീൽ ചോദിച്ചറിഞ്ഞു. ''പേട് വാലി', 'ജൂനിയർ പാർവാലി' എന്നീ രണ്ടു പേരുകൾ ഇടയ്ക്കിടെ പലരും പറഞ്ഞു കേട്ടു. കടുവകൾക്ക് ഗൈഡുകൾ ഇടുന്ന ഓമനപ്പേരുകളാണ്. 'പേട് വാലി', മരത്തിന്റെ ചാഞ്ഞ കൊമ്പുകളിൽ ഒരു പുള്ളിപ്പുലിയെ പോലെ വിശ്രമിക്കുന്ന പെൺകടുവയും, 'പാർവാലി' രാംഗംഗ നദീതടത്തിൽ സ്വതന്ത്രമായി വിഹരിക്കുന്ന പെൺകടുവയുമാണെന്ന് വേഗം മനസ്സിലാക്കി. ഇതിൽ ജൂനിയർ പാർ വാലിക്ക് നാല് മക്കളുണ്ട്. ഇവരിൽ ആരെ കണ്ടുമുട്ടും എന്നതിൽ യാതൊരു നിശ്ചയവുമില്ല.

നദിയുടെ അരികുപറ്റി സാമ്പർ റോഡിലൂടെ ഞങ്ങൾ പുഴയിലേക്ക് കണ്ണ് നട്ട് പതുക്കെ സഞ്ചരിച്ചു. സ്വർണ്ണ വെളിച്ചത്തിൽ പുഴയിൽ നിന്നും വെള്ളം കുടിയ്ക്കുന്ന ആനകൾ, മാനിനെ കാത്തിരിക്കുന്ന ജൂനിയർ പാർ വാലി, പുല്ലിൽ കടികൂടി കളിക്കുന്ന അവളുടെ കടുവ ക്കൂട്ടികൾ. അങ്ങനെ പ്രതീക്ഷയും, സങ്കല്പവും ഉദയകിരണമണിഞ്ഞ പുഴത്തടത്തെ പശ്ചാത്ത ലമാക്കി മനസ്സിൽ അനേകം ഫോട്ടോഗ്രഫി ഫ്രെയിമുകൾ വരച്ചുകൊണ്ടിരുന്നു. പുഴയോ രത്തു നിന്നും മൺപാത അൽപ്പം കൂടി കാട്ടി ലേയ്ക്ക് കയറി. അൽപ്പദൂരം പിന്നിട്ടപ്പോൾ ഷക്കീൽ, ജിപ്സി പെട്ടന്ന് ചവിട്ടി നിർത്തി പുറകോട്ടെടുത്തു. പത്തിരുപതു മീറ്റർ പുറകോ ട്ടു വന്നു ഇടത്തേ പാതയോരം ചേർത്ത് വണ്ടി

മറിഞ്ഞും വാലാട്ടിയും പേട് വാലി ഞങ്ങളുടെ ക്ഷമയെ പരീക്ഷിച്ചുകൊണ്ടിരുന്നു. ഒടുവിൽ കി ഴക്കിന്റെ സ്വർണ്ണ വർണ്ണത്തിലേക്ക് അവൾ മുഖം തിരിച്ച് വായ മലക്കെ തുറന്നടച്ചു. വലത്തെ പിൻ കാലുകൊണ്ട് കഴുത്തും, ചെവിയും ചൊറിഞ്ഞു. ഇപ്പോൾ കടുവയെ ഏതാണ്ട് മുഴുവനായി കാണാം. പതുക്കെ മൂരി നിവർത്തി അവൾ എഴു ന്നേറ്റു നിന്നു. പിന്നെ ഞങ്ങൾ വന്ന ദിശയിലേ ക്കു തിരിഞ്ഞു നടന്നു. ഷക്കീലിന് സംശയമായി. ഇത് മായ അല്ലെ?? വലിയ കുട്ടികളുള്ള മായ.. പേട് വാലി അല്ല. ഉറപ്പാണ് ഈ പൊന്തക്കാട്ടിൽ നിന്നും അവൾ ഇറങ്ങുന്നത് നേരെ പുഴയിലേ ക്കാണ്. പക്ഷെ ഇത് 'വൺവേ ആണ്. വന്ന വഴി വാഹനം തിരിച്ചു പോയി പുഴയോരത്തു നിൽകാൻ സാധ്യമല്ല. മുന്നോട്ടു പോയി വലത്തേ



നിർത്തി ഇടതൂർന്ന പുൽക്കാടിലേയ്ക്ക് വിരൽ ചൂണ്ടി. ശീമ കൊന്നയുടെ വയലറ്റ് പൂക്കൾ ക്കിടയിലൂടെ പുൽക്കാടിനുള്ളിൽ ഒന്ന് രണ്ടു വെളുത്ത ചെറു കല്ലുകൾ കാണിച്ചു തന്നു. പിന്നെ പറഞ്ഞു - 'അതിന്റെ അടുത്തായി കിടക്കുന്ന ചെളി പിടിച്ച ആ വലിയ കല്ല് കല്ലല്ല. കടുവയാണ്'. പേട് വാലി തന്നെയാകും. ഷക്കീൽ പറഞ്ഞു. മറ്റു ബഹളങ്ങളില്ലാതെ കടുവ എഴുന്നേൽക്കുന്നത് വരെ കാത്തിരിക്കാം. ഏതാണ്ട് എല്ലാ ജിപ്സികളും മുന്നിൽ പോയി ക്കഴിഞ്ഞിരുന്നു.

പുൽനാമ്പുകളെ വകഞ്ഞു മാറ്റി വെളിച്ചം കൈ നീട്ടുന്നേ ഉള്ളൂ. ഇളംചൂട് പിടിക്കുന്നത് വരെ കടുവ അങ്ങനെ വിശ്രമിക്കും. തിരിഞ്ഞും

യ്ക്ക് തിരിഞ്ഞു പ്രധാന മൺപാതയിലെത്തി കറങ്ങി വരണം, അല്ലാതെ മറ്റു വഴികളില്ല. മറ്റൊന്നും ആലോചിക്കാതെ ഷക്കീൽ വണ്ടി മുന്നോട്ടെടുത്തു രണ്ടു കിലോമീറ്റർ ചുറ്റി അഞ്ചു മിനിറ്റിനകം സൂര്യോദയം ആസ്വദിച്ച ഭാഗത്തെ മൺപാതയിലെത്തി. ദൂരെ പുല്ല് നിറഞ്ഞ ആ പൊന്തക്കാട് കാണാം. അതിനുള്ളിൽ നിന്നും മായ പുറത്തേക്കിറങ്ങി പുഴ കടന്നു പോയിട്ടു ണ്ടാകുമോ?? അഞ്ച് മിനിട്ട് കൊണ്ട് അതെല്ലാം സ്വാഭാവികം, കടുവയല്ലേ??!.

പുഴയിൽ മായ ഇല്ല എന്ന് ഏതാണ്ട് ഉറപ്പിച്ചു. പിന്നെ നോട്ടം വീണ്ടും ദൂരെ പുഴയോട് ചേർന്നുള്ള ആ പൊന്തക്കാട്ടിൽത്തന്നെ ഉറപ്പിച്ചു. ടെലിലെൻ സ് പൊന്തക്കാട്ടിൽ പരതിക്കൊണ്ടിരുന്നു. ഒടുവിൽ

അദൃശ്യയായി ഞങ്ങളെ ഉറ്റുനോക്കിക്കൊണ്ട് ഒരു പൂച്ചയെപ്പോലെ ഇരിക്കുന്ന മായയുടെ മാറിലെ വെള്ള രോമങ്ങളും മാലയണിഞ്ഞതുപോലുള്ള കറുത്ത വരകളും ഉണങ്ങിയ പുല്ലിനിടയിലൂടെ ക്യാമറയിൽ പതിഞ്ഞു. ഞങ്ങളെത്തന്നെ നോക്കിയിരുന്ന മായ നാലഞ്ച് മിനിറ്റിനു ശേഷം പുഴക്കരയിലേക്ക് ഇറങ്ങി. പക്ഷെ പുഴ കടന്നു പോകും എന്നുള്ള പ്രതീക്ഷ തെറ്റിച്ച് ഞങ്ങളുടെ നേരെ ജീപ്പിനടുത്തേയ്ക്ക് അൽപ്പം വേഗത്തിൽ നടന്നു വന്നു തുടങ്ങി. ഇളം വെയിലിൽ മായയുടെ മഞ്ഞപ്പുതപ്പ് വെൺചാമരം പോലെ തിളങ്ങി നിന്നു. മായ നടന്നടുക്കുന്തോറും ചിത്രമെടുപ്പ് സാഹസമായി മാറി. ഒടുവിൽ ഹൃദയമിടിപ്പിന് ആക്കം കൂട്ടി അവൾ ഏതാനും അടി അകലത്തിൽ ക്യമാറക്കണ്ണിനെ നിറച്ചു കൊണ്ട് കടന്നു പോയി, അൽപ്പം അകലെ നിന്ന് ചുറ്റുപാടും നോക്കി. പിന്നെ സാവധാനം പുഴയിലേക്കിറങ്ങി പുല്ല് നിറഞ്ഞ മൺതിട്ടയിലേക്ക് കയറി.

ഉച്ചവെയിൽ ചായുമ്പോഴേക്കും ഞങ്ങൾ വീണ്ടും യാത്ര തുടങ്ങി. ഇടയ്ക്ക് പുള്ളിമാനുകൾ പാതയ്ക്ക് കുറുകെ പാഞ്ഞു. മരച്ചില്ലയിൽ ഇരയെയും കാത്ത് ഒരു കിന്നരി പരുന്ത് (Changeable Hawk Eagle) ഇരിക്കുന്നുണ്ടായിരുന്നു.

സഫാരി വഴി നേരെ ചെന്നെത്തുന്നത് കിന്നനോലി ഫോറസ്റ്റ് റസ്റ്റ് ഹൗസിലേക്കാണ്. മറ്റൊരു ബ്രിട്ടീഷ് നിർമ്മിത വി.വി.ഐ.പി എങ്കള ആണത്. ഇടത്തേയ്ക്ക് തിരിഞ്ഞു ജിപ്സി പുഴത്തടത്തിലെയ്ക്കിറങ്ങി. പുഴ കടന്നു അക്കരേയ്ക്ക്-കിലോമീറ്ററുകളോളം വിശാലമായി പരന്നു കിടക്കുന്ന രാംഗംഗ പുഴത്തടം.

ജൂനിയർ പാർവാലിയുടെ കുട്ടികൾ കുളിക്കാൻ സാധ്യതയുള്ള പുഴ തീർത്ത ചെറു കുളങ്ങളും പരിസരങ്ങളും പരതി ജിപ്സി യാത്ര തുടർന്നു. അക്കരെയുള്ള വാച്ച് ടവർ വരെ പോയി ഇക്കരെയുള്ള ധിക്കാലയുടെ താമസസ്ഥലങ്ങൾ കണ്ടു. രാംഗംഗ നദിയുടെ ഒരു ഭാഗം ഉരുളൻ കല്ലുകൾ നിറഞ്ഞതായിരുന്നു. വലിയ മീൻപരുന്തുകൾ (Grey headed Fishing Eagle) ഇടയ്ക്കിടെ താഴ്ന്ന് പറന്നു വന്നു. വെയിലാറിയതോടെ വരണ്ട പുൽമൈതാനങ്ങളിൽ നിന്നും ആനകൾ കൂട്ടമായി പുഴവക്കിലേയ്ക്ക് നടന്നു.

**കോർബറ്റിലെ കടുവാ ടൂറിസവുമായി ബന്ധപ്പെട്ടുകിടക്കുന്ന വ്യാപാരമൂല്യം നോട്ടുകളായി പരിണമിക്കുമ്പോൾ ഒരു ദിവസം ഏകദേശം നാല് കോടി രൂപയാവുമത്.**


കടപ്പാട്: **വിക്കിപീഡിയ**

പുറത്തു ചെറുതായി തണുപ്പുണ്ട്. രാച്ചുക്കുകളുടെ (Nightjar) നിലയ്ക്കാത്ത വിളികൾ കേട്ടു പുഴയുടെ ഓരം പറ്റി അരമതിലിൽ ഞങ്ങളിരുന്നു. എത്രയെത്ര നിലാവുള്ള രാത്രികളിൽ കൈകളിൽ 0.275 ബോൾട്ട് ആക്ഷൻ റൈഫിളുമായി ഈ പുഴത്തടങ്ങളിലും, വാച്ച് ടവറുകളിലും തീരങ്ങളിലും സാൽ മരങ്ങളുടെ മുകളിലെ ഏറുമാടങ്ങളിലും ബ്രിട്ടീഷ് വംശജൻ ജിംകോർബറ്റ് നരഭോജിക്കടുവകളെ കാത്ത് മിഴിപൂട്ടാതെ കാത്തിരുന്നിട്ടുണ്ടാവും? നേപ്പാളിലും ഇന്ത്യയിലുമായി 436 മനുഷ്യരെ കൊന്നു തിന്ന ചമ്പാവത്ത് കടുവയെ ഉൾപ്പടെ 33 നരഭോജികളെ വീഴ്ത്തിയ 118 വർഷം പഴക്കമുള്ള ആ തോക്ക് ഇന്ന് ലണ്ടനിലെ പരമ്പരാഗത തോക്ക് നിർമ്മാണ കമ്പനിയായ ജോൺ റിഗ്ബി & കോയുടെ ഷോറൂമിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

സമയം ഒൻപതര കഴിഞ്ഞിരിക്കുന്നു. ജൂനിയർ പാർവാലിയെയോ, പേട് വാലിയെയോ കാണാതെ ഞങ്ങൾ ക്യാമ്പിലേയ്ക്ക് തിരിച്ചു. പ്രധാന പാതയിൽ നിന്നും സാമ്പർ റോഡിലേയ്ക്ക് തിരിയുന്ന ഒരു ചെറു മൺപാതയുണ്ട്. അവിടെയെത്തിയപ്പോൾ ഷക്കീൽ പറഞ്ഞു ഒന്നുകൂടെ സാമ്പാർ റോഡ് വഴി നോക്കി തിരിച്ചു പോകാമെന്ന്. സാമ്പർ റോഡിലേയ്ക്ക് എത്തിയതും പുഴയോരത്ത് വനം വകുപ്പിന്റെ ഒരു ക്യാംപർ വാഹനവും ഒരു ജിപ്സിയും കിടപ്പുണ്ടായിരുന്നു. കാര്യം തിരക്കിയപ്പോൾ ഒരു ഫോറസ്റ്റ് ഗാർഡ് നേരെ താഴെ പുഴയിലേയ്ക്ക് വിരൽ ചൂണ്ടി. ഏതാനും മീറ്റർ അകലെ പുഴയിലെ വെള്ളത്തിലേയ്ക്ക് ഇറങ്ങുന്ന പ്രായം കുറഞ്ഞ ഒരു ആൺ കടുവ. കടുവക്കുട്ടിയുടെ നിഷ്കളങ്കതയും, കുസൃതിയും ഇനിയും വിട്ടുമാറാത്ത പ്രകൃതത്തോടെ പൊങ്ങി നിന്ന കല്ലുകളിൽ ചവിട്ടി അവൻ ഞങ്ങളെ തിരിഞ്ഞൊന്നു നോക്കി. പിന്നെ ശാന്തമായി വെള്ളം കുടിച്ചു. വലതു കാൽ വെള്ളത്തിലേയ്ക്ക് പതുക്കെ എടുത്തു വച്ചു. പിന്നെ ഷോക്കടിച്ച പോലെ വലിച്ചെടുത്തു കുടഞ്ഞു. തണുപ്പുണ്ടാകും!. പക്ഷെ സാവധാനം അവൻ വെള്ളത്തിലേയ്ക്കിറങ്ങി രണ്ടു മുൻകാലുകളും വലിയൊരു ഉരുളൻ കല്ലിലേയ്ക്ക് വച്ച്

തലയുയർത്തി വെള്ളത്തിൽ പതുക്കെ കിടന്നു. പകുതി ദേഹം ഒഴുകുന്ന വെള്ളത്തിനടിയിൽ. ഏതാണ്ട് മൂന്ന് വയസ്സ് കാണും. സ്വന്തമായി ഇരപിടിച്ചു തുടങ്ങുന്ന പ്രായം. 'മായയുടെ കുട്ടിയാണ്' ഷക്കീൽ അഭിപ്രായപ്പെട്ടു.

മൂന്നാം ദിവസം വൈകുന്നേരം അപ്രതീക്ഷിതമായി മറ്റൊന്ന് സംഭവിച്ചു. ആറരയോടെ സഫാരി ജിപ്സികളെല്ലാം ക്യാമ്പിൽ എത്തിയ സമയം. പലരും മുറികളിലേയ്ക്ക് നടന്നു തുടങ്ങിയിരിക്കുന്നു. പലരും അടുത്തുള്ള കാൻറീനിലും, വരാന്തയിലും ചായ കുടിച്ചു കൊണ്ട് നിൽക്കുന്നു. പെട്ടന്ന് ഒരു കൂട്ടം ആളുകൾ വിശാലമായ മുറ്റം കടന്നു പുഴയ്ക്കരുകിലേയ്ക്ക് ഓടുന്നു. ഞങ്ങളും ക്യാമറ ബാഗുമെടുത്ത് അവർക്കൊപ്പം കൂടി. ദൂരെ കടുവയുണ്ടെന്നു. മനസ്സിലായി. പക്ഷെ ഒന്നും കാണുന്നില്ല. വിരൽ ചൂണ്ടിയ ഭാഗത്തേയ്ക്ക് ക്യാമറ സൂം ചെയ്തു പരതി. ഒടുവിൽ മങ്ങിയ വെളിച്ചത്തിൽ അങ്ങ് ദൂരെ മഞ്ഞ് വീണു തുടങ്ങിയ പുൽപ്പരപ്പിലൂടെ അലസമായി ഒരു കടുവ നടന്നു വരുന്നു. ദൂരെ നിന്ന ഒരാൾ അലറി വിളിച്ചു. 'ജൂനിയർ പാർവാലി'. കഴിഞ്ഞ കുറെ ദിവസങ്ങളായി ഈ കടുവയെ കാണാൻ ആകാത്ത നിരാശയിൽ നിന്നും ഉയർന്ന ആവേശത്തിന്റെ വിളിയാണത് എന്ന് മനസ്സിലായി. ധിക്കാലയിലെ ഞങ്ങളുടെ അവസാന ദിനത്തിൽ അങ്ങനെ പാർവാലിയും ദർശനം തന്നിരിക്കുന്നു. അൽപ്പം ദൂരെ നിന്നാണെങ്കിലും, സന്ധ്യ മയങ്ങി കാഴ്ചയിൽ നിന്നും മറയുന്നത് വരെ ആ ക്യാറ്റ് വാക്ക് ഞാൻ ക്യാമറയിൽ ചിത്രമായും, വീഡിയോയായും പകർത്തിക്കൊണ്ടേയിരുന്നു.


രാംനഗറിൽ തിരിച്ചെത്തി വൈൽഡ് ലൈഫ് വാർഡനോട് നന്ദി പറഞ്ഞിറങ്ങുമ്പോൾ കാടിന് ഉപരിയായി 'മനുഷ്യർക്ക്' കടുവ എന്ത് തിരിച്ചു നൽകുന്നു എന്നതിൽ വ്യക്തമായൊരു ചിത്രമുണ്ടായിരുന്നു. നാനൂറിലധികം ഹോട്ടലുകളും റിസോർട്ടുകളും, വാഹനങ്ങളും മറ്റ് അനവധി വ്യാപാര സ്ഥാപനങ്ങളും കോർബറ്റിലെ ഇക്കോ ടൂറിസത്തെ നേരിട്ട് ആശ്രയിച്ചാണ് നിലനിന്നു പോരുന്നത്. കോർബറ്റിലെ കടുവാ ടൂറിസവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ വ്യാപാര മൂല്യം നോട്ടുകളായി പരിണമിക്കുമ്പോൾ ഒരു ദിവസം ഏകദേശം നാല് കോടി രൂപയാവുമത്. അതായത് 250 കടുവകളുള്ള കോർബറ്റിൽ ഒരു കടുവ ദിനംപ്രതി നൽകുന്നത് ഒന്നര ലക്ഷം രൂപയിലധികം. ആ മൂല്യം കോർബറ്റിന് ചുറ്റിലുമുള്ള മനുഷ്യരുടെ പ്രതീക്ഷകളും, സ്വപ്നങ്ങളും, ഭാവിയുമാണെന്ന് ഓർക്കുമ്പോൾ ആ 'പാർവാലിയുടെ ചിത്രം മനസ്സിൽ കൂടുതൽ ആഴത്തിൽ മാറ്റി രചിക്കാൻ തോന്നും. ▪



ചിത്രങ്ങൾ :
**പ്രഭു മെൻസ് സാന**

# പാരസോൾ

## ആറ്റംബോംബിനെ അതിജീവിച്ച അത്ഭുത വൃക്ഷം



**പൗലോസ് എബ്രഹാം**
സഞ്ചാരി

ആറ്റംബോംബ് വീണ് തരിശായ ഭൂമിയിൽ ഇപ്പോൾ ഹൃദയഹാരിയായ പച്ചപ്പ് കാണാം. ഈ കാഴ്ച അവിശ്വസനീയമാണ്.

ജപ്പാനിലെ ഹിരോഷിമയാണ് രംഗം. ഇന്ന് ഹിരോഷിമ ലോക പ്രശസ്തമായ ടൂറിസ്റ്റ് നഗരമാണ്.

വൃക്ഷവിസ്മയം തീർത്ത് ഇന്ന് നഗരത്തിൽ പലയിടങ്ങളിലായി ഹരിതഭംഗിയാണ് കാണാൻ കഴിയുന്നത്. ചാമ്പലായ നഗരത്തിലാണ് ഈ ഉയിർത്തെഴുന്നേൽപ്പിന്റെ പ്രതിഭാസം. എഴുപത്തിനാല് വർഷം മുമ്പാണ് രണ്ടാം ലോകമഹായുദ്ധക്കാലത്ത് ഹിരോഷിമയിൽ അമേരിക്ക ആറ്റംബോംബിട്ടത് (1946 ആഗസ്റ്റ് 6). പതിനായിരങ്ങളാണ് കൊല്ലപ്പെട്ടത്... കെട്ടിടങ്ങൾ തകർന്ന് പൊടിയായി. ഇരുമ്പ്-ഉരുക്ക് സാമഗ്രികൾ ഉരുകി. അഗ്നിപർവ്വതം പൊട്ടിയാൽ ഉണ്ടാകുന്ന ലാവ പോലെയൊരു പ്രതിഭാസം ഹിരോഷിമയെ നാമാവശേഷമാക്കി.

എന്നാൽ ഹിരോഷിമയിലെ ഒരു വൃക്ഷം ആ അണുപ്രസരത്തെ അതിജീവിച്ചു. അവിടെ വേരുപിടിച്ചിരുന്ന ഒരു ചൈനീസ് അലങ്കാര വൃക്ഷമായ 'പാരസോൾ' *(Firmiana simplex)* ആയിരുന്നു അത്. വർഷങ്ങൾക്ക് മുമ്പ് ചൈനയിൽ നിന്ന് ജപ്പാൻകാർ ഹിരോഷിമയിൽ കൊണ്ട് വന്ന് നട്ടുവളർത്തിയ വൃക്ഷം. അണുപ്രസരത്തിൽ അൽപ്പം കേടുപാടുകൾ സംഭവിച്ചുവെങ്കിലും പിന്നീട് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ആ വൃക്ഷം ഉയിർത്തെഴുന്നേറ്റു. വൃക്ഷത്തിനേറ്റിരുന്ന മുറിവുകൾ ക്രമേണ ഉണങ്ങി. അടുത്ത വസന്തത്തിൽ തളിരുകൾ പ്രത്യക്ഷപ്പെട്ടു.

> **പാരസോൾ** ജപ്പാൻകാരുടെ ആത്മാവിന്റെ ഭാഗമായിക്കഴിഞ്ഞു. സമാധാനത്തിന്റെ സന്ദേശവും പ്രതീകവും വിദേശികളായ രാഷ്ട്രത്തലവന്മാർ ജപ്പാൻ സന്ദർശിക്കുമ്പോൾ ഈ വൃക്ഷത്തിന്റെ ഒരു ഇല നൽകി സ്വീകരിക്കുന്നു.

വൃക്ഷത്തിൽ ഇപ്പോൾ ഹൃദ്യമായ പച്ചപ്പ് കാണാം. ഈ പ്രതിഭാസം ടൂറിസ്റ്റുകൾ നേരിൽ കണ്ട് ആഹ്ലാദിക്കുന്നു. വൃക്ഷത്തിന്റെ ചരിത്രം ഇംഗ്ലീഷിലും ജപ്പാൻഭാഷയിലും എഴുതിയിട്ടുണ്ട്.

ഇന്ന് ഹിരോഷിമ ഒരു മായാനഗരമാണ്. ഈ വൃക്ഷമാണ് അവിടുത്തെ ടൂറിസ്റ്റ് ആകർഷണ കേന്ദ്രം. ലോകമഹായുദ്ധം ഏൽപ്പിച്ച മുറിവുകളിൽ നിന്നും ഉയിർത്തെഴുന്നേറ്റ ഒരു ജനതയുടെ ആത്മാവിന്റെ നാദം.



സൂക്ഷിച്ചു നോക്കുമ്പോൾ ടൂറിസ്റ്റ് ഗൈഡ് പറയും ''വൃക്ഷത്തിന്റെ തടിയിൽ ചില വിള്ളലുകൾ  ഉണ്ടായിരുന്നു. പക്ഷെ കാലം തന്നെ അത് പരിഹരിച്ചു. ഹിരോഷിമക്കാർക്ക് ഈ വൃക്ഷവുമായി ആത്മബന്ധമുണ്ട്. അതിന്റെ വിത്തുകൾ ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലും എത്തിക്കഴിഞ്ഞു. ജപ്പാനുമായി സൗഹൃദമുള്ള രാജ്യങ്ങൾ ഈ ചെടി നട്ടുവളർത്തിയിട്ടുണ്ട്..

ഈ വൃക്ഷം ജപ്പാൻകാരുടെ ആത്മാവിന്റെ ഭാഗമായിക്കഴിഞ്ഞു. സമാധാനത്തിന്റെ സന്ദേശവും പ്രതീകവും വിദേശികളായ രാഷ്ട്രത്തലവന്മാർ ജപ്പാൻ സന്ദർശിക്കുമ്പോൾ ഈ വൃക്ഷത്തിന്റെ ഒരു ഇല നൽകി ഹാർദ്ദമായി സ്വീകരിക്കുന്നു. ജപ്പാൻ സന്ദർശിച്ചപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രിമാരായിരുന്ന ഇന്ദിരാഗാന്ധിയും രാജീവ്ഗാന്ധിയും വാജ്പേയിയും ഇലയെ ചുംബിച്ച് ജനങ്ങൾക്ക് ആശംസ നേർന്നു.

അണുബോംബിനെ ഈ വൃക്ഷം എങ്ങനെ അതിജീവിച്ചു? ശാസ്ത്രജ്ഞർക്ക് അത് ഇന്നും ഉത്തരം കിട്ടാത്ത ചോദ്യമാണ്. വൃക്ഷത്തിന്റെ ഒരു കിലോമീറ്റർ അകലെയാണ് 'ഹൈപ്പോ സെന്റർ'. പക്ഷെ ആറ്റംബോംബിന്റെ ആക്രമണത്തിൽ ആ കെട്ടിടം തകർന്നു. ഒരു അസ്ഥികൂടം പോലെ നിൽക്കുന്ന ആ കെട്ടിടം സന്ദർശകരെ ആകർഷിക്കുന്നു. കെട്ടിടം ഇന്നും അതേപോലെ നിൽക്കുന്നുണ്ട്.

ഹിരോഷിമ പീസ് മെമ്മോറിയൽ മ്യൂസിയമാണ് മറ്റൊരു ആകർഷണ കേന്ദ്രം. അവിടെ ആറ്റംബോംബിന്റെ പ്രത്യാഘാതങ്ങൾ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രങ്ങളിൽ എടുത്ത ഫോട്ടോ പ്രദർശനത്തിലൂടെ കാണാം.

നിരവധി വിദേശ എഴുത്തുകാരുടെ യാത്രാവിവരണങ്ങളിൽ ഈ വൃക്ഷം സ്ഥാനം പിടിച്ചിട്ടുണ്ട്. അതെക്കുറിച്ച് യൂറോപ്യൻ കവിതകൾ എഴുതപ്പെട്ടിട്ടുണ്ട്. ന്യൂയോർക്കിൽ ഹൈസ്കൂൾ വിദ്യാർത്ഥിയായ എമിൽസൺ എഴുതിയ കവിത കഴിഞ്ഞ വർഷം അമേരിക്കയിൽ പ്രശസ്തമായി. മനുഷ്യാവകാശ ലംഘനമാണ് അമേരിക്ക ആറ്റംബോബ് ആക്രമണത്തിലൂടെ നടത്തിയതെന്ന് ആ വിദ്യാർത്ഥി ശക്തിയായി അപലപിക്കുകയും ചെയ്തു.

ഹിരോഷിമയിൽ ഹരിതഭംഗി നഗരത്തിന്റെ മറ്റ് ഭാഗങ്ങളിലും കാണാം. പച്ചപ്പ് പകരുന്ന പാർക്കുകൾ ഉയർന്നിട്ടുണ്ട്. ആകർഷകമായ വർണ്ണങ്ങളിലുള്ള പൂക്കളും ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള പൂക്കളുള്ള ചെടികളും ജപ്പാൻകാർ അതീവ ശ്രദ്ധയോടെ നട്ടുവളർത്തിയിരിക്കുന്നു. ഉയിർത്തെഴുന്നേൽപ്പിന്റെ പ്രതീകങ്ങളായ കാംഫർ വൃക്ഷങ്ങളും ഒലിയാണ്ടർ പൂക്കളും കാണാം. കാംഫർ വൃക്ഷങ്ങൾ പ്രത്യാശയുടെ പ്രതീകങ്ങളാണ്. ഹിരോഷിമ മുൻസിപ്പാലിറ്റിയാണ് ഈ ആസൂത്രങ്ങൾക്ക് പിന്നിലുള്ളത്. ഓഫീസുകളുടെ അങ്കണങ്ങളിലും ഹരിത ഭംഗി കാണാം. വീടുകളിലും ഫ്ളാറ്റുകളിലും ഓർക്കിഡുകൾ ഉണ്ട്. ഹിരോഷിമ ബൊട്ടാണിക്കൽ ഗാർഡന് ഇപ്പോൾ പ്രസിദ്ധമാണ്. ▪





Parasoltree *(Firmiana simplex)*



# ബോലു
## സാലിം അലി കണ്ടെത്തിയ പ്രതിഭാധനൻ



**ജി. ഷഹീദ്**
മുൻ അംഗം, സംസ്ഥാന വന്യജീവി ഉപദേശക സമിതി,
മുൻ ചീഫ്, 'മാതൃഭൂമി' കൊച്ചി ബ്യൂറോ

ചിറകുകൾ ഉണ്ടായിരുന്നുവെങ്കിൽ ബോലു അബ്രാർഖാൻ വീട്ടിൽ നിന്ന് ഭരത്പൂർ പക്ഷി സങ്കേതത്തിലേക്ക് പറക്കുമായിരുന്നു.

"ചിറകുകൾ ഇല്ലെങ്കിലും ഗുരുവിന്റെ വലിയ ചിറകുകൾക്ക് കീഴിലാണ് ഞാൻ" - അദ്ദേഹം പറഞ്ഞു. ഇതിഹാസ തുല്യനായ പക്ഷിഗവേഷകനും പ്രകൃതി ശാസ്ത്രജ്ഞനുമായ സാലിം അലിയാണ് ബോലുവിന്റെ ഗുരു. അദ്ദേഹം കഥാവശേഷനായെങ്കിലും ഇപ്പോഴും എന്നോടൊപ്പമുള്ളതായി തോന്നുന്നു. ബോലു വികാരം തുടിക്കുന്ന വാക്കുകളിൽ മന്ത്രിച്ചു.




ചിത്രം: അജിത്ത് കുമാർ

'ബോലുവിനെ അറിയില്ലേ? സാലിം അലിയുടെ ആത്മാവിന്റെ ഭാഗമാണ്'', ഭരത്പൂർ പക്ഷി സങ്കേതത്തിലെ മലയാളിയായ ഡി.എഫ്.ഒ ബിജോ ജോയ് പറഞ്ഞു. ഏഴ് വർഷങ്ങൾക്ക് മുമ്പാണ് ബിജോ ജോയിയെ സങ്കേതത്തിൽ വച്ച് ആദ്യമായി കണ്ടത്. ഇപ്പോൾ അദ്ദേഹം ജയ്പൂരിൽ വനം മന്ത്രാലയത്തിൽ കൺസർവേറ്ററാണ്.

ഭരത്പൂർ പക്ഷി സങ്കേതത്തിലെ പ്രതിഭാസമാണ് ബോലു. റേഞ്ച് ഓഫീസറായി സേവനം അനുഷ്ഠിച്ച ശേഷം പതിനഞ്ച് വർഷങ്ങൾക്ക് മുമ്പ് സർവ്വീസിൽ നിന്ന് വിരമിച്ചു. പക്ഷെ ഇന്നും ഒരു ദിവസം പോലും മുടങ്ങാതെ സങ്കേതത്തിൽ രാവിലെ എത്തും. അതിശൈത്യമായാലും അതിന് മാറ്റമില്ല. പക്ഷി സങ്കേതത്തിന്റെ കഥ ബോലുവിന്റെ ആത്മകഥയുടെ ഭാഗമാണ്. മുംബൈയിൽ നിന്ന് സാലിം അലി സങ്കേതത്തിൽ എത്തിയപ്പോഴെല്ലാം അദ്ദേഹത്തെ നിഴൽ പോലെ ബോലു പിന്തുടർന്നു. അദ്ദേഹത്തിന്റെ വലം കൈയായി.

കഴുത്തിൽ ബൈനോക്കുലർ ഉണ്ടാകും, തോൾ സഞ്ചിയിൽ ക്യാമറ. ചെറിയ നോട്ടു പുസ്തകം. പേന. മുഖത്ത് എപ്പോഴും മന്ദസ്മിതം. അതൊക്കെയാണ് ബോലുവിന്റെ മുഖമുദ്ര. സങ്കേതത്തിൽ ചുറ്റിത്തിരിയാൻ ഒരു സ്കൂട്ടർ. ചിലപ്പോൾ സ്കൂട്ടർ എവിടെയെങ്കിലും മാറ്റി വെക്കും. കാൽനടയായി പക്ഷി നിരീക്ഷണത്തിന് ഇറങ്ങും.

കഴിഞ്ഞ വർഷം ഒക്ടോബറിൽ വീണ്ടും ഭരത്പൂർ സന്ദർശിച്ചപ്പോൾ ബോലുവുമായി സൗഹൃദം പുതുക്കി. ഗസ്റ്റ് ഹൗസിന്റെ മുന്നിലെ പുൽമേട്ടിൽ ഇരുന്ന് സംസാരിച്ചു. അദ്ദേഹം തന്റെ ജീവിത കഥ പറഞ്ഞു.

ബോലുവിന്റെ പിതാവ് ഹബീബ് ഖാൻ, ധോൾപൂർ മഹാരാജാവിന്റെ പാചകക്കാരനായിരുന്നു. പക്ഷി നിരീക്ഷണത്തിനായി സാലിം അലി വർഷങ്ങൾക്ക് മുമ്പ് തന്നെ ധോൾപൂർ വനങ്ങളിൽ എത്തും. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പായിരുന്നു ഇത്. അപ്പോഴെല്ലാം പ്രകൃതി സ്നേഹിയായ രാജാവ് എല്ലാ സൗകര്യവും ചെയ്തു കൊടുക്കും. ചിലപ്പോൾ രാജാവും സാലിം അലിയോടൊപ്പം വനത്തിൽ നടക്കാറുണ്ട്.

ഭരത്പൂർ മഹാരാജാവിന്റെ അടുത്ത സുഹൃത്തായിരുന്നു ധോൾപൂർ രാജാവ്. ഹബീബ്ഖാന്റെ വിവരണങ്ങൾ ഭരത്പൂർ രാജാവിന് ഹരമായിരുന്നു. അതിനാൽ ചില അവസരങ്ങളിൽ ഹബീബ് ഖാൻ ഭരത്പൂരിൽ എത്തും. രാജാവിന് അതീവ രുചികരമായ ഭക്ഷണം തയ്യാറാക്കും. ദിവസങ്ങൾക്ക് ശേഷം തിരിച്ച് ധോൾപൂരിലേക്ക് രാജാവ് നൽകുന്ന കുതിര വണ്ടിയിലായിരിക്കും ഹബീബിന്റെ യാത്ര.

**ഭരത്പൂർ പക്ഷിസങ്കേതത്തിലെ പ്രതിഭാസമാണ് ബോലു. പതിനഞ്ച് വർഷങ്ങൾക്ക് മുമ്പ് സർവ്വീസിൽ നിന്ന് വിരമിച്ചതിനു ശേഷവും ഒരു ദിവസം പോലും മുടങ്ങാതെ സങ്കേതത്തിൽ എത്തും.**

'എട്ട് വയസ്സുള്ളപ്പോൾ തന്നെ ഞാനും പിതാവിന്റെ കൂടെ ഭരത്പൂർ പക്ഷി സങ്കേതത്തിൽ പോകുമായിരുന്നു. ചിലപ്പോൾ ഗസ്റ്റ്ഹൗസിൽ രാജാവുണ്ടാകും. അല്ലെങ്കിൽ പക്ഷി നിരീക്ഷണത്തിനായി സാലിം അലി മുംബൈയിൽ നിന്ന് വന്നിട്ടുണ്ടാകും'' ബോലു കഴിഞ്ഞ കാലത്തിലേക്ക് തന്റെ ഓർമ്മകൾ തിരിച്ചുവിട്ടു. ഒരു ദിവസം സാലിം അലി ചോദിച്ചു. ''ഈ പയ്യൻ ഏതാണ്?'' ''എന്റെ മകൻ'' ഹബീബ്ഖാൻ പറഞ്ഞു. ''അവൻ പ്രകൃതി സൗന്ദര്യം ആസ്വദിക്കും''. അപ്പോൾ സാലിം അലി പ്രതികരിച്ചത് ബോലുവിന്റെ കാതുകളിൽ ഇപ്പോഴും മുഴങ്ങുന്നു.


ചിത്രം: അജിത്ത് കുമാർ

'കൊള്ളാം പ്രകൃതി സൗന്ദര്യം ആസ്വദിക്കണം. ഒപ്പം പഠിപ്പും മുന്നോട്ടു നീങ്ങണം. പഠിച്ച് ജയിച്ചാൽ പക്ഷി സങ്കേതത്തിൽ ജോലി കിട്ടും. പിന്നെ പ്രകൃതിയെ ലാളിക്കാം''. അവനെ സാലിം അലി തലയിൽ കൈ വച്ച് അനുഗ്രഹിച്ചു. ''നിനക്ക് പക്ഷികളിൽ താൽപര്യമുണ്ടോ?'' ''ഉണ്ട്. വർണ്ണങ്ങൾ എന്നെ ആകർഷിക്കുന്നു. അതൊരു മാസ്മര വലയമാണ്,'' അവൻ മറുപടി നൽകി. സാലിം അലിയുടെ കണ്ണുകൾ തിളങ്ങി.

അടുത്ത തവണ സാലിം അലി ഭരത്പൂരിൽ എത്തിയപ്പോൾ ബോലുവിന് പക്ഷിയുടെ ഒരു വർണ്ണചിത്ര പുസ്തകം നൽകി. ''പുസ്തകം നോക്കി സമയം കളയരുത്. പഠിപ്പിൽ ശ്രദ്ധവേണം. ഒഴിവ് സമയങ്ങളിൽ പുസ്തകം വായിച്ചാൽ മതി. ഞാൻ വീണ്ടും വരുമ്പോൾ നീ പഠിച്ചതെല്ലാം വിവരിക്കണം'' എന്ന് നിർദ്ദേശവും നൽകി.

ആ വാക്കുകൾ വലിയൊരു വഴിത്തിരിവായിരുന്നുവെന്ന് ബോലു പറഞ്ഞു. അവധിക്കാലത്ത് പുസ്തകം നോക്കി പക്ഷികളെ നിരീക്ഷിച്ചു. ചെറിയ കുറിപ്പുകൾ എഴുതി. കളർ പെൻസിൽ കൊണ്ട് ചിത്രങ്ങൾ വരച്ചു. ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള പക്ഷികളുടെ പേരുകൾ ഹൃദിസ്ഥമാക്കി.

മൂന്ന് മാസങ്ങൾക്ക് ശേഷം സാലിം അലി അതിശൈത്യകാലത്ത് ഭരത്പൂരിൽ എത്തി. അപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ വിസ്മയിപ്പിച്ചു. പിതാവിനോടൊപ്പം കമ്പിളി വസ്ത്രങ്ങൾ ധരിച്ച് ബോലുവും എത്തി. സാലിം അലി അതീവ സന്തോഷത്തോടെ അവൻ എഴുതിയ കുറിപ്പുകൾ വായിച്ച് അഭിനന്ദിച്ചു. അതോടെ അദ്ദേഹവുമായി ബോലുവിന്റെ സൗഹൃദം പുതിയ ഉയരങ്ങളിൽ എത്തി.

പത്താംക്ലാസ് പരീക്ഷ കഴിഞ്ഞപ്പോൾ ബോലു സങ്കേതത്തിൽ കൂടുതൽ സമയം ചിലവഴിച്ചു. അപ്പോൾ സാലിം അലിയുമായി ഒരാഴ്ചയോളം നിരീക്ഷണത്തിൽ വ്യാപൃതനായിരുന്നു.

മുംബൈയിലേക്ക് തിരിച്ചു പോയപ്പോൾ സാലിം അലി പറഞ്ഞു. "ബോലു, നീ കൂടുതൽ കുറിപ്പുകൾ എഴുതണം".

പത്താംക്ലാസ് ജയിച്ചപ്പോൾ ബോലുവിന് ഭരത്പൂർ പക്ഷി സങ്കേതത്തിൽ ഗൈഡായി ജോലി കിട്ടി. ആറുമാസം കഴിഞ്ഞപ്പോൾ വനം വകുപ്പിൽ ഫോറസ്റ്ററായി നിയമനമായി. മൂന്ന് വർഷം കഴിഞ്ഞപ്പോൾ റേഞ്ച് ഓഫീസറായി ഉദ്യോഗക്കയറ്റം കിട്ടി. അതോടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിഞ്ഞുവെന്ന് ബോലു പറഞ്ഞു.

ഭരത്പൂരിലെ പക്ഷി നിരീക്ഷണക്കുറിപ്പുകൾ അവൻ മുടങ്ങാതെ എഴുതി സാലിം അലിക്ക് പലപ്പോഴായി കൈമാറി. നവംബർ മുതൽ ഭരത്പൂരിൽ യൂറോപ്പിൽ നിന്നുള്ള ദേശാടനപക്ഷികൾ എത്തും. പക്ഷികളുടെ ചിറകിലും ശരീരത്തിലും വർണ്ണങ്ങൾ മേളിക്കുന്നത് കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചയാണ്. താറാവ് വർഗ്ഗത്തിൽപ്പെടുന്ന വലിയ പക്ഷികൾ സങ്കേതത്തിലെ ജലാശയത്തിൽ നിറയും. അവ ഇടവിട്ട് ആകാശത്തിലേക്ക് കുതിച്ചുയരും. ഒരു യവനിക പോലെ. ഈ കാഴ്ച അവിസ്മരണീയമാണെന്ന് ബോലു പറയും. മനസ്സിൽ അവ മായാതെ നില്ക്കും.. സൈബീരിയയിൽ നിന്നെത്തുന്ന സൈബീരിയൻ കൊക്കുകളും സന്ദർശകരെ ആകർഷിക്കും.

'വലിയൊരു സൗഹൃദ വലയമാണ് സാലിം അലിയോടൊപ്പം പടുത്തുയർത്താൻ കഴിഞ്ഞത്. ജീവിതത്തിൽ അതായിരുന്നു വലിയൊരു നേട്ടം". ബോലു പറഞ്ഞു. 1987ൽ സാലിം അലി കഥാവശേഷനായി. അതിന് രണ്ട് വർഷങ്ങൾക്ക് മുമ്പ് തന്നെ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി മോശമായതിനാൽ സങ്കേതം സന്ദർശിക്കാൻ കഴിഞ്ഞില്ല. പക്ഷെ രണ്ട് മൂന്ന് പ്രാവശ്യം അദ്ദേഹത്തിന്റെ എഴുത്ത് കിട്ടിയിരുന്നു. ഒരിക്കൽ ഫോണിൽ സംസാരിക്കുകയും ചെയ്തു.

"സർവ്വീസിൽ നിന്ന് വിരമിച്ച് പതിനഞ്ച് വർഷങ്ങൾ കഴിഞ്ഞുവെങ്കിലും ഞാൻ മുടങ്ങാതെ രാവിലെ സങ്കേതത്തിൽ എത്തും. ഓരോ സന്ദർശനവും എനിക്ക് സ്വപ്നതുല്യമാണ്. ബാലു പറഞ്ഞു.

രാവിലെ എഴുന്നേറ്റ് പ്രാതൽ കഴിച്ച് സ്കൂട്ടറിൽ ബോലു ഭരത്പൂരിൽ എത്തും. ഉച്ചയ്ക്ക് പന്ത്രണ്ടരയോടെ വീട്ടിൽ തിരിച്ചെത്തും.

വൈകീട്ട് ഒരു മണിക്കൂർ വായിക്കും. സാലിം അലിയുടെ ഇന്ത്യൻ പക്ഷികളെ കുറിച്ചുള്ള പത്ത് വാല്യങ്ങളിലുള്ള ബൃഹത്തായ ഗ്രന്ഥം വീട്ടിലെ ഷെൽഫിൽ ഉണ്ട്... അത് മറിച്ചു നോക്കും. പലതവണ വായിച്ചതാണ്. എങ്കിലും കൗതുകത്തോടെ വീണ്ടും മറിച്ചു നോക്കും. പക്ഷികളെ കുറിച്ച് ഇംഗ്ലീഷ്, ഹിന്ദി പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു വരുന്ന റിപ്പോർട്ടുകൾ എല്ലാം ഭദ്രമാക്കി സൂക്ഷിക്കാൻ ഫയൽ ഉണ്ട്. ഷെൽഫിൽ പുസ്തകങ്ങളും നിരവധി. സാലിം അലിയുടെ സുഹൃത്തുക്കൾ പലരും സങ്കേതത്തിൽ എത്തുമ്പോൾ ബോലുവിനെ വിളിക്കും. അവരോടൊപ്പമിരുന്ന് കഴിഞ്ഞ കാലം ഓർമ്മിക്കുക പതിവാണ്.

സങ്കേതത്തിലെ ഗസ്റ്റ്ഹൗസായ ശാന്തികുടീരത്തിന് മുന്നിൽ ഒരു വൃക്ഷമുണ്ട്. അതിന്റെ



ഭരത്പൂർ പക്ഷി സങ്കേതം
ചിത്രം: അജിത്ത് കുമാർ

പേരാണ് കദംബ വൃക്ഷം. സാലിം അലി 1984ൽ നട്ട വൃക്ഷമാണിതെന്ന് ഡി.എഫ്.ഒ. ആയിരുന്ന ബിജോ ജോയിയാണ് പറഞ്ഞത്. കൽപ്പവൃക്ഷം പോലുള്ള ഒന്നാണീ വൃക്ഷം.

ലോകപ്രശസ്തരായ നിരവധി പ്രകൃതി ശാസ്ത്രജ്ഞന്മാരുമായും ഡോക്യുമെന്ററി നിർമ്മാതാക്കളുമായയും ബന്ധപ്പെടാൻ തനിക്ക് കഴിഞ്ഞുവെന്ന് ബോലു പറഞ്ഞു. അതിൽ ടെലിവിഷൻ അവതാരകനായ ഡേവിഡ് ആറ്റൻബറോയുമായുള്ള കൂടിക്കാഴ്ച അവിസ്മരണീയമായിരുന്നുവെന്ന് ബോലു പറഞ്ഞു. അദ്ദേഹം നിർമ്മിച്ച ഭരത്പൂർ ചിത്രം ലോകപ്രസിദ്ധമായി. സങ്കേതത്തിലേക്ക് വിദേശ ടൂറിസ്റ്റുകളുടെ പ്രവാഹത്തിന് അത് കാരണമായി.

ദേശാടനപക്ഷിയുടെ വൈവിധ്യമാർന്ന വർണ്ണങ്ങൾ കണ്ടപ്പോൾ ആശയകുഴപ്പത്തിലായതുപോലെ ഡേവിഡ് ആറ്റൻബറോ നിന്നു. അദ്ദേഹം വിസ്മയത്തോടെ പറഞ്ഞു. "ഞാൻ വർണ്ണങ്ങൾ കണ്ട് അന്ധാളിച്ചു പോയി. പസഫിക് സമുദ്രത്തിലെ പപ്പുവ ന്യൂഗിനിയിലെ പറുദീസ പക്ഷികളെ കണ്ട അനുഭവമാണ് ഭരത്പൂരിൽ. എല്ലാം വിസ്മയക്കാഴ്ചകൾ", അദ്ദേഹത്തിന്റെ ഡോക്യുമെന്ററിയിൽ ബോലുവും ഇടംതേടിയിട്ടുണ്ട്.

1983 ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഭരത്പൂർ സന്ദർശിച്ചു. നാല് മണിക്കൂർ അവിടെ വർണ്ണപക്ഷികളെ നിരീക്ഷിച്ചു. പോലീസ് സേനയെ സങ്കേതത്തിൽ വിന്യസിക്കുകയേ വേണ്ടാ എന്ന് ഇന്ദിരാഗാന്ധി പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. ഡി.ജി.പി.യും മറ്റ് രണ്ട് ഉന്നത ഉദ്യോഗസ്ഥരും മാത്രം തന്റെ കൂടെ മതിയാകും. കൂടാതെ ഗവർണറും മുഖ്യമന്ത്രിയും സാലിം അലിയും മാത്രം. പക്ഷെ ബോലുവിനെ കൂടി ഉൾപ്പെടുത്താൻ സാലിം അലി നിർദ്ദേശിച്ചപ്പോൾ ഇന്ദിരാഗാന്ധി അതിന് അനുമതി നൽകി.

സങ്കേതത്തിൽ പ്രധാനമന്ത്രി ഇരുന്ന് ബൈനോക്കുലറിലൂടെ പക്ഷി നിരീക്ഷണം നടത്തിയ കോൺക്രീറ്റ് ബഞ്ച് ചൂണ്ടിക്കാട്ടി ബോലു പറഞ്ഞു "തൊട്ടു പിന്നിൽ ഞാനും നിന്നു. അത് ജീവിതത്തിലെ വലിയൊരു ദിവസമായിരുന്നു"

ലോക പ്രശസ്തരായ വന്യജീവി ശാസ്ത്രജ്ഞരായ ജോർജ്ജ് ഷാലർ, പീറ്റർ ജാക്സൺ, ധില്ലൻ റിപ്ളി എന്നിവരുമായി ബോലുവിന് പരിചയപ്പെടാൻ കഴിഞ്ഞു.

മലയാളികളിൽ ചിലരെ എനിക്ക് മറക്കാൻ കഴിയില്ല- ബോലു പറഞ്ഞു. ഭരത്പൂരിലെ ഹൈഡ്രോ ബയോളജി പ്രോജക്ടിന്റെ ചുമതല വഹിച്ച ഡോ. വി.എസ്. വിജയനും ഭാര്യ ഡോ. ലളിതയുമായും അടുത്ത സൗഹൃദം പുലർത്താൻ തനിക്ക് കഴിഞ്ഞു. സൈബീരിയൻ കൊക്കുകളെക്കുറിച്ചുള്ള പഠനമാണ് ഡോ. ലളിത നടത്തിയിരുന്നത്. നിരവധി മലയാളി ശാസ്ത്രജ്ഞന്മാരും പ്രോജക്ടിൽ ഉണ്ടായിരുന്നു. പ്രശസ്ത വന്യജീവി ഫോട്ടോഗ്രാഫർമാരും ഭരത്പൂരിൽ എത്തിയിരുന്നു. എം.വൈ. ഗോർപഡെ, എം. കൃഷ്ണൻ, ടി. എൻ.എ പെരുമാൾ എന്നിവരുമായും സൗഹൃദം ഉണ്ടായിരുന്നു.

'എല്ലാം മറക്കാനാവാത്ത അനുഭവങ്ങൾ', ബോലു പറഞ്ഞു. 'എന്നും സാലിം അലിയെ സ്മരിക്കും.' ▪



# സ്വർഗ്ഗീയ തടാകത്തിലേക്ക് ഒരു യാത്ര

**ഒ. ജയരാജൻ** ഐ.എഫ്.എസ് (റിട്ട.)
മുൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ
വനം വകുപ്പിലെ ആദ്യ കൈലാസ സഞ്ചാരി

സ്വർഗത്തിലെ തടാകമായ കൈലാസത്തിലേക്ക് സ്വപ്നതുല്യമായ ഒരു യാത്ര. കാഠിന്യം കൊണ്ട് മനസ്സ് പിളരുന്ന യാത്ര കൂടിയായിന്നു അത്. എന്നാൽ പ്രകൃതിയുടെ അനുഗ്രഹത്താൽ അത് സ്വർഗീയ അനുഭൂതി പകർന്ന യാത്രയായി. യാത്രയുടെ പല ഘട്ടങ്ങളിലായി ആകാംക്ഷയും ഭയാശങ്കകളും ഉണ്ടായി. പക്ഷെ അതൊക്കെ മാറിമാറി വന്ന അനുഭവങ്ങൾ മാത്രമായിരുന്നു. സമ്മിശ്ര വികാരങ്ങൾ എന്ന് പറയാം. തുടക്കത്തിൽ തന്നെ മാസ്മര ഭംഗിയുടെ വശീകരണ വലയത്തിൽ ഞങ്ങൾ അകപ്പെട്ടു. കയ്യെത്തും ദൂരത്തിൽ മേഘങ്ങൾ. രാത്രി ആകാശഗംഗയുടെ അഭൗമ ഗാംഭീര്യം. വാക്കുകൾക്കതീതമായ പ്രകൃതിയുടെ രൂപഭാവങ്ങൾ. മനസ്സിൽ ആശ്വാസം അലയടിച്ചു.

1996 ൽ ആയിരുന്നു എന്റെ കൈലാസ യാത്ര. ഒരു കൈലാസ് ജേതാവിനെ ആദ്യമേ കണ്ടിരുന്നു. മുൻ എം.എൽ.എ. കെ.വി. സുരേന്ദ്രനാഥ്. അദ്ദേഹം അനുഭവങ്ങൾ കൈമാറി. മെഡിക്കൽ ടെസ്റ്റ് കഴിഞ്ഞപ്പോൾ ഡോക്ടർമാർ പറഞ്ഞു "സുരേന്ദ്രനാഥ്, താങ്കൾക്ക് പോകാൻ കഴിയില്ല. മെഡിക്കൽ ഫിറ്റ്നസ് ഇല്ല."പക്ഷെ അദ്ദേഹം നിരാശനായില്ല. മനസ്സിന്റെ ശക്തിമാത്രം ആശ്രയിച്ച് അദ്ദേഹം കൈലാസത്തിലെ പാതകൾ പിന്നിട്ടു. വിജയിച്ചു.

ലക്ഷ്യത്തിലെത്താൻ കഴിയുമെന്നുള്ള ആത്മവിശ്വാസമുണ്ടെങ്കിൽ കൈലാസത്തിന്റെ മുകൾത്തട്ടിലെത്താം. അതാണ് സുരേന്ദ്രനാഥ് തെളിയിച്ചത്. അദ്ദേഹത്തിന്റെ വാക്കുകൾ എനിക്ക് പ്രചോദനമായി. ഞാനും കൈലാസത്തിൽ വിജയക്കൊടി നാട്ടി. ജീവിതത്തിലെ ഒരു വിജയപർവ്വം.

എന്റെ അപേക്ഷ കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിൽ ലഭിച്ചപ്പോൾ തുടർ നടപടികൾക്ക് സഹായിച്ചത് മന്ത്രാലയത്തിലെ സെക്ഷൻ ഓഫീസറും മലയാളിയുമായ മുരളീധരൻ ആയിരുന്നു. അന്ന് 'മാതൃഭൂമി' ഡൽഹി ചീഫ് റിപ്പോർട്ടറായ ജി. ഷഹീദ് ഫോളോ അപ്പ് ചെയ്തു. യാത്രയ്ക്കുള്ള തുടക്കംകുറിക്കുന്ന ഘട്ടത്തിൽ ഏതോ അദൃശ്യശക്തി ചെവിയിൽ മന്ത്രിക്കുന്നത് പോലെ തോന്നി. സ്വർഗ്ഗത്തിലെ തടാകമാണ് കൈലാസം. മാനസസരസിന്റെ ബിംബങ്ങൾ മനസ്സിൽ ഉദിച്ചു. ജീവിതത്തിൽ എന്നെങ്കിലും മാനസസരസും കൈലാസവും കാണണമെന്ന ആഗ്രഹം മനസ്സിനെ പലപ്പോഴും ഭ്രമിപ്പിച്ചു അതാണ് 1996 ൽ സാക്ഷാത്കരിച്ചത്.

ഹിമാലയം താണ്ടിക്കടന്നാൽ അങ്ങ് വടക്കുകിഴക്കുള്ള തിബത്തൻ പീഠഭൂമിയിൽ കൈലാസവും മാനസസരസ്സും സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ കാണാൻ കഴിയും. ലോകത്തെ ഏറ്റവും കഠിനമായ ഒരു തീർത്ഥയാത്രയായിട്ടാണ് കൈലാസയാത്രയെ വിദേശവാസികൾ കാണുന്നത്. നാലു മതങ്ങളിൽപ്പെട്ട ഏഷ്യൻ ജനത കൈലാസ-മാനസരസ് പ്രദേശത്തെ പുണ്യഭൂമിയായി കാണുന്നു.

മലയാളികൾക്ക് ആദ്യമായി കൈലാസയാത്രയെപ്പറ്റി വിവരങ്ങൾ ലഭിക്കുന്നത് തപോവന സ്വാമികളിൽ (1889-1957) നിന്നാണ്. സ്വാമികളുടെ പൂർവ്വാശ്രമം പാലക്കാട് ജില്ലയിലായിരുന്നു. 1925-ൽ സ്വാമികൾ ആദ്യത്തെ കൈലാസ-മാനസയാത്ര നടത്തി. വനഭിക്ഷു എന്ന പേരിൽ തനിക്കുണ്ടായിരുന്ന അനുഭവങ്ങൾ അക്കാലത്ത് മനോരമയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. തുടർന്ന് മനോരമ ഈ യാത്രാനുഭവങ്ങൾ 1928-ൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. കൈലാസത്തെപ്പറ്റിയുള്ള ആദ്യത്തെ മലയാള ഗ്രന്ഥം വനഭിക്ഷു രചിച്ച "കൈലാസയാത്ര" ആണെന്ന് ഞാൻ വിശ്വസിക്കുന്നു. 1930-ൽ സ്വാമികൾ രണ്ടാമത്തെ കൈലാസയാത്ര നടത്തി. അതിനു ശേഷം പ്രസിദ്ധീകരിച്ച 'ഹിമഗിരിവിഹാരം' എന്ന ഗ്രന്ഥം വളരെ പ്രസിദ്ധമാണ്. പ്രണവാനന്ദ സ്വാമി (1896-1988) ഇരുപതു തവണയെങ്കിലും കൈലാസയാത്ര നടത്തിയിട്ടുണ്ട്. മാനസസരസ്സിൽ പ്രത്യേകം നിർമ്മിച്ച അലൂമിനിയം ബോട്ടിലൂടെ യാത്ര ചെയ്ത് ആ അദ്ഭുത സരസ്സി



നെപ്പറ്റി പഠിച്ചിട്ടുണ്ട്. പ്രണവാനന്ദ സ്വാമിയുടെ 'Exploration in Tibet' എന്ന ഗ്രന്ഥം ഈ പ്രദേശത്തെപ്പറ്റി ഒരുപാട് അറിവുകൾ തരുന്നു. പ്രകൃതി സ്നേഹിയും പൊതു പ്രവർത്തകനുമായിരുന്ന കെ.വി. സുരേന്ദ്രനാഥ് (ആശാൻ) 1988-ൽ കൈലാസ-മാനസയാത്ര നടത്തി തന്റെ അനുഭവകഥ 'ആകാശത്തിന്റെ മുകൾത്തട്ടിലൂടെ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നെപോലെ പല മലയാളികൾക്കും അദ്ദേഹത്തിന്റെ അനുഭവം പ്രചോദനമായിട്ടുണ്ട്.

കൈലാസ പർവ്വതവും മാനസസരോവരവും സ്ഥിതി ചെയ്യുന്നത് ചൈനീസ് നിയന്ത്രണത്തിലുള്ള തിബറ്റൻ പീഠഭൂമിയിലാണ്. അവിടേക്കുള്ള യാത്ര ബഹുവിധ നിയന്ത്രണങ്ങൾക്ക് വിധേയമാണ്. 1982-ൽ ചൈനീസ് സർക്കാർ സഞ്ചാരികൾക്ക് അനുവാദം നൽകിത്തുടങ്ങി. ഈ പുണ്യഭൂമി കണ്ടെത്തിയത് ഇന്ത്യയിൽ മഹാരാജാവായി പിന്നീടു സന്യാസം സ്വീകരിച്ച മന്ധാതാ രാജാവായിരുന്നു എന്ന് ചരിത്രം. നിലവിൽ ഇവിടേക്കുള്ള യാത്ര ഇന്ത്യ-ചൈന രാജ്യങ്ങളുടെ നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ്.

വിദേശകാര്യവകുപ്പിനു അപേക്ഷ നൽകി ചൈനീസ് സർക്കാരിന്റെ അനുമതി ലഭ്യമാക്കിക്കൊണ്ട് വർഷത്തിൽ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ മാത്രമാണ് യാത്രാനുമതി നൽകുന്നത്. മുപ്പതുപേർവരെ ഉൾക്കൊള്ളുന്ന ചെറിയ ബാച്ചുകളായാണ് യാത്രികരെ അയക്കുന്നത്. ലോകത്തിലെ തന്നെ ഏറ്റവും കഠിനമായ ഒരു തീർത്ഥയാത്രയായാണ് കൈലാസ യാത്ര അറിയപ്പെടുന്നത്. ഡൽഹിയിൽ നിന്നും ട്രെഡ്മിൽടെസ്റ്റ് അടക്കമുള്ള വൈദ്യപരിശോധനയിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്കുമാത്രം യാത്രാനുമതി നൽകുന്നു. ആരോഗ്യമുണ്ടെങ്കിൽ പ്രായം പ്രശ്നമാകുന്നില്ല. യാത്രികർക്ക് പാസ്പോർട്ട് അത്യാവശ്യമാണ്. സമുദ്രനിരപ്പിൽ നിന്നും 19600 അടിവരെ സഞ്ചരിക്കാനുള്ള ഈ യാത്രയിൽ അതിശൈത്യം, ഹിമക്കാറ്റ്, ഹിമക്കട്ടി, ശ്വാസകോശരോഗം (പൾമൊണറി എഡിമ) ആൾറ്റിറ്റിയൂഡ് സിക്ക്നെസ്സ് മുതലായ ജീവാപായ സാധ്യതകൾ ഒഴിവാക്കാനുള്ള എല്ലാ സജ്ജീകരണങ്ങളും ആവശ്യമാണ്.

ഡൽഹിയിൽ നിന്നു തുടങ്ങി കുമോൺ ഹിമാലയത്തിന്റെ മനോഹരമായ ദൃശ്യങ്ങൾ ആസ്വദിച്ചുകൊണ്ട് അൽമോറ, നൈനിറ്റാൾ, പിറ്റോർഗാഡ് വഴി നേപ്പാൾ അതിർത്തിപ്പട്ടണമായ ധർച്ചുളയിൽ യാത്രികർ രണ്ടാം ദിവസം എത്തിച്ചേരുന്നു. ധർച്ചുള പണ്ട് പാണ്ഡവർ അടുപ്പു കൂട്ടിയ സ്ഥലമെന്ന് പുരാണകഥ. അവിടെനിന്നും ഇന്ത്യ-നേപ്പാൾ അതിത്തിയിലൂടെ സഞ്ചരിച്ച് തിബറ്റൻ അതിർത്തിയിൽ എത്തിച്ചേരുന്നു. ഇവിടംവരെ യാത്ര നയിക്കുന്നത് കുമോൺ മണ്ഡൽ വികാസ് നിഗം എന്ന സർക്കാർ നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര കോർപ്പറേഷനാണ്. അതിനുശേഷം യാത്രികരെ ചൈനീസ് അധികൃതർക്ക് കൈമാറുന്നു.

കഴിഞ്ഞ കുറേ വർഷങ്ങളായി വിവിധ ടൂറിസ്റ്റ് ഏജൻസികൾ നേപ്പാളിൽ കാഠ്മണ്ഡു വഴി കൈലാസയാത്ര സംഘടിപ്പിച്ചു വരുന്നുണ്ട്. ലിപു ലേക്ക് പാസ്സ് വഴി നടന്നു കയറുമ്പോൾ 32 ദിവസം എടുത്തിരുന്ന യാത്ര ഇന്ന് കേവലം 12 ദിവസം കൊണ്ട് സാധ്യമാവുന്നുണ്ട്.


ഡൽഹി, അൽമോറ വഴിയുള്ള റൂട്ടിൽ റോഡ് യാത്രയിലുള്ള അവസാനത്തെ ക്യാമ്പ് നേപ്പാൾ അതിർത്തിയിലെ ധർച്ചുള എന്ന ചെറിയ പട്ടണത്തിലാണ്. ഇവിടെ ഒരു പാലം കടന്നാൽ നേപ്പാൾ രാജ്യമായി. യാത്രികർക്ക് ഷോപ്പിങ് നടത്താനുള്ള അവസാനത്തെ അവസരം ഇവിടെയാണ്. പിറ്റേന്നു മുതൽ ഹിമവാന്റെ മുകൾത്തട്ടിലേക്കുള്ള പദയാത്രയാണ്. ആവശ്യമുള്ളവർക്ക് കുതിരകളെയും ഗൈഡുകളെയും സംഘടിപ്പിക്കാം. വില പേശൽ ഉണ്ടെങ്കിലും മറ്റു വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ളവരേക്കാൾ മാന്യരും കഠിനാധ്വാനികളും ആത്മാർത്ഥതയുള്ളവരുമാണ് പൊതുവെ

പഹാഡികൾ എന്നറിയപ്പെടുന്ന ഇവിടുത്തെ കുതിരക്കാരും ഗൈഡുകളും.

റോഡുയാത്ര അവസാനിക്കുന്നത് ധർച്ചുള യിൽ നിന്നും 10. കി.മീ അകലെയുള്ള തവാഘ ട്ടിൽ ആണ്. പിന്നീട് ഇന്ത്യ-ചൈന അതിർത്തി വരെ നീളുന്ന ഒൻപത് ദിവസത്തെ കഠിനമായ യാത്ര. ജീവാപായം സംഭവിക്കാവുന്ന പല ദുർഘട വഴികളും ഉണ്ടാകും. ഒരു ഭാഗത്ത് ഏകദേശം 2000 അടിവരെ താഴെയുള്ള അഗാധ ഗർത്തത്തിലൂടെ കുത്തിയൊഴുകുന്ന കാളിനദി മറുഭാഗത്ത് കിഴുക്കാം തൂക്കായ മലയുടെ നെഞ്ചിലൂടെ ഒറ്റയടിപ്പാതയിലൂടെയുള്ള നടപ്പ്. കാൽ വഴുതി കാളി നദിയിൽ ഒഴുകിപ്പോയ ഒരുപാടു കഥകൾ പോകുംവഴി നാം കേൾക്കു ന്നു. മലയിടിച്ചിലും പാറക്കല്ലുകൾ പെട്ടെന്ന് താഴോട്ട് വരുന്നതും ഏതു സമയത്തും പ്രതീ ക്ഷിക്കാവുന്ന അപകടങ്ങളാണ്. കുതിരയുടെ സഹായമില്ലാതെ കാൽനടയായു ള്ള കയറ്റം ക്ലേശകരമാണെങ്കിലും ഒരു പ്രത്യേക സുഖം തരുന്നു.

പാങ്കു, സിർക്ക, ഗല, മാൽപെ, ബുധി. ഗുഞ്ചി എന്നീ ക്യാമ്പുകൾ കഴിയുമ്പോഴേക്ക് ഹിമാലയത്തി ലെ വൃക്ഷനിരകൾ കഴിയുന്നു. ആദ്യ ദിവസം തന്നെ യാത്രയുടെ കാഠിന്യം ഏവർക്കും ബോധ്യപ്പെടും. യാത്രാസംഘത്തോടൊപ്പം വിദേശ കാര്യവകുപ്പ് നിശ്ചയിക്കുന്ന ഒരു ലെയ്സൺ ഓഫീസർ യാത്ര നിയന്ത്രിക്കുന്നു. കുമോൺ മണ്ഡൽ വികാസ് നിഗം പ്രതിനിധി എല്ലാ ദിവസവും യാത്രയുടെ അപകട സാധ്യതകളെക്കുറിച്ചും എടുക്കേണ്ട മുൻകരുതലുകളെ പ്പറ്റിയും മുൻകൂട്ടി വിവരിച്ചു തരുന്നു. കർശനമായ അച്ച ടക്കവും, പുകവലി, മദ്യപാനം എന്നിവ വർജ്ജിക്കലും അപകട സാധ്യത കുറയ്ക്കുന്നു. എങ്കിലും പ്രകൃ തിക്ഷോഭങ്ങൾ അപ്രതീക്ഷിതമായ അപായങ്ങൾ വരുത്തിവെക്കും. വർഷങ്ങൾക്കു മുൻപ് മാൽപ്പെയിലു ണ്ടായ മണ്ണിടിച്ചിലിൽ ഇന്ത്യയിലെ പ്രസിദ്ധ നർത്തകി പ്രൊതിമ ബേദി ഉൾപ്പെടെ ഒട്ടേ റെപ്പേർ മരണപ്പെട്ടു.

**ആപ്പിൾ, പിയേർസ്, പീച്ച്, പ്ലം, ആപ്രിക്കോട്ട് തുടങ്ങിയ പഴങ്ങളും, സാൽ, ശിഷാം, ഓക്ക്, ദേവതാരു തുടങ്ങിയ വൃക്ഷങ്ങളും മൂവായിരത്തോളം ഇനങ്ങളിൽപ്പെട്ട പുഷ്പങ്ങളും ഹിമാലയത്തെ ധന്യമാക്കുന്നു.**



ഗുഞ്ചി ക്യാമ്പിനുശേഷം വാർത്താവിനിമയം ഇൻഡോ ടിബറ്റൻ ബോർഡർ സെക്യൂരിറ്റി സേന മുഖേനയും ഇന്ത്യൻ ആർമി വഴിയും മാത്രം. യാത്രികരെ അതിർത്തിവരെ സഹായി ക്കുന്നതും ഇവർ തന്നെ. ഹിമാലയത്തിൽ 10000 അടിക്ക് ശേഷം പ്രാണവായുവിന്റെ കുറവ് പല യാത്രികരെയും ബുദ്ധിമുട്ടിക്കാറുണ്ട്. ചിലർക്ക് മടങ്ങി വരേണ്ടിവരും. അതുകൊണ്ട് ഗുഞ്ചി യിൽ വീണ്ടും ഒരു മെഡിക്കൽ പരിശോധന യ്ക്കു ശേഷമേ യാത്രികർക്ക് മേലോട്ട് യാത്രാനുമതി നൽകാറുള്ളൂ.

താണ്ടിയ വഴിയുടെ യാത്രാഭംഗി അവർണനീയമാണ്. പലതരം പൂക്കളും, പച്ചപ്പും നീർച്ചാലുകളും ആകർഷണീയമായ കൃഷിരീതികളും പുൽക്കറ്റകൾ തലച്ചുമടാക്കി മലയിറങ്ങുന്ന ബോട്ടിയാ സുന്ദരികളും ഹിമാ ലയത്തെ പതിന്മടങ്ങ് സൗന്ദര്യമുള്ളതാക്കു ന്നു. ശക്തിയായി അടിക്കുന്ന മലങ്കാറ്റ് വീടുകളുടെ മേൽക്കൂര എടുത്തുകളയും. ഗ്രാമവാസി കൾ ഇതിനെ പ്രതിരോധിക്കാൻ വലിയ കൽച്ചില്ലുകൾ കൊണ്ടു വീട്മേയുന്നു. ആപ്പിൾ, പിയേർസ്, പീച്ച്, പ്ലം, ആപ്രിക്കോട്ട് തുടങ്ങിയ പഴങ്ങളും, സാൽ, ശിഷാം, ഓക്ക്, ദേവതാരു തുടങ്ങിയ വൃക്ഷങ്ങളും മൂവായിരത്തോളം ഇനങ്ങളിൽപ്പെട്ട പുഷ്പങ്ങളും ഹിമാലയത്തെ ധന്യമാക്കുന്നു. മനസ്സിൽ ഓർത്തു വെക്കുന്ന മറ്റൊരു സംഭവം സിർ ക്കയിക്കടുത്തുള്ള മനോഹരമായ നാരായണാശ്രമത്തിൽ ലഭിച്ച മാതാജിയുടെ സ്നേഹോഷ്മള മായ സ്വീകരണമാണ്.

ഗുഞ്ചിയിൽ നിന്നും തുടർയാത്ര കാലാപാനി, നബിഡാങ് വഴി ലിപുലേക്ക് പാസ്സിലേക്ക്. ഇതി നിടയിൽ ഛോട്ടാ കൈലാസ്, ഓം എന്ന അക്ഷരം പാറയിൽ മഞ്ഞു കൊണ്ട് എഴുതിയി രിക്കുന്ന അപൂർവ്വ കാഴ്ചയായ 'ഓം പർവ്വതം' തുടങ്ങി പറഞ്ഞറിയിക്കാ നാവാത്ത പലതും കണ്ടു. നബിഡാ ങ്ങിൽ പണ്ടെപ്പോഴോ തകർന്നു വീണ ഒരു ഹെലികോപ്റ്ററിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്.

നബിഡാങ്ങിൽ നിന്ന് ചൈനീസ് അതിർത്തിയായ ലിപുലേക്ക് പാസ്സിലേക്കുള്ള 7 കി.മീ ദൂരം ഈ യാത്രയിലെ ഏറ്റവും ദുർഘടവും അപകടം പതിയിരിക്കുന്നതുമായ ഭാഗമാണ്. ഹിമക്കാറ്റ് ഇല്ലാത്ത സമയം നോക്കി യാത്ര തുടങ്ങണം. വെളുപ്പിന് 3 മണിയോടെ കൊടും തണുപ്പിൽ കട്ടി വസ്ത്രങ്ങളും, കൈയുറകളും ഹിമക്കണ്ണാടിയും ധരിച്ച് യാത്ര തുടരുന്നു. യാത്രയിൽ അങ്ങോളമിങ്ങോളം ഉപയോഗിക്കുന്ന ഓടകൊണ്ടുള്ള പ്രത്യേകതരം ഊന്നുവടി ഇവിടെ പലപ്പോഴും ജീവന് താങ്ങാണ്.
കട്ടിയേറിയ മഞ്ഞിൽ വഴുതിവീണ് താഴോട്ട് ഊർന്നുപോയാലും ചിലപ്പോൾ മരണം സംഭവിക്കാം. എന്റെ ജീവിതത്തിലുള്ള കഠിനയാത്രകളിൽ ഞാൻ ഏറ്റവും പരിക്ഷീണനായത് ലിപുലേക്ക് കയറ്റത്തിലാണ്. പിൻവാങ്ങുമോ എന്ന ശങ്ക മനസ്സിനെ നിർവീര്യമാക്കിക്കൊണ്ടിരുന്നു. ഒരടി മുന്നോട്ടു വക്കാൻ സർവ്വശക്തിയും ഉപയോഗിക്കേണ്ടിവന്നു. അവസാനം കടമ്പ കടന്ന് ചൈനീസ് അധികൃതർ സ്വീകരിക്കാൻ എത്തിയപ്പോൾ ഉണ്ടായ ആഹ്ലാദം അനുഭവിച്ചപ്പോൾ എല്ലാം മറന്നു.

പക്ഷേ ആ സന്തോഷം അധികനേരം ലഭിച്ചില്ല. അതുവരെ താങ്ങും തണലുമായി നിന്നിരുന്ന ഇന്ത്യൻ ഗൈഡുകളും ഇന്തോ തിബറ്റൻ പോലീസും ഞങ്ങളെ ചീനക്കാരുടെ കൈവശം ഏൽപ്പിച്ചു തിരിച്ചുപോയി. തികച്ചും അപരിചിതരായ ആതിഥേയർ, എന്നേക്കാൾ ക്ഷീണിച്ച് അവശരായ രണ്ടു യാത്രികർ. പിന്നെ കിഴുക്കാംതൂക്കായി താഴെക്കിറങ്ങേണ്ട വഴി-ലിപുലേക്ക് പാസിൽ നിന്നും തിബറ്റിലെ തക്ക്ളാക്കോട്ടിലേക്ക് - എല്ലാംകൂടി പഴയ മട്ടിലെത്താൻ എതാണ്ട് അരദിവസം എടുത്തു. അതിനിടക്ക് ഇന്ത്യയും തിബറ്റും തമ്മിലുള്ള സമയ വ്യത്യാസം രണ്ടുമണിക്കൂർ. ആ നാട്ടിൽ സൂര്യൻ പതിനഞ്ചു മണിക്കൂറോളം ജ്വലിച്ചുകൊണ്ടേയിരിക്കും. രാത്രി 9 മണിക്കും പകൽ പോലെ വെളിച്ചം.

ലിപു ലേക്കിൽ നിന്നും തക്ക്ളാക്കോട്ടിലേക്കുള്ള യാത്രയിൽ അതുവരെ കാണാത്ത വിസ്മയങ്ങൾ. ഹരിതഭംഗിയും, ഹിമഭംഗിയും ആവോളം ആസ്വദിച്ചതിനുശേഷം നാം കാണുന്നത് തിബറ്റൻ പീഠഭൂമിക്കു ചുറ്റുമുള്ള മനോഹരങ്ങളായ പർവ്വത ദൃശ്യങ്ങളാണ്. വൃക്ഷങ്ങൾ ഒന്നുമില്ലാതെ നഗ്നമായ ഗിരിശൃംഗ സൗന്ദര്യം. പല വർണ്ണങ്ങളിൽ ആറു നിറങ്ങളിലുള്ള പർവ്വതങ്ങൾ നമുക്ക് പ്രത്യേകം വേർതിരിച്ച് കാണാൻ കഴിയും. 'മെക്കനാസ് ഗോൾഡ്' എന്ന പഴയ ഹോളിവുഡ് ചിത്രം ഓർമ്മയിൽ എത്തുന്നതുപോലെ തികച്ചും സ്വർണ്ണവർണ്ണത്തിലുള്ള മലകൾ വളരെ അടുത്തും, മറ്റു വർണ്ണഗിരിനിരകൾ വളരെ അകലെയും കാണാൻ സാധിക്കും ഏതൊരു സഞ്ചാരിക്കും ഈ കാഴ്ച മറക്കാൻ സാധിക്കില്ല.

തക്ക്ളാക്കോട്ടാണ് തിബറ്റിലെ അതിർത്തി പട്ടണം. ഒരു കാലത്ത് തിബറ്ററും ഇന്ത്യാക്കാരും നേപ്പാളികളും എല്ലാം കച്ചവടം ചെയ്തിരുന്ന മണ്ടികൾ ധാരാളം ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നു. ഈ കൊച്ചുപട്ടണം ഇപ്പോൾ തികച്ചും ചൈനീസ് നിയന്ത്രണത്തിലാണ്. വിദേശികളായ ഇന്ത്യാക്കാർ ചൈനീസ് പട്ടാളത്തിന്റെ ഒളിഞ്ഞും തെളിഞ്ഞുമുള്ള നിരീക്ഷണത്തിലാണ്. പല സ്ഥലങ്ങളിലും ക്യാമറ നിഷിദ്ധം. ഇവിടെ കസ്റ്റംസ് പരിശോധനയും യുവാനിലേക്കുള്ള കറൻസി മാറ്റവും എല്ലാം നടക്കുന്നു. എവിടെയോ ഒരു ശ്വാസംമുട്ടൽ നമുക്കനുഭവപ്പെടുന്നു. ഒരു വിദേശസഞ്ചാരി പ്രതീക്ഷിക്കുന്ന സ്വീകരണം തിബറ്റിൽ നമുക്ക് ലഭിക്കുന്നില്ല. സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സമൂഹത്തിനിടയിൽ എത്തിപ്പെട്ട പ്രതീതി. 50 വർഷത്തിൽപ്പരം ചൈനീസ് മേൽ



ക്കോയ്മയിൽ ഞെരിഞ്ഞമർന്ന ഒരു സംസ്കാരത്തിന്റെ അവശിഷ്ടം ദുഃഖത്തിനിട നൽകുന്നു. തിബറ്റുകാർക്ക് ഇന്ത്യയും ദലൈലാമയും ഇന്നും സ്വപ്നം മാത്രം.

തക്ക്ളാക്കോട്ട് ക്യാമ്പുചെയ്യുന്ന സഞ്ചാരികളെ രണ്ടു ബാച്ചുകളായി തിരിച്ചു കൈലാസ പരിക്രമണവും, മാനസസരോവര പരിക്രമണവും നടത്തുകയാണ് പതിവ്. ഓരോ പരിക്രമത്തിനും 3 ദിവസം വീതം എടുക്കുന്നു. മൊത്തം 6 സ്ഥലങ്ങളിലായി രാത്രി ക്യാമ്പ് ചെയ്യേണ്ടി വരും അതിശൈത്യം ഒഴിവാക്കാൻ ഈ ക്യാമ്പുകൾ എല്ലാം വലിയ വായുസഞ്ചാരമില്ലാതെ മൺഭിത്തികളാലും, മണ്ണിന്റെ മേൽക്കൂരയാലും നിർമ്മിച്ചവയാണ്. കൈലാസയാത്രയ്ക്ക് ടാർച്ചൻ, ഡിറെബു, സോങ്ങ് സെർബു എന്നിവിടങ്ങളിലും മാനസ യാത്രക്ക് ഹോറെ, ചുഗു, സൈഡി എന്നിവിടങ്ങളിലും ക്യാമ്പ് ഒരുക്കിയിട്ടുണ്ട്.

യാത്രക്കിടയിലെ ഏറ്റവും വലിയ പ്രശ്നം ഭക്ഷണവും ലഗേജുമാണ്. തിബറ്റിൽ തക്ക്ളാക്കോട്ട് ഒഴികെ മറ്റു സ്ഥലത്ത് ഭക്ഷണം ലഭ്യമല്ല. നാം തന്നെ പാകം ചെയ്തുണ്ടാക്കണം. ഇതിനു വേണ്ടിയുള്ള ഭക്ഷണസാമഗ്രികൾ എല്ലാം തന്നെ ഡൽഹി, ധർച്ചുള എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ചു വച്ചിട്ടുണ്ടായിരുന്നു. ഇവ കൊണ്ടു വരുന്നത് എപ്പോഴെങ്കിലും ക്യാമ്പിൽ എത്തുന്ന കുതിരകളാണ്.

തക്ക്ളാക്കോട്ടിൽ നിന്ന് ഏറ്റവും വടക്കേ അറ്റത്താണ് കൈലാസ് സ്ഥിതി ചെയ്യുന്നത്. പോകുന്ന വഴിക്ക് കിഴക്ക് മാനസസരോവറും, പടിഞ്ഞാറ് രാക്ഷസ തടാകവും കാണാം. പുരാണങ്ങളിൽ പല ഐതിഹ്യങ്ങളും ഈ പുണ്യഭൂമിയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഇരുപതു തവണയെങ്കിലും കൈലാസ് യാത്ര നടത്തിയ പ്രണവാനന്ദ സ്വാമികൾ ഈ സ്ഥലത്തെപ്പറ്റി അതിവിശദമായി തന്റെ രചനയിൽ വർണ്ണിച്ചിട്ടുണ്ട്. മഞ്ഞുകാലത്ത് പാറപോലെ ഉറച്ചു പോകുന്ന മാനസസരോവർ ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള ശുദ്ധജല തടാകമായിട്ടാണ് അറിയപ്പെടുന്നത്. ഇവിടെ വിവിധതരം അരയന്നങ്ങളും മത്സ്യങ്ങളും ഉണ്ടെങ്കിലും എന്റെ യാത്രയിൽ ഒന്നിനേയും കാണാൻ കഴിഞ്ഞില്ല

മഹാനദികളായ സിന്ധു, സത്‌ലജ്, കർനാലി, ബ്രഹ്മപുത്ര എന്നിവയുടെ ഉറവിടം കൈലാസ മാനസ പീഠഭൂമിയാണത്രെ. ഇന്ത്യൻ സഞ്ചാരികൾ ഏറെ താല്പര്യത്തോടെ സന്ദർശിക്കുന്ന രണ്ടു കേന്ദ്രങ്ങളാണ് ഖോജാർനാഥ ക്ഷേത്രവും സർദാർ സരോവർ സിങ്ങ് സ്മാരകവും. ഇവ രണ്ടും തക്ക്ളാകോട്ടിനു സമീപം തന്നെ സ്ഥിതി ചെയ്യുന്നു. ഖോജാർ നാഥ് ക്ഷേത്രം ഒരേ സമയം ഹിന്ദു ക്ഷേത്രമായും, ബുദ്ധമത ക്ഷേത്രമായും ആരാധിക്കപ്പെടുന്നു. ഹിന്ദു രാജാവായ സർദാർ സരോവർ സിങ് പൊരുതി മരിച്ച സ്ഥലത്ത് അദ്ദേഹത്തിന്റെ ശവകുടീരം സ്മാരകമായി നിലനിർത്തിയിരിക്കുന്നു.

ശിവസാന്നിധ്യത്തിൽ മാനസതടാകം ബ്രഹ്മാവ് സൃഷ്ടിച്ചതാണെന്ന് ഐതിഹ്യമുണ്ട്. ബ്രഹ്മാവ് മനസ്സിൽ ഒരു മനോഹരമായ തടാകം സങ്കൽപ്പിക്കുകയും അതിന്റെ ഭംഗിയിൽ മതിമറന്ന് അതിന് ഭൗതികരൂപം നല്കുകയും അങ്ങനെ മാനസസ്സരസ്സ് ഭൂമിയിൽ പിറക്കുകയും ചെയ്തുവെന്ന് ഐതിഹ്യം. സൃഷ്ടാവായ ബ്രഹ്മാവ് സ്വയം രൂപാന്തരം പ്രാപിച്ച് ആ സരോവരത്തിൽ സുവർണ്ണ ഹംസമായി നീന്തിക്കളിക്കാറുണ്ടെന്നും വിശ്വസിക്കുന്നു.

**വടക്ക് കൈലാസത്തിന്റെ പ്രതിബിംബവും തെക്ക് ഗുർലാം, മന്ധതാ പർവ്വതനിരകളുടെ പ്രതിബിംബവും നീലാകാശവും തൂവെള്ള മേഘങ്ങളും ബഹുവർണ്ണങ്ങളിൽ വെട്ടിത്തിളങ്ങുന്ന മനസസരോവറിനെ കൂടുതൽ ഭംഗിയുള്ളതാക്കുന്നു.**

കഥ എന്തായിരുന്നാലും ഈ തടാകം അവർണ്ണനീയമായ രീതിയിൽ മനോഹരമാണ്. വടക്ക് കൈലാസത്തിന്റെ പ്രതിബിംബവും തെക്ക് ഗുർലാം, മന്ധതാ പർവ്വതനിരകളുടെ പ്രതിബിംബവും നീലാകാശവും തൂവെള്ള മേഘങ്ങളും ബഹുവർണ്ണങ്ങളിൽ വെട്ടിത്തിളങ്ങുന്ന ഈ തടാകത്തെ കൂടുതൽ ഭംഗിയുള്ളതാക്കുന്നു.


പടിഞ്ഞാറു സ്ഥിതിചെയ്യുന്ന രാക്ഷസ തടാകം കരിനീല വർണ്ണത്തിലാണ്. സ്ഥലവാസികളുടെ ശരീരഭാഷയിലൂടെ നമ്മളും ആ തടാകത്തെ ഭയക്കുന്നില്ലെ എന്നു സംശയം. ശിവഭക്തനായ രാവണൻ ഈ തടാകത്തിൽ കുളിച്ചു എന്ന് ഐതിഹ്യമുണ്ടത്രെ. എന്തായാലും ഒരേ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന രണ്ടു ജലാശയങ്ങളിൽ മാനസസരസ്സിന് നമ്മുടെ മനസ്സിൽ ലഭിക്കുന്ന സ്ഥാനം രാക്ഷസ താലിനേക്കാൾ എത്രയോ ഉയരത്തിലാണ്.

കൈലാസ പരിക്രമത്തിൽ യാത്രികർ താണ്ടുന്ന ഏറ്റവും ഉയരം കൂടിയ ഭാഗം 19000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന 'ഡോള്മാ പാസ്' എന്ന ഭാഗമാണ്. ഇവിടെ ഡോള്മാ ദേവിയെ നമസ്ക്കരിച്ച് താഴോട്ടിറങ്ങുമ്പോൾ ഗൗരികുണ്ട് കാണാം. ഇത് പാർവ്വതി നീരാടിയ സ്ഥലമെന്ന് പുരാണം. മൂന്നു ദിവസത്തെ യാത്രയിൽ കൈലാസം എന്ന മഹാമേരുവിന്റെ വിവിധ ഭാവങ്ങൾ കാണാം. കിരാത മൂർത്തിയായ ശിവന്റെ ആസ്ഥാനം കൈലാസം തന്നെയെന്ന് ഏത് അവിശ്വാസിക്കും തോന്നിപ്പോകുന്ന അവസ്ഥ. എപ്പോഴും ഹിമത്തിൽ മൂടപ്പെട്ട ആ പർവ്വതം കീഴടക്കാൻ ഇതുവരെ മനുഷ്യന് കഴിഞ്ഞിട്ടില്ലത്രെ. ചൈനീസ് സർക്കാർ കൈലാസ പർവ്വം കയറുന്നത് നിരോധിച്ചിട്ടുണ്ട്.

കൈലാസ്-മാനസസരോവർ യാത്ര കേവലം ഒരു വിനോദയാത്രയെക്കാൾ വളരെ പ്രധാനപ്പെട്ട ഒരു തീർത്ഥ യാത്രയായിട്ടാണ് അറിയപ്പെടുന്നത്. തീർത്ഥ ജലം ശേഖരിച്ചു കൊണ്ടു പോകുന്നത് വലിയ സത്കർമ്മമായി കണക്കാക്കുന്നു. ഹജ്ജിനു പോയവർ പുണ്യജലമായ സംസം വെള്ളം കൊണ്ടുവരുന്നതുപോലെ ഹിന്ദുക്കൾക്ക് മാനസതീർത്ഥം ഏറ്റവും വിലപ്പെട്ട പുണ്യജലമാണ്. അവസാന നാളിൽ മാനസസരസ്സിൽ നിന്നും വലിയ പ്ലാസ്റ്റിക് ക്യാനുകളിൽ പുണ്യജലം ശേഖരിക്കുന്നു. അതിശൈത്യമുള്ള ജലാശയത്തിലിറങ്ങാൻ പലർക്കും മടി. ഗംഗാനദിയുടെ ഉത്ഭവസ്ഥാനമായ ഗോമുഖിൽ മുങ്ങിക്കുളിക്കാൻ ഭാഗ്യം ലഭിച്ച എനിക്ക് ഈ അവസരം വിനിയോഗിക്കാൻ ഏറെ സന്തോഷം. അരയോളം

വെള്ളത്തിൽ ഇറങ്ങി. നല്ല ശുദ്ധജലം ആവശ്യമുള്ളവർക്കെല്ലാം ഞാൻ എടുത്തുകൊടുത്തു. അപകടം ഞാൻ മണത്തറിഞ്ഞിരുന്നില്ല. ഏതാണ്ട് പൂജ്യം ഡിഗ്രി സെൽഷ്യസിലുള്ള താപനിലയിൽ ഏറെനേരം, ചെലവഴിച്ചതിനാൽ എന്റെ കാൽപാദങ്ങൾ പാടെ മരവിച്ചുപോയി. പെട്ടെന്ന് ഹിമക്കരടിയെപ്പറ്റിയും, രക്തഓട്ടം നിലച്ചാലുള്ള അവസ്ഥയെപ്പറ്റിയും ഒക്കെ ചിന്തിച്ച് അല്പം ഭയന്നുപോയി. കരയിലൂടെ കുറേനേരം ഓടിയെങ്കിലും ഫലമുണ്ടായില്ല. അവസാനം സ്റ്റൗ കത്തിച്ചു രണ്ടു കാലുകളും

ദർശനത്തിനു പോയത് പ്രകൃതിഭംഗിയും സാഹസികതയും ഒരുമിച്ചാസ്വദിക്കുക എന്ന ലക്ഷ്യത്തോടെയാണ് പക്ഷെ ആ മഹാത്ഭുതം നേരിട്ടു കണ്ടപ്പോൾ എനിക്കു തോന്നിയ വികാരം ഇവിടെ വർണ്ണിക്കാൻ കഴിയുന്നതല്ല. ചില ദിവസങ്ങളിൽ 44 കി.മീ വരെ ഞങ്ങൾക്ക് നടക്കേണ്ടി വന്നിട്ടുണ്ട്. അതികഠിനമായ ശൈത്യത്തിൽ പർവ്വതാരോഹണം നടത്തേണ്ടി വന്നിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ പലപ്പോഴും വിശപ്പും ദാഹവും ഭയവും ഒന്നുമില്ലാത്ത ഒരു പ്രത്യേക ആനന്ദാനുഭൂതിയുടെ തലത്തിൽ ഞാൻ ഒഴുകി



ചിത്രങ്ങൾ: അജിത്ത് കുമാർ

ചൂടുപിടിപ്പിച്ചു. കുറെ സമയം കൊണ്ട് കാലുകൾ പൂർവ്വസ്ഥിതി പ്രാപിച്ചു. അല്പസമയം കൂടി ആ തണുത്ത വെള്ളത്തിൽ നിന്നുരുന്നെങ്കിൽ ഒരു പക്ഷെ എന്റെ വിധി മറ്റൊന്നായേനെ. എന്തായാലും മാനസ തീർത്ഥം ഇപ്പോഴും എന്റെ വീട്ടിൽ നിധിപോലെ സൂക്ഷിക്കുന്നു.

മാനസസരസ്സിന്റെ ഭംഗി ആവോളം ആസ്വദിക്കാൻ ഈ ദിവസങ്ങളിൽ സാധിച്ചു. കൈലാസ നടന്നിട്ടുണ്ട്. ഇതുതന്നെയാണോ ഈശ്വര സാന്നിധ്യം എന്ന ജീവിതസാക്ഷാത്ക്കാരം എന്ന് പലപ്പോഴും ഓർത്തുപോകാറുണ്ട്. എന്തായാലും ആ സന്തോഷാവസ്ഥ അതിനു മുൻപോ അതിനു ശേഷമോ എനിക്കുണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ കൈലാസാനുഭവം അനേക വർഷത്തെ ത്യാഗത്തിനുശേഷം ലഭിക്കുന്ന ഒരു വരദാനമായി ഞാൻ കാണുന്നു. ▪

# ജലാന

## നഗരം കാക്കുന്ന പുലിയിടം



ശബരി ജാനകി
സഞ്ചാരി

ശ്വേതരക്തവർണ്ണ തെളിമയിൽ തെളിഞ്ഞു നിൽക്കുന്ന രാജനഗരം..'പിങ്ക് സിറ്റി' എന്ന ആ വിളിപ്പേരിൽ തന്നെയുണ്ട് കൗതുകം. രാജകൊട്ടാരങ്ങളുടെ വർണ്ണ വിസ്മയങ്ങൾ കൊണ്ട് ലോകത്തെ അത്ഭുതപ്പെടുത്തിയ നഗരം. രാജസ്ഥാന്റെ തലസ്ഥാന നഗരി ജയ്പൂർ പുള്ളിപ്പുലികളും മനുഷ്യരും സഹവർത്തിത്വത്തോടെ സഹവസിച്ചു പോരുന്ന ഇന്ത്യയിലെ അപൂർവ്വ നഗരങ്ങളിൽ ഒന്ന്. അതെ ഈ യാത്ര ജയ്പൂർ നഗരത്തിന്റെ പെരുമ എന്ന് വിശേഷിപ്പിക്കാവുന്ന ലോകത്തിലെ തന്നെ പുള്ളിപുലികളുടെ അപൂർവ്വ സങ്കേതങ്ങളിലൊന്നായ ജലാനയിലേക്കാണ്...

ജനുവരിയുടെ കൊടും തണുപ്പിലേക്കാണ് ചെന്നിറങ്ങിയത്. ഉത്തരേന്ത്യയെ തണുപ്പ് വിഴുങ്ങുന്ന രാത്രികൾ. ജയ്പൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് വെറും 10 കിലോമീറ്റർ മാത്രമേയുള്ളൂ ജലാനയിലേക്ക്. കുത്തി നോവിക്കുന്ന ഈ തണുപ്പിലും സജീവമാണ് ജയ്പൂർ നഗരം.


'പെഹ്‌ലാ ഹേ ഇതർ?' പാതി ചവച്ച ഗുഡ്ക ഇടത്തെ കവിളിലൊതുക്കി ഡ്രൈവർ സഞ്ജയ് മിശ്രി ഞങ്ങളോട് ചോദിച്ചു. അതെ എന്ന മറുപടി കേട്ടതും അയാൾ ജയ്പൂരിന്റെ വീരകഥകൾ ഒന്നൊന്നായി പറഞ്ഞു തുടങ്ങി. ജയ്പൂരിനെപ്പറ്റിയും അതിന്റെ പ്രതാപകാലത്തെപ്പറ്റിയും മഹാരാജ സവായ് പ്രതാപ് സിംഗ്, സവായ് ജയ്സിംഗ്. ഹവാ മഹൽ. സിറ്റി പാലസ്. ജന്തർ മന്ദിർ. അങ്ങിനെ ചരിത്രവും നൈപുണ്യവും എല്ലാം ഇരുണ്ട വെളിച്ചത്തിലും യാത്രയിൽ ഉടനീളം വ്യക്തമായി കാണാം. ഒരുപാട് ആഗ്രഹിച്ചതാണ് ജയ്പൂരിലെ പിങ്ക് നിറച്ചാർത്ത് തൂകിയ ഈ കൊട്ടാരക്കെട്ടുകൾ കാണാൻ. അതോടൊപ്പം ജലാനയിലെ പുള്ളിപ്പുലികളെയും.. ഡ്രൈവർ എന്തൊക്കെയോ നിർത്താതെ സംസാരിച്ചു കൊണ്ടിരിക്കുകയാണ്. സംസാരം പാതിവഴിയിൽ എത്തിയപ്പോഴേയ്ക്കും ഞങ്ങളുടെ കാർ താമസസ്ഥലത്ത് എത്തി. ഹോട്ടൽ ഹിൽ വ്യൂ പാലസ്. ഇനി രണ്ടുദിനം ജലാനയിലാണ്. രാജപ്രൗഢിയോടെ വാഴുന്ന ജലാനയിലെ പുള്ളിപ്പുലികൾക്കൊപ്പമാണ്.

രാജസ്ഥാനിലെ ജയ്പൂർ നഗരത്തോട് ചേർന്ന് ആരവല്ലി പർവ്വത നിരകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ചെറിയൊരു പച്ചത്തുരുത്താണ് ജലാന. ഇന്ത്യയിലെ ആദ്യത്തെ പുള്ളിപ്പുലി സങ്കേതം കൂടിയായ ജലാന വെറും 23 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ചെറിയൊരു വന്യജീവി സങ്കേതമാണ്. എന്നാൽ ഇത്രയും കുറഞ്ഞ പ്രദേശത്ത് അൻപതോളം പുള്ളിപ്പുലികളുണ്ട് എന്നതും പുള്ളിപ്പുലികളും മനുഷ്യരും പരസ്പര സഹവർത്തിത്വത്തോടെ സഹവസിക്കുന്നു (Co-existence) എന്നുള്ളതുമാണ് ജലാനയെ മറ്റ് വന്യജീവി സങ്കേതങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. ഒരു രാജകീയ



വേട്ടയാടൽ കേന്ദ്രത്തിൽ നിന്ന് പുള്ളിപ്പുലികളുടെ ആവാസവ്യവസ്ഥയിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ഒരു ചരിത്രമുണ്ട് ജലാനയ്ക്ക്. 'ശിക്കാർ ഔധി' എന്ന വേട്ട കൊട്ടാരം ഉൾപ്പെടെ ജയപൂരിലെ രാജകുടുംബം തുടക്കത്തിൽ വേട്ടയാടാൻ ഉപയോഗിച്ചിരുന്ന ജലാന, 1948-ൽ അവസാനത്തെ കടുവയേയും വേട്ടയാടിയതിനു ശേഷം ഒരു സംരക്ഷിത സങ്കേതമായി മാറി. അതിന്റെ പാരിസ്ഥിതിക പ്രാധാന്യവും സ്ഥിരതയുള്ള പുള്ളിപ്പുലികളുടെ എണ്ണവും തിരിച്ചറിഞ്ഞ് 2017-ൽ ജലാന ഔദ്യോഗികമായി പുള്ളിപ്പുലി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചു.

ആദ്യദിനം നിരാശയോടെ ആയിരുന്നു തുടങ്ങിയത്. രാവിലെ ആറുമണിക്കാണ് സഫാരി. എട്ട് ഡിഗ്രിയാണ് പ്രഭാതത്തിലെ തണുപ്പ്. ടിക്കറ്റിൽ രേഖപ്പെടുത്തിയ ജിപ്സിക്കായി ഞങ്ങൾ കാത്തിരുന്നു. കൃത്യം ആറുമണിക്ക് തന്നെ വണ്ടി എത്തി. മഞ്ഞ് മാറിയിട്ടില്ല. കാഴ്ച്ച വളരെ പരിമിതം. എങ്കിലും ആവേശത്തിന് ഒട്ടും കുറവില്ല.... ഉള്ളിലേക്ക് തുളച്ചു കയറുന്ന മഞ്ഞിന്റെ തണുത്ത വലയങ്ങളെ വകഞ്ഞു മാറ്റി ഞങ്ങളുടെ ജിപ്സി ഗേറ്റ് കടന്ന് ജലാനയുടെ വരണ്ട ഇലപൊഴിയും കാടുകളിലേക്ക് കയറി. ഗേറ്റ് തന്നെ രൂപപ്പെടുത്തിയിരിക്കുന്നത് ഒരു കോട്ടവാതിൽ പോലെയാണ്. പിങ്കുനിറത്തിലുള്ള കോട്ടവാതിൽ കടന്ന് അകത്തേക്ക് കയറിയാൽ രണ്ടു ഭാഗത്തും മനുഷ്യവാസ മേഖലകളെ വേർതിരിക്കുന്ന ചെറിയ കരിങ്കൽ മതിലുകളാണ്. ഈ മതിലുകളിൽ പലപ്പോഴും പള്ളിപ്പുലികൾ കയറിക്കിടക്കാറുണ്ടെന്ന് ഡ്രൈവർ പറഞ്ഞു. മതിലിന് അപ്പുറം പട്ടണവും ഇപ്പുറം വന്യജീവി സങ്കേതവും. മതിലുകളിൽ എല്ലാം പുള്ളിപ്പുലികളുടെ വിവിധങ്ങളായ ചിത്രങ്ങൾ വരച്ച് ഭംഗിയാക്കി വെച്ചിട്ടുണ്ട്. രാത്രിയായാൽ പുള്ളിപ്പുലികൾ ഈ മതിൽ ചാടിക്കടന്ന് പട്ടണത്തിൽ പോയി നായ്ക്കളെയോ കുറുക്കന്മാരെയോ പന്നികളെയോ ഒക്കെ പിടിച്ച് ഭക്ഷണമാക്കി തിരിച്ച് കാട്ടിലേക്ക് കയറി വരും. പലപ്പോഴും മനുഷ്യർ നടക്കുന്ന വഴികളിലും വീടിനു മുറ്റത്തും തൊടികളിലും എല്ലാം പുള്ളിപ്പുലികളെ കാണാം. പക്ഷേ ആരും അങ്ങോട്ടു ഉപദ്രവിക്കാറില്ല. പുലികൾ തിരിച്ച് ഇങ്ങോട്ടും. മനുഷ്യ വന്യജീവി സംഘർഷം അതിരൂക്ഷമായിരിക്കുന്ന കേരളം പോലുള്ള സംസ്ഥാനത്തിന് കണ്ടും കേട്ടും ഒരുപാട് പഠിക്കാനുണ്ട് ജലാനയിൽ നിന്ന്. നനുത്ത മഞ്ഞിന്റെ മറനീക്കി വെയിൽ പ്പാളികൾ ജലാനയുടെ വരണ്ട മുൾക്കാടുകളിലേക്ക് പതിക്കാൻ തുടങ്ങി. ചെറു മരങ്ങൾ നിറഞ്ഞ കുറ്റിക്കാടുകളാണ് ജലാനയിലേത്. ധോക്ക്, ബാബുൽ തുടങ്ങിയ മരങ്ങളാണ് ഇതിൽ കൂടുതൽ. കാടിന് അകത്തേക്ക് കയറിയതും ഞങ്ങൾക്ക് ആദ്യം കാണാൻ കഴിഞ്ഞത് കുറച്ച് നീലക്കാളകളെ (Blue Bull) ആയിരുന്നു. ഉത്തരേന്ത്യൻ കാടുകളിൽ



ചിത്രങ്ങൾ: ശബരി ജാനകി

മാത്രം കാണപ്പെടുന്ന ഏതാണ്ട് കാളയുടെ അത്ര ഉയരത്തിലുള്ളതും കാഴ്ചയിൽ കുതിര പോലെ തോന്നിപ്പിക്കുന്നതു മായ നീലക്കാളകൾ ആന്റിലോപ്പ് എന്ന ജീവി വർഗ്ഗത്തിൽപ്പെടുന്നു. പ്രായപൂർത്തിയായ ആണിന് പ്രത്യേക നീലനിറമാണ്. പെണ്ണിനും കിടാവിനും മണലിന്റെ തവിട്ടു നിറമായിരിക്കും.

യാത്ര തുടങ്ങി അഞ്ചു മിനിറ്റിനുള്ളിൽ തന്നെ പുള്ളിപ്പുലികളെ കാണാറുണ്ടെന്ന് ഡ്രൈവർ പറഞ്ഞു. എന്നാൽ കടുത്ത തണുപ്പ് കാരണമാവാം ഇന്ന് പുലികളെയൊന്നും കാണുന്നില്ല. ജലാനയുടെ സപ്തനാഡികളിലൂടെ തലങ്ങും വിലങ്ങും വണ്ടിയോടിക്കുന്നുണ്ട് ഡ്രൈവർ. പക്ഷേ പുള്ളിപ്പുലി മാത്രം വന്നില്ല. നേരത്തെ കണ്ട നീലക്കാളകളും കുറച്ച് കലമാനുകളും മാത്രമായിരുന്നു ഞങ്ങളുടെ കാഴ്ച. പത്തു മണിയോടെ ഒന്നാം ദിനത്തിലെ മോണിംഗ് സഫാരി കഴിഞ്ഞ് പുലിദർശനം സാധ്യമാകാത്ത നിരാശയിൽ ഞങ്ങൾ മടങ്ങി.



ഞങ്ങൾ വീണ്ടും അടുത്ത സഫാരിക്കായി തയ്യാറായി. ഇത്തവണ സോൺ രണ്ടിലേക്കാണ് ഞങ്ങൾക്ക് പോകേണ്ടത്. അവിടെയാണ് ഏറ്റവും പ്രസിദ്ധനായ റാണ എന്ന പുള്ളിപ്പുലി ഉള്ളത്. യാത്രയ്ക്ക്. കൃത്യം 3 മണി ജിപ്സി പുലികളെ തേടി ജലാനയുടെ ഉൾക്കാട്ടിലേക്ക് തിരിച്ചു. രാവിലത്തെപോലെയല്ല നല്ല വെളിച്ചമുണ്ട്. അതുകൊണ്ടുതന്നെ കാണുന്ന കാഴ്ചകൾ നന്നായി ക്യാമറയിൽ പകർത്താനാവും. പക്ഷെ, പുലികൾ ഞങ്ങൾക്ക് കടാക്ഷം ഏകിയില്ല. ഇടയ്ക്ക് പുള്ളിപ്പുലി ഉണ്ട് എന്ന് ഡ്രൈവറുടെ ഫോണിലേക്ക് മെസ്സേജ് വന്നു. ഞങ്ങൾ ദ്രുതഗതിയിൽ ഓടിയെത്തിയെങ്കിലും അപ്പോഴേക്കും പുലി കാടിനകത്തേയ്ക്ക് കയറിപ്പോയിരുന്നു. നിരാശയോടെ കാടിനുള്ളിലെ ഒരു ക്ഷേത്രത്തിനടുത്ത് ഞങ്ങൾ വണ്ടി നിർത്തി. കാട്ടിനുള്ളിലെ ക്ഷേത്രമെങ്കിലും ഇവിടേക്ക് ഭക്തർക്ക് നടന്ന് വരാനുള്ള അനുമതിയുണ്ട്. ഇങ്ങനെ നടന്നുവരുന്ന പലരും പുള്ളിപ്പുലികളെ കാണാറുമുണ്ട്. അമ്പലത്തിന്റെ മതിലിനു മുകളിൽ ഭക്തർ നൽകിയ പ്രസാദത്തിനുവേണ്ടി തിക്കും തിരക്കും കൂട്ടുന്ന തത്തകളെയും അവയ്ക്കൊപ്പം ചേർന്ന് നിന്ന് ഭക്ഷണം കഴിക്കുന്ന അണ്ണാറക്കണ്ണന്മാരെയും കണ്ട് അവയുടെ ചിത്രങ്ങൾ പകർത്തി നിൽക്കുന്നതിനിടയിലാണ് വീണ്ടും ഡ്രൈവറുടെ ഫോണിലേക്ക് മേസേജ് വരുന്നത്. 'യെസ് പുലി.' പിന്നെ ജിപ്സിയുടെ ഒരു കുതിച്ചോട്ടമായിരുന്നു. പിടിച്ച് ഇരുന്നില്ലെങ്കിൽ പുറത്തേക്ക് തെറിച്ചു പോകും എന്നുള്ള അത്ര സ്പീഡിൽ ആണ് ഈ അവസരങ്ങളിൽ ഡ്രൈവർമാർ കാട്ടിലൂടെ വണ്ടിയോടിക്കുക. പുലി ഉണ്ടെന്നു പറഞ്ഞ ദിശയിലേക്ക് ചീറിപ്പാഞ്ഞ് ഞങ്ങൾ എത്തുമ്പോൾ ജലാനയിലെ ഒട്ടുമിക്ക വാഹനങ്ങളും കൂട്ടം കൂടി ഒരിടത്ത് നിൽക്കുന്നതാണ് കാണാൻ കഴിഞ്ഞത്. പുള്ളിപ്പുലി അവിടെയുണ്ട് എന്ന് ദൂരെ നിന്നു തന്നെ നമുക്ക് ഈ കാഴ്ചയിലൂടെ മനസ്സിലാക്കാം.

കൂട്ടംകൂടി നിൽക്കുന്ന വാഹനങ്ങൾക്കടുത്തേയ്ക്കെത്തിയ ഞങ്ങൾക്ക് ജലാനയിലെ ആദ്യ പുലിദർശനം ആശ്വാസമായ കാഴ്ചയായിരുന്നു. ഒരു ചെറിയ സിമൻറ് കെട്ടിൽ നീളത്തിൽ കിടന്ന് സുഖസുഷുപ്തിയിലായിരുന്നു ആശാൻ. കിടപ്പു കണ്ടാൽ അറിയാം ഈ അടുത്തൊന്നും അവൻ തലപൊക്കി എണീറ്റുപോകുവാനുള്ള ലക്ഷണമില്ല. ഇടയ്ക്ക് എപ്പോഴോ ഒന്ന് തലപൊക്കിയെങ്കിലും വീണ്ടും അതേപടി കിടന്ന് തന്റെ പകലുറക്കത്തിന്റെ അഗാധ നീലിമയിൽ ലയിച്ചങ്ങിനെ കിടക്കുകയാണ്. കുറേ നേരം അവിടെ കാത്തിരുന്ന് ഇടയ്ക്ക് ഞങ്ങൾ ഒന്ന് കറങ്ങി തിരിച്ച് വീണ്ടും വന്നു. ഏതാണ്ട് ഒരു മണിക്കൂർ അവിടെ തന്നെ വണ്ടി നിർത്തിയെങ്കിലും പുലി കിടന്ന കിടപ്പിൽ തന്നെ. കുറച്ചുനേരം കൂടി കാത്തിരുന്ന ശേഷം ഞങ്ങളുടെ ഒന്നാം ദിനത്തിലെ വൈകിട്ടുള്ള സഫാരി പൂർത്തിയാക്കി കാടിറങ്ങി. പുലി ദർശനം സാധ്യമായെങ്കിലും ഒരു നല്ല ചിത്രം കിട്ടത്തതിന്റെ നിരാശയിലായിരുന്നു.

ഇനി ബാക്കിയുള്ളത് അവസാന സഫാരിയാണ്. പുള്ളിപുലികളെ കാണുക അത്ര എളുപ്പമല്ല. ഒരു പക്ഷേ ഞങ്ങൾ വന്ന സമയത്തിന്റെ പ്രശ്നമാവാം. രണ്ടാം ദിനം ഞങ്ങൾ അവസാന സവാരിക്കായി ജിപ്സിയിൽ കയറി. ആദ്യത്തെ ഒരു മണിക്കൂർ കടന്നുപോയി. വെറും കയ്യോടെ ജലാനയിൽ നിന്ന് മടങ്ങാം എന്ന് ഞങ്ങൾ ഏതാണ്ട് ഉറപ്പിച്ചു. ഡ്രൈവറുടെ മൊബൈലിലേക്ക് വിളി വന്നു. പുള്ളിപ്പുലിയുണ്ട്.

പക്ഷേ അവിടെ എത്തിയപ്പോഴേക്കും പുലി റോഡ് ക്രോസ് ചെയ്ത് ഉള്ളിലേക്ക് കയറിപ്പോയി. അവിടെ ഒന്ന് രണ്ട് ഫോട്ടോഗ്രാഫർമാർ എടുത്ത ചിത്രങ്ങൾ ഞങ്ങൾക്ക് കാണിച്ചു തന്നു. ഗംഭീര ഷോട്ടുകൾ. പുള്ളിപ്പുലിയെ നേർക്കുനേർ പകർത്തിയ അസുലഭ നിമിഷങ്ങൾ. അവരുടെ ക്യാമറയിലെ ചിത്രങ്ങൾ കണ്ടു അന്തംവിട്ട് നിൽക്കുകയാണ് ഞങ്ങൾ. വീണ്ടും ജിപ്സി മുന്നോട്ട് പല സ്ഥലങ്ങളിൽ കറങ്ങിക്കൊണ്ടേയിരിക്കുന്നു. സമയം ഏതാണ്ട് അഞ്ച് മണി. ഡ്രൈവറുടെ ഫോണിലേയ്ക്ക് വീണ്ടും വിളി വരുന്നു. പുലിയുണ്ട്. പതിവുപോലെ ജിപ്സി കുതിച്ച് പാഞ്ഞു. ഇത്തവണ ഞങ്ങൾ രണ്ടാം സോണിലാണ്. പുലിയെ കണ്ട സ്ഥലത്ത് എത്തിയപ്പോൾ അതാ കുറെ ജിപ്സികൾ മാത്രമുണ്ട്. പുലി തൊട്ടടുത്തുള്ള മലകയറി ഒന്നാം സോണിലേക്ക് പോയിട്ടുണ്ട്. ഞങ്ങളുടെ നിരാശ ഡ്രൈവർക്ക് നന്നായി അറിയാം. എന്തുചെയ്യും എന്നറിയാതെ സ്തബ്ധരായി നിൽക്കുകയാണ് എല്ലാവരും. ഇതിനിടെ ഡ്രൈവർ പറഞ്ഞു: 'ഇപ്പോൾ നമ്മൾ പുലി കയറി പോയ മലയുടെ എതിർ ഭാഗത്തേക്ക് പോവുകയാണെങ്കിൽ പുലി മല കയറി അപ്പുറത്ത് എത്തും. അവിടെവച്ച് നമുക്ക് പുള്ളിപ്പുലിയെ കാണാം. പക്ഷേ അത് ഒന്നാം സോൺ ആണ്. അവിടേക്ക് നമുക്ക് ഗേറ്റ് പാസ് ഇല്ല.'

എന്റെ കൂടെയുള്ള പ്രതീഷ് ഒരു പട്ടാള ഓഫീസറാണ്. 'വണ്ടി അങ്ങോട്ടേക്ക് എടുക്കൂ, നമുക്കൊന്ന് ശ്രമിക്കാം'. അപ്പോഴേക്കും സമയം 5.20 ആയിട്ടുണ്ട്. ഗേറ്റിൽ എത്തിയ ഫോറസ്റ്റ് ഉദ്യോഗസ്ഥയോട് പ്രതീഷ് എന്തോ സംസാരിക്കുന്നുണ്ട്. കയ്യിലുള്ള ഐ.ഡി കാർഡ് കാണിച്ചു കൊടുക്കുന്നുണ്ട്. എന്തായാലും ഭാഗ്യം ഞങ്ങളെ ഒന്നാം സോണിലേക്ക് കടത്തിവിട്ടു. പുലി കയറിയ മലയുടെ എതിർവശത്തായി വാഹനം നിർത്തി ഡ്രൈവർ മുകളിലേക്ക് നോക്കി നിൽക്കുകയാണ്. അപ്പോഴേക്കും സമയം അഞ്ചര കഴിഞ്ഞു. കൃത്യം ആറുമണിക്ക് പ്രധാന ഗേറ്റ് കടന്ന് പുറത്തു പോകേണ്ടതാണ്. കുറച്ചുനേരം കൂടി കാത്തിരുന്നു. ഒന്നും കാണുന്നില്ല. പുലി വരുമെന്ന പ്രതീക്ഷയറ്റു. തൊട്ടുമുകളിൽ ചെങ്കുത്തായി കിടക്കുന്ന മലനിരകൾ. അതിനു മുകളിൽ കുറച്ച് കുറ്റിച്ചെടികളും ചെറുകാടുകളും. ഡ്രൈവർ വണ്ടി തിരിക്കാൻ ഒരുങ്ങവേ പെട്ടെന്ന് കുറ്റിക്കാട്ടിൽ നിന്ന് ഒരു മയിൽ പറന്നു പൊങ്ങി താഴേക്ക് ഇരുന്നു. 'സർ, പുലി കുന്നിൻ മുകളിൽ ഉണ്ട്. അതുകൊണ്ടാണ് ആ മയിൽ അവിടെ നിന്ന് പറന്നത്.' ഡ്രൈവർക്ക് ഉറപ്പായിരുന്നു. പക്ഷേ പ്രശ്നം അതല്ല. അപ്പോൾ സമയം 5:40. കൃത്യം ആറുമണിക്ക് പ്രധാന ഗേറ്റ് കടന്നില്ലെങ്കിൽ വാഹനത്തിന് വലിയ പിഴ കൊടുക്കേണ്ടിവരും. മാത്രമല്ല ഡ്രൈവറെ കുറച്ചു ദിവസത്തേക്ക് ജോലിയിൽ നിന്ന് സസ്പെൻഡും ചെയ്യും. തിരിച്ചുപോയേ പറ്റൂ. കാത്തിരിക്കാൻ സമയമില്ല. ഞങ്ങളുടെ മുഖത്തെ നിരാശയും ഭാവവും ജലാനയിൽ നിന്ന് പുള്ളിപ്പുലിയെ കാണാതെ തിരിച്ചു പോകേണ്ടിവരും എന്ന അവസ്ഥയും ഡ്രൈവർക്ക് മനസ്സിലായി. അയാൾ ചെറിയൊരു തന്ത്രം പ്രയോഗിച്ചു. ഡിപ്പാർട്ട്മെന്റിലെ ഒരു പ്രധാന ഉദ്യോഗസ്ഥനെ നേരിട്ട് വിളിച്ചു ഒരു കാര്യം പറഞ്ഞു. 15 മിനിറ്റ് ഞങ്ങൾക്ക് എക്സ്റ്റൻഷൻ വാങ്ങിത്തന്നു. പറഞ്ഞ കാര്യം കളവായിരുന്നുയെങ്കിലും അതൊരു വല്ലാത്ത തീരുമാനമായിരുന്നു. നിമിഷങ്ങൾക്കുള്ളിൽ അതാ പുള്ളിപ്പുലി മലമുകളിൽ പ്രത്യക്ഷപ്പെടുന്നു. വെളിച്ചം എതിർദിശയിൽ നിന്നു ആയതുകൊണ്ടുതന്നെ ഈ ചിത്രം നിഴൽ ചിത്രങ്ങളായി (Silhouette) മാത്രമേ പകർത്താനാവുമായിരുന്നുള്ളൂ. പക്ഷേ അതുമതി. തല പുറത്തേക്കിട്ട് എത്തിനോക്കുന്ന പുള്ളിപ്പുലി. പിന്നീട് മലമുകളിലൂടെ നടന്നു ഘട്ടം ഘട്ടമായി താഴേക്ക് ഇറങ്ങി വരുന്ന പുള്ളിപ്പുലി. ക്യാമറ നിറഞ്ഞൊഴുകി. ഒന്നിനുപുറകെ ഒന്നായി ചിത്രങ്ങൾ പകർത്തി കൊണ്ടിരുന്നു. കാഴ്ച്ചയുടെ വല്ലാത്തൊരു ഭ്രമം അനുഭവപ്പെട്ട നിമിഷം. പിന്നീട് കാണുന്നത് പുള്ളിപ്പുലി കുന്നിറങ്ങി ഞങ്ങളുടെ ജിപ്സിക്കു നേരെ നടന്നുവരുന്നതാണ്. ജിപ്സിയുടെ തൊട്ടടുത്തെത്തി. കുറച്ചുനേരം കുറ്റിക്കാട്ടിൽ മറഞ്ഞുനിന്ന് ഞങ്ങളെ നോക്കി. പിന്നീട് പതിയെ കുറ്റിക്കാട്ടിൽ നിന്ന് ഇറങ്ങി ജിപ്സിക്കു നേരെ വന്ന് ഞങ്ങളുടെ ജിപ്സിയോട് ചേർന്ന് താഴേക്ക് റോഡ് ക്രോസ് ചെയ്തത് ഇറങ്ങിപ്പോയി. വല്ലാത്തൊരു കാഴ്ച്ചയായിരുന്നു അത്... മനസ്സിൽ ആഗ്രഹിച്ച ചിത്രങ്ങൾ കൺമുന്നിൽ.. സത്യത്തിൽ എന്താണ് സംഭവിച്ചത് എന്ന് പോലും ആർക്കും പിടികിട്ടുന്നില്ല. എല്ലാവരും പരസ്പരം കെട്ടിപ്പിടിക്കുന്നു.

അങ്ങനെ എന്റെ ഫോട്ടോഗ്രാഫി ജീവിതത്തിൽ മല മുകളിൽ നിന്നുള്ള പുള്ളിപ്പുലിയുടെ നിഴൽ ചിത്രം ഏറ്റവും മികച്ച ഒരു ചിത്രമായി മാറി. ക്യാമറ നിറയെ കാഴ്ച്ചകൾ പകർത്തി പ്രധാന ഗേറ്റ് കടന്ന് ഞങ്ങൾ പുറത്തിറങ്ങുമ്പോൾ സമയം 6.40. ഇതൊരു ചരിത്ര നിമിഷമാണെന്ന് തോന്നിപ്പോയി. കണ്ണും മനസ്സും കാമറയും നിറച്ച ആവേശത്തോടെ ഞങ്ങൾ ജലാനയോട് വിട പറഞ്ഞു. ▪


> മനുഷ്യർ നടക്കുന്ന വഴികളിലും വീടിനു മുറ്റത്തും തൊടികളിലും എല്ലാം പുള്ളിപ്പുലികളെ കാണാം. പക്ഷേ ആരും അങ്ങോട്ടു ഉപദ്രവിക്കാറില്ല. പുലികൾ തിരിച്ച് ഇങ്ങോട്ടും.



# അംബോയും റിസ്കയും

## കാനനത്തിൽ എഴുതിയ സ്നേഹകാവ്യം

അനിൽ ടി പ്രഭാകർ
വന്യജീവി ഛായാഗ്രാഹകൻ, സഞ്ചാരി



• ചിത്രങ്ങൾ: **അനിൽ ടി പ്രഭാകർ**

ഇന്തോനേഷ്യയിലൂടെയുള്ള യാത്രകൾ എന്നും എനിക്ക് ഹരമാണ്, പ്രത്യേകിച്ച് കാടുകളിലേയ്ക്കാണെങ്കിൽ. നീണ്ടു നിവർന്നു കിടക്കുന്ന റോഡിലൂടെ ഒരു ലോങ് ഡ്രൈവ് എടുത്താൽ ചെന്നെത്തുന്നത് കലിമന്താനിലെ തന്നെ ഏറ്റവും വലിയ കണ്ടൽവനത്തിലാണ്. അവിടേയ്ക്ക് പോകുന്ന വഴികൾ അതിമനോഹരമാണ്. കൺട്രി സൈഡ് ഡ്രൈവിംഗ് കേരളത്തിലൂടെ ഡ്രൈവ് ചെയ്യുന്ന ഒരു പ്രതീതിയുണ്ടാക്കുന്നു. ചൂടും മഴയും ഇടകലർന്ന ഒരു കാലാവസ്ഥയാണ് പൊതുവേ കലിമന്താനിൽ. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ മഴക്കാടാണ് ഇവിടെയുള്ളത്.

മലയെ മാറോടുചേർത്തു പുണർന്നു നിൽക്കുന്ന വെൺമേഘം, കണ്ണിനു കുളിരുപകർന്നൊരു നിശ്ചല ചിത്രം പോലെ ഇൻഡോനേഷ്യൻ വഴികൾ എന്റെ യാത്രകൾക്കായി ഒരുങ്ങി നിൽക്കുന്നു. പല വഴിയോരദൃശ്യങ്ങളും ഞാൻ ക്യാമറയിൽ പകർത്തി. ഒന്നുരണ്ടു തവണ ഞാൻ ഡോക്യുമെന്ററി ചെയ്യാൻ അവിടുത്തെ ഗാന്തും വില്ലേജിൽ പോയിട്ടുണ്ട്. എന്നാൽ ഇത്തവണ യാത്ര തുടങ്ങിയത് വളരെ വത്യസ്തമായ ഒരു സ്റ്റോറി ചെയ്യാനായിരുന്നു.

അവിസ്മരണീയമായ ചിത്രങ്ങൾ പകർത്താനുള്ള മാനസിക തയ്യാറെടുപ്പുകളുമായി യാത്ര തുടങ്ങി. അംബോ എന്ന മത്സ്യതൊഴിലാളിയും, റിസ്ക എന്ന് അദ്ദേഹം പേരിട്ടിരിക്കുന്ന പെൺ മുതലയുമായുള്ള ഒരച്ഛൻ-മകൾ എന്നതിന് തുല്യമായ ബന്ധത്തിന്റെ കേട്ടറിവുള്ള ഒരു യഥാർത്ഥ കഥയുടെ ഉറവിടം തേടിയായിരുന്നു ആ യാത്ര.

ജൈവവൈവിധ്യത്തിന്റെ കാര്യത്തിൽ ലോകത്തിലെ ഏറ്റവും സമ്പന്നമായ രാജ്യങ്ങളിലൊന്നായി കണക്കാക്കപ്പെടുന്ന ഇന്തോനേഷ്യയിൽ ധാരാളം സസ്യജന്തു ജാലങ്ങളുണ്ട്. സുമാത്രൻ കടുവകൾ, ജാവൻ കാണ്ടാമൃഗം, സുമാത്രൻ ആന, പ്രോബോസ്സിസ് മങ്കി, ബോർണിയൻ പിഗ്മി എലിഫന്റ്, ഗുരുതരമായി വംശനാശഭീഷണി നേരിടുന്ന ഒറംഗുട്ടാനുകൾ എന്നിവ ഉൾപ്പെടെ പല വന്യജീവി ഇനങ്ങളും ഇവിടെ വംശനാശഭീഷണിയിലാണ്. ആവാസവ്യവസ്ഥ മറികടന്ന് മനുഷ്യർ അനധികൃതമായി പലതും ചെയ്തുതുടങ്ങിയപ്പോൾ പ്രകൃതിയും ജീവജാലങ്ങളും പ്രതികരിക്കാൻ തുടങ്ങി. അതിന്റെ ഉത്തമ ഉദാഹരണമാണ് 2018 - ൽ ഇന്തോനേഷ്യയിലെ പപ്പുവ എന്ന സ്ഥലത്ത് 292 മുതലകളെ കൂട്ടക്കൊല ചെയ്ത സംഭവം. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘട്ടനത്തിന്റെ ഭീകരമായ കാഴ്ച അന്നാണ് പുറംലോകം അറിഞ്ഞത്.



ഇൻഡോനേഷ്യയിലെ മിക്ക ഉൾനാടൻ ജലാശയങ്ങളും മനുഷ്യർ കയ്യേറ്റം ചെയ്തതുമൂലം, വലിയ തോതിൽ കൂട്ടമായി അധിവസിച്ചുവന്നിരുന്ന മുതലകളുടെ (Salt Water Crocodile) ആവാസവ്യവസ്ഥ അപകടത്തിലായി. ഏഷ്യയിലെ തന്നെ ഏറ്റവും വലിപ്പമേറിയതും, പ്രായക്കൂടുതൽ ഉള്ളതുമായ മുതലകൾ ഇവിടെയാണുള്ളത്. ഇങ്ങനെയുള്ള ഈ സ്ഥലത്ത് മനുഷ്യരും മുതലകളും പരസ്പരം ശത്രുക്കളായില്ലെങ്കിലേ അതിശയമുള്ളൂ. ആക്രമണം ഭയന്നു മുതലകളെ കൊന്നൊടുക്കുന്ന മനുഷ്യർ ഇവിടെ സ്ഥിരം കാഴ്ചയായി.

സുമാത്രയിലെ കിഴക്കൻ തീരത്തുള്ള ജലപാതകളിൽ ഉപ്പുവെള്ള മുതലകൾ വ്യാപകമാണ്. ലാംപുങ്കിലെ വേകംബാസ് നാഷണൽ പാർക്ക്, തുലാംഗ്ബവാങ്, സെമ്പിലാങ് നാഷണൽ പാർക്ക്, ബന്യുവാസിൻ, ബെർബാക്ക് നാഷണൽ പാർക്ക് എന്നിവിടങ്ങളിൽ ഇവയുടെ ആക്രമണങ്ങൾ പതിവാണ്. ബതാങ്ഹരി നദിയിലും, വടക്കൻ സുമത്രയിലെ ലാബുഹാൻബട്ടു, തപാനൂലിറീജൻസികളിലും ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

കലിമന്തനിൽ കിഴക്കൻ പ്രദേശങ്ങളിൽ ഉപ്പുവെള്ള മുതലകൾ വ്യാപകമാണ് മധ്യകലിമന്തനിലും, തെക്കൻ കലിമന്തനിലും അപൂർവ്വമായി ഇവ കാണുന്നു. പശ്ചിമകലിമന്തനിലും സാന്നിധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. സുലവേസി, പപ്പുവ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള ചില റിപ്പോർട്ടുകൾ വന്യജീവി പ്രവർത്തകരെ ആശങ്കപ്പെടുത്തുന്നുമുണ്ട്.

മനുഷ്യ-മുതല സംഘർഷം ഇന്തോനേഷ്യയിൽ ഒരു പതിവുവാർത്തയായി മാറുമ്പോൾ, ഇത്

തടയുന്നതിന് സർക്കാർ അനുയോജ്യമായ നടപടി സ്വീകരിച്ചുവരുന്നു. നദീതീരവും തീര പ്രദേശവുമായി ഇടകലർന്ന ഇന്തോനേഷ്യൻ ദ്വീപു സമൂഹങ്ങൾ മനുഷ്യർ കുടിയേറുന്നതാണ് സംഘർഷങ്ങൾക്ക് പ്രധാന കാരണം.

കണ്ടൽക്കാടുകളുടെ നശീകരണം തണ്ണീർത്തടങ്ങളുടെ ശോഷണം എന്നിവയാൽ ആവാസവ്യവസ്ഥ നഷ്ടപ്പെടുന്നത് മുതലയുടെ ജീവന് ഭീഷണിയുയർത്തുന്നു. ഈ സംഘർഷം അപ്പോൾ മുതൽ ആരംഭിച്ചതാണ്. ജനം തങ്ങളുടെ ആവാസകേന്ദ്രങ്ങളിൽ നിന്ന് മുതലയെ ഓടിക്കുകയും സുരക്ഷയ്ക്കായി കൊല്ലുകയും ചെയ്യുന്നു.

ഇന്തോനേഷ്യയിലെ മനുഷ്യരും മുതലകളും തമ്മിലുള്ള ഈ സംഘട്ടന വേളയിൽ, കലിമന്തനിൽ നിന്ന് അസാധാരണമായ മറ്റ് ചില വാർത്തകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്, ഇത് പ്രകൃതിസ്നേഹികൾക്കും വന്യജീവി പ്രവർത്തകർക്കും ഹൃദയ സ്പർശിയായ കഥയായിരിക്കും.

കിഴക്കൻ കലിമന്താനിലെ മീൻപിടുത്തകാരനായ അംബോ, തന്റെ വീട്ടിൽ നിന്ന് രണ്ട് കിലോമീറ്റർ അകലെയുള്ള കണ്ടൽക്കാട്ടിൽ വസിക്കുന്ന റിസ്ക (Riska) എന്ന ഉപ്പു മുതലയുമായുള്ള ബന്ധത്താൽ ഇന്തോനേഷ്യക്കാർക്ക് സുപരിചിതനാണ്. അംബോ ഇന്തോനേഷ്യയിലെ മറ്റൊരു പ്രവിശ്യയായ സുലവേസി ദ്വീപിൽ നിന്ന് കുടിയേറിയവനാണ്. ചെറുപ്പത്തിൽത്തന്നെ അദ്ദേഹം കിഴക്കൻ കലിമന്താനിലുള്ള ഗാന്തും ഗ്രാമത്തിൽ സ്ഥിര താമസമാക്കി അവിടെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടു. ഏകദേശം 23 വർഷങ്ങൾക്കു മുൻപ്, അംബോ മത്സ്യബന്ധനത്തിനിടെ ഒരു ചെറിയ മുതലക്കുഞ്ഞിനെ കാണുകയും പിന്നീട് ആ മുതലകുട്ടി അംബോയെ എന്നും

**മനുഷ്യൻ വന്യജീവികളേയും അവരുടെ ആവാസ വ്യവസ്ഥയെയും ബഹുമാനിച്ചാൽ അവരുമായി ഒരു സഹവാസം സാധ്യമാണ്**



പിന്തുടരുകയും ചെയ്തിരുന്നു. മത്സ്യബന്ധനത്തിനിടെ അദ്ദേഹം മുതലക്കുഞ്ഞിന് മത്സ്യം എറിഞ്ഞുകൊടുക്കുക പതിവായിരുന്നു, പിന്നീട് ചിക്കൻ കഷ്ണങ്ങൾ നൽകി ഈ ബന്ധം ശക്തമാക്കി. കഴിഞ്ഞ 23 വർഷമായി അംബോ ഈ കണ്ടൽകാടുകളിൽ മത്സ്യബന്ധനം നടത്തുന്നുണ്ട്. ഒരാഴ്ചത്തോളം കണ്ടില്ലെങ്കിൽ റിസ്കാ അംബോയെ തിരയാൻ തുടങ്ങും. അംബോ മത്സ്യബന്ധനത്തിനെത്താത്ത സമയത്ത് മുതല ചെറിയ കനാലിലൂടെ സഞ്ചരിച്ച് അംബോയുടെ വീട്ടിനുമുൻപിൽ കാത്തിരിക്കും. ഈ കാഴ്ച ഗ്രാമവാസികളെ ആകർഷിക്കുകയും അംബോ മുതല സൗഹൃദത്തെക്കുറിച്ച് പഠിക്കാൻ പലരേയും പ്രേരിപ്പിക്കുകയും ചെയ്തു. മനുഷ്യനും മുതലയും തമ്മിലുള്ള ഈ ഹൃദയസ്പർശിയായ ബന്ധം അനുഭവിച്ചറിയാൻ ആളുകൾ അംബോയെ പല സമയങ്ങളിലും സന്ദർശിക്കാനും തുടങ്ങി.

അംബോ ഒരു മുതല പരിശീലകനല്ല, എന്നാൽ കണ്ടൽക്കാട്ടിലേക്കുള്ള എന്റെ യാത്രയിൽ പതിനാല് അടി നീളമുള്ള മുതലയുമായുള്ള അവന്റെ സൗഹൃദം എന്നെ അത്ഭുതപ്പെടുത്തി. അംബോ ഈ മുതലകുഞ്ഞിന് 'റിസ്ക' എന്ന് പേരിട്ടു. സ്വപ്നത്തിൽ മുതലയെ 'Riska' എന്നു വിളിച്ചുവെന്നും, പിന്നീട് മുതലയെ ഈ പേര് നൽകി തന്റെ പെൺകുട്ടികളിൽ ഒരാളായി അംബോ കരുതുകയും ചെയ്തു. അംബോയുടെ വീട്ടിൽ നിന്ന് കണ്ടൽക്കാട്ടിലേക്ക് 15 മുതൽ 20 മിനിറ്റ് വരെ സഞ്ചാരദൂരം ഉണ്ട്. ഞാനും എന്റെ സുഹൃത്തുക്കളും രാവിലെ 8 മണിയോടെ നാലുപേർക്ക് ഇരിക്കാവുന്ന ചെറിയ വള്ളത്തിൽ കാട്ടിലേക്ക് യാത്രയായി. റിസ്കയുടെ ആവാസ കേന്ദ്രത്തിന് അടുത്തെത്തിയപ്പോൾ, അംബോ ബോട്ട് നിർത്തി, കൈകൊട്ടി 'റിസ്കാ.. റിസ്കാ..' എന്നു ഉറക്കെ വിളിച്ചു,

പെട്ടെന്നുതന്നെ കാട്ടിൽ നിന്ന് അവൾ നദിയിലേക്ക് മുങ്ങിയിറങ്ങി ഞങ്ങളുടെ ചെറിയ വള്ളത്തിന്റെ അടുത്തെത്തി. എനിക്ക് വിശ്വസിക്കാനായില്ല. അതെ സമയം ചെറിയ ഒരുഭയവും ഉണ്ടായിരുന്നു. എന്റെ കൂടെ ഉണ്ടായിരുന്ന രണ്ടു സുഹൃത്തു ക്കൾ റിസ്ക്കയുടെ വലുപ്പം കണ്ടപ്പോൾ വളരെ ഭയന്നുപോയി. പേടിപ്പെടുത്തുന്ന ഒരു രൂപം തന്നെയായിരുന്നു. അതായത് ഞങ്ങൾ സഞ്ച രിച്ചിരുന്ന വള്ളത്തേക്കാൾ വലുപ്പമുണ്ടതിന്. വള്ളം ഒന്ന് മറച്ചിടാൻ ശ്രമിച്ചാൽ എന്താകും ഗതി. പക്ഷേ അമ്പോ ഞങ്ങളെ എല്ലാവരേയും ആശ്വാസപ്പെടുത്തി, റിസ്ക ഒന്നും ചെയ്യില്ലെന്ന് പറഞ്ഞു. എങ്കിലും ഒരു വന്യജീവിയുടെ മനസ്സ് മാറുക എപ്പോഴാണെന്ന് നമുക്ക് പറയാൻ കഴിയില്ല. അമ്പോ റിസ്കയ്ക്ക് കൊണ്ടുവന്ന ചിക്കൻ കഷണങ്ങൾ എറിഞ്ഞുകൊടുത്തു. 20 മിനിറ്റോളം ഞങ്ങളുടെ വള്ളത്തെ ചുറ്റി ചെല വഴിച്ചശേഷം അവൾ നദിയുടെ കരയിലേക്ക് നീങ്ങി. ഞാൻ ഒരു മുതലയെ ഇത്രയും അടുത്തു നിന്ന് ഫോട്ടോ എടുക്കുന്നത് ആദ്യമായിട്ടാണ്. വള്ളത്തിന്റെ അറ്റവും റിസ്കയും തമ്മിൽ അത്രക്ക് അടുത്തായിരുന്നു. റിസ്ക പൂർണ്ണ ആരോഗ്യവും, 24 വയസ്സ് പ്രായവും, 14 അടി നീള മുള്ള ഭീമമായ ശരീരമുള്ളവളാണ്. അവളുടെ ശാരീരിക വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ, ഭാരം 1000 മുതൽ 1100 പൗണ്ട് വരെ വരാനിടയുണ്ട്.

കഴിഞ്ഞ 23 വർഷത്തിനിടെ റിസ്ക നാട്ടു ക്കാർക്കെതിരെ ഒരു ആക്രമണവും നടത്തിയ തായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഇപ്പോൾ റിസ്ക ഗ്രാമത്തിന്റെ പ്രിയപ്പെട്ടവളായി മാറിയിരിക്കുന്നു. ചിലപ്പോഴൊക്കെ വേലിയേറ്റ സമയത്ത് റിസ്ക ഗ്രാമത്തിലേക്ക് ചെറിയ കനാൽവഴി അവരെ സന്ദർശിക്കാനെത്തുന്നുമുണ്ട്.

റിസ്ക തന്നെ ആക്രമിക്കില്ലെന്ന ആത്മവിശ്വാ സമുള്ളതിന്റെ പേരിൽ റിസ്കയുമായി അംബോ നീന്തുന്നതോ സന്ദർശകരെ ആകർഷിക്കു ന്നതിനായി അവളുടെ ആവാസകേന്ദ്രത്തിൽ കടന്നുപോകുന്നതോ ആയ ഒരു പ്രദർശനവും നടത്താറില്ല. എങ്കിലും അംബോയും റിസ്കയും വളരെ അടുത്തിടപഴകുന്നു. അങ്ങനെ ചില ഫോട്ടോകൾ എനിക്ക് പകർത്താൻ കഴിഞ്ഞിട്ടുണ്ട്. അംബോയും റിസ്കയും തമ്മിലുള്ള ബന്ധത്തിന്റെ ആഴം ആ ഫോട്ടോകൾ സംസാരിക്കും. അമ്പോ ഉപ്പുമുതലകളെയും അവയുടെ ആവാസകേ ന്ദ്രത്തെയും ബഹുമാനിക്കുന്നു. പരസ്പര ബഹുമാനം അടിസ്ഥാനമാക്കിയുള്ളതാണ് അവർ തമ്മിലുള്ള ബന്ധം. കാരണം, അവൾ ഇന്നും ഭീകരത നിറഞ്ഞ കാടിന്റെ സവിശേഷ തകളുടെ ഭാഗമാണ് എന്ന കാര്യം അദ്ദേഹം ഓർക്കുന്നുണ്ട്. മനുഷ്യ പ്രവചനങ്ങൾക്ക് അതീതമായി ഏതുവേളയിലും എന്തും സംഭവി ക്കാൻ സാധ്യതയുണ്ടെന്ന് അംബോ മനസ്സിലാക്കു ന്നുമുണ്ട്.

ഈ പ്രദേശത്തെ വന്യജീവികളെ സംര ക്ഷിക്കുകയും, മനുഷ്യന് അവിടെ ആധിപത്യം പുലർത്തുന്നതിന് ഒരു അവസരവും അനുവദി ക്കാതിരിക്കുകയും ചെയ്യുന്ന ഒരു പ്രാദേശിക പ്രകൃതി സംരക്ഷകനായി അമ്പോ മാറി. വനം വകുപ്പിന്റെ അവബോധന പരിപാടികളിൽ അമ്പോ പങ്കെടുക്കാറുണ്ട്. പല ഇന്തോനേഷ്യൻ വംശജരും ബ്ലാക്ക്മാജിക്കും മറ്റുചില അന്ധവി ശ്വാസങ്ങളിലും അകപ്പെട്ടവരാണ്. ചില പ്രവിശ്യ കളിൽ മുതലകളെ ആരാധിച്ചുവരുന്ന ഒരു കൂട്ടം ജനങ്ങളുമുണ്ട് ഇന്തോനേഷ്യയിൽ. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള പോരാട്ടം നടക്കുന്നത് അവരുടെ ആവാസവ്യവസ്ഥയിൽ മനുഷ്യൻ കടന്നുകൂടുമ്പോഴാണ്. ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നത്, മനുഷ്യൻ വന്യജീവികളേയും അവരുടെ ആവാസവ്യവസ്ഥയെയും ബഹുമാനി ച്ചാൽ അവരുമായി ഒരു സഹവാസം സാധ്യമാണ് എന്ന സത്യത്തിലേയ്ക്കാണ്. ▪



# കാസിരംഗ കാടുകളിലെ മരപ്പാലങ്ങൾ കടന്ന്



**സാബു മഞ്ഞളി**
സഞ്ചാരി

നീർച്ചാലുകൾക്കും തോടുകൾക്കും കുറുകെയുള്ള ഒട്ടേറെ മരപ്പാലങ്ങൾ കടന്നാണ് അസമിലെ കാസിരംഗ ദേശീയോദ്യാനത്തിലെ കാട് കാണൽ. ബ്രഹ്മപുത്രയുടെ കൈവഴിയായ കാമെങ് നദിയുടെ ഓരം പറ്റി കൊഹോറയിലെത്തി സഫാരി ജീപ്പിൽ കയറി കാസിരംഗ ദേശിയോദ്യാനത്തിന്റെ മിഹിമുഖ് ഗേറ്റിൽ എത്തുമ്പോൾ നേരം ഉച്ചക്ക് രണ്ടുമണി. കിഴക്കും പടിഞ്ഞാറുമായി ബഗോറി, അഗാരട്ടോലി, ഗോരഖാട്ടി തുടങ്ങിയ മൂന്ന് ഗേറ്റുകൾ കൂടിയുണ്ട് കാസിരംഗ ദേശിയോദ്യാനത്തിന്. പരിശോധനകൾ കഴിഞ്ഞ് പാർക്കിലേക്ക് പ്രവേശിക്കുകയാണ്. സായാഹ്ന വെയിൽ പതിഞ്ഞ പ്രകൃതിയാകെ സ്വർണ്ണപ്രഭയിൽ വല്ലാതെ ജ്വലിച്ചു നിൽക്കുന്നു. ആദ്യത്തെ മരപ്പാലവും കടന്ന് ഉയർത്തിയുണ്ടാക്കിയ മൺത്തിട്ടയിലൂടെ സഫാരിജീപ്പ് സഞ്ചരിച്ചു തുടങ്ങി. തന്നിഷ്ടം പോലെ ശാഖകൾ പിരിഞ്ഞും തീരമിടിച്ചും കിഴക്കുപടിഞ്ഞാറായി കുലംകുത്തി പായുന്ന ബ്രഹ്മപുത്ര നദിയുടെ മടിത്തട്ടിലെ കൈക്കുഞ്ഞാണ് അസമിലെ കാസിരംഗ കാടുകൾ. തെക്ക് ഭാഗത്തുള്ള കാർബി മലനിരകളിൽ നിന്നും ഡിപ്ലൂ മോറ നദികളും കാസിരംഗയിലൂടെ ബ്രഹ്മപുത്രയിലേയ്ക്കൊഴുകുന്നു. വർഷാവർഷങ്ങളിൽ മഞ്ഞുരുകിയും അതിവർഷത്തിലും ബ്രഹ്മപുത്ര നദിയിലെ ജലനിരപ്പുയരുമ്പോൾ കാസിരംഗയും ജലപ്രളയത്തിലമരും. അറിയാതെയെത്തുന്ന പ്രളയജലം കണ്ട് ഭയം മുറ്റിയ കണ്ണുകളോടെ അഭയം തേടുന്ന ജീവികളുടെ ചിത്രം കാസിരംഗയിൽ നിന്നുള്ള ശോകകാഴ്ചകളാണ്. ബ്രഹ്മപുത്ര കരകവിഞ്ഞൊഴുകുന്ന നാളുകളിൽ ജീവികൾക്കുള്ള രക്ഷാമാർഗ്ഗം കൂടിയാണീ ഉയരത്തിലുള്ള മൺത്തിട്ട. ചുറ്റിലും വെയിലണിഞ്ഞ വിശാലമായ പുൽപ്പരപ്പുകളും ചെറുവനങ്ങളും തെളിഞ്ഞു. വഴിയരികിലെ മരച്ചാർത്തുകൾക്കിടയിലൂടെ വെളിപ്പെടുന്ന തിളങ്ങുന്ന നീലജലാശയങ്ങൾ.

> **തന്നിഷ്ടംപോലെ ശാഖകൾ പിരിഞ്ഞും തീരമിടിച്ചും കിഴക്കുപടിഞ്ഞാറായി കുലംകുത്തി പായുന്ന ബ്രഹ്മപുത്ര നദിയുടെ മടിത്തട്ടിലെ കൈക്കുഞ്ഞാണ് അസമിലെ കാസിരംഗ കാടുകൾ.**



എതിർപ്പുകൾ മറികടന്നുണ്ടായ രണ്ട് ഗോത്രങ്ങളിൽപ്പെട്ട കാസിയുടേയും രംഗയുടേയും പ്രണയസാഫല്യത്തിന്റെ കഥകൾ കൂടി പറയുവാനുണ്ട് കാസിരംഗ കാടുകൾക്ക്. ജുറാസിക് യുഗത്തിൽ ജീവിച്ചിരുന്ന ഒറ്റക്കൊമ്പൻ കാണ്ടാമൃഗങ്ങളുടെ സാമ്രാജ്യമാണിപ്പോൾ കാസിരംഗ. ലോകത്തിലെ മൂന്നിൽ രണ്ട് ഒറ്റക്കൊമ്പൻ കാണ്ടാമൃഗങ്ങളും കാസിരംഗയിലെ 430 ചതുരശ്ര കിലോമീറ്റർ കോർ വനങ്ങളിൽ നിവസിക്കുന്നു. വേട്ടക്കാർ ശോഷിപ്പിച്ച വെറും 20 ൽ നിന്നും തുടങ്ങി 2613 എണ്ണത്തിലെത്തിച്ച വനപരിപാലനത്തിന്റെ വിജയഗാഥയാണത്. 1908 മുതൽ കാസിരംഗ സംരക്ഷിത വനമാണ് .വംശനാശം നേരിടുന്ന 15 ഇനം ജീവികളുടെ സംരക്ഷക സ്ഥാനം എന്ന നിലയിൽ 1985 ൽ യുനെസ്കോ ഹെറിറ്റേജ് സൈറ്റായി പ്രഖ്യാപിച്ചു . 2006 ൽ 120 കടുവകളെ ഉൾക്കൊള്ളുന്ന ടൈഗർ റിസർവായി. ഏക്കൽ നിക്ഷേപങ്ങളും പുൽമേടുകളും സമതലങ്ങളും നിത്യഹരിതവനങ്ങളും തണ്ണീർത്തടങ്ങളും ചതുപ്പും തോടുകളും വരച്ചിടുന്ന ഹരിത സുന്ദരമായ വനപ്രദേശങ്ങൾ. കാണ്ടാമൃഗങ്ങൾ, ആന, കടുവ, ചതുപ്പ്മാൻ, വാട്ടർബഫല്ലോ തുടങ്ങിയ ഏഷ്യയിലെ അഞ്ചോളം വലിയ സസ്തനികളെ ഉൾകൊള്ളുന്ന സമ്പുഷ്ട മായ ജൈവ സാന്നിധ്യം .

> ജുറാസിക് യുഗത്തിൽ ജീവിച്ചിരുന്ന ഒറ്റക്കൊമ്പൻ കാണ്ടാമൃഗങ്ങളുടെ സാമ്രാജ്യമാണിപ്പോൾ കാസിരംഗ. ലോകത്തിലെ മൂന്നിൽ രണ്ട് ഒറ്റക്കൊമ്പൻ കാണ്ടാമൃഗങ്ങളും ഇവിടെ കാണപ്പെടുന്നു.

### കാസിരംഗ ദേശിയോദ്യാന കാഴ്ചകൾ

മൺത്തിട്ടയിലൂടെയുള്ള സഞ്ചാരം അധികം വൈകിയില്ല, തൊട്ടുമുന്നിൽ കട്ടിയുള്ള പുറംതോൽ പടച്ചട്ടയണിഞ്ഞ ഒരു ഒറ്റക്കൊമ്പൻ കാണ്ടാമൃഗം. കട്ടിയുള്ള പുറന്തോൽ ഇവക്ക് ഒരു സംരക്ഷണ കവചമെങ്കിലും കൊമ്പിനു വേണ്ടി ധാരാളം വേട്ടയാടപ്പെട്ട് വംശനാശ ഭീഷണിയിലെത്തി. ഒരു ജലാശയത്തിനരികിലൂടെ മുന്നോട്ട് നീങ്ങുന്നതിനിടയിൽ ഓളപ്പരപ്പിൽ ചെറിയൊരിളക്കം. കണ്ണുകൾ മാത്രം പുറത്തിട്ട് നീന്തി തുടിക്കുന്ന ഒരു വാട്ടർ ബഫല്ലോ.



കാസിരംഗയിൽ ധാരാളമായി കാണപ്പെടുന്ന കാട്ടുപോത്ത് നമ്മുടെ കാട്ടിയെ പോലല്ല, ഭീകരമായ കൊമ്പുകളോടുകൂടിയ നാട്ടുപോത്തുകളുടെ രൂപം. കുറച്ചുകൂടി മുന്നോട്ട് നീങ്ങിയപ്പോൾ ഒരു തടാകക്കരയിൽ ചതുപ്പ് മാനുകളുടെ കൂട്ടം. ചതുപ്പ് മാനുകളും പന്നിമാനുകളും ആസാമീസ് കുരങ്ങുകളും കാസിരംഗയിൽ എല്ലായിടത്തും കാണാം.

### പക്ഷികളുടെ ലോകം

വനത്തിൽ നിന്നും പുറത്ത് കടന്ന് വലിയൊരു തണ്ണീർത്തടത്തിനരികിലെത്തി. കുറുകിയും ഒച്ചവെച്ചും ശണ്ഠ കൂടിയും നാനാ ജാതി പക്ഷികൾ. അതൊരു കാഴ്ച്ച തന്നെയായിരുന്നു. ഒറ്റക്കൊരു കുളത്തിൽ സൂത്രത്തിൽ മീൻ തപ്പുന്നൊരു വലിയ വയൽനായ്ക്കൻ കൊക്ക്. ഞങ്ങളെ കണ്ടതും ശല്യപെടുത്തിയതിന് കണ്ണുരുട്ടിയൊരു നോട്ടം. കരക്കുകയറി തൂവൽ മിനുക്കുന്ന ദേശാടന പക്ഷികളായ പുള്ളിത്തലയൻ വാത്തകൾ. ജലോപരിതലത്തിൽ നൃത്തം വെക്കുന്ന ഡാർട്ടറുകൾ. കന്യാസ്ത്രിക്കൊക്കുകളും തങ്കത്താറാവുകളും ഉണ്ട്. വഴിയരികിലെ ഒരു കവലയിൽ നറപ്പകിട്ടുള്ള മൂന്ന് കാട്ടുകോഴികൾ ഭയലേശമില്ലാതെ കൊത്തി പെറുക്കി നിൽക്കുന്നു. സൂര്യപ്രഭയേറ്റ് തിളങ്ങി നിൽക്കുന്നൊരു കര കണ്ടു. അവിടെ കാണ്ടാമൃഗങ്ങളും മാനുകളും കുരങ്ങന്മാരും മൈനകളും ഒരുമിച്ചാണ് തീറ്റക്കിറങ്ങിയിരിക്കുന്നത്. ആനപ്പുല്ലുകൾക്കിടയിൽ വെച്ചാണ് രണ്ട് അസം ആനകളെ കണ്ടത്. അതിലൊന്ന് പെട്ടെന്ന് ഉള്ളിലേക്ക് മറഞ്ഞു. ആനകളെ പോലും മറച്ചു പിടിക്കുന്നതാണ് ആനപ്പുൽക്കാടുകൾ. അഞ്ച് മീറ്റർ വരെ ഉയരം വരുന്ന ആനപ്പുല്ലുകൾ കാസിരംഗയിലെ പ്രത്യേകതയാണ്. ബ്രഹ്മപുത്ര നദിയോട് ചേർന്നു കിടക്കുന്ന പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഇവ കാട് പോലെ വ്യാപിച്ചു കിടക്കുന്നു. കാസിരംഗയിൽ 41 ശതമാനവും ഇത്തരം പുൽക്കാടുകളാണ്. 120 ഗോൾഡൻ കടുവകളിൽ അധികവും ഇത്തരം പ്രദേശങ്ങളിലാണ് .

### ജാഗ്രതയോടെ വനപരിപാലനം


നിറതോക്കുകളും വയർലെസ്സ് സെറ്റുകളുമായി കാവൽ ജോലിക്കു പോകുന്ന വനം വകുപ്പ് ജീവനക്കാരെ കണ്ടു. മൃഗവേട്ടക്കെതിരെ സർവ്വ സജ്ജീകരണങ്ങളോടെ പ്രവർത്തിക്കുന്ന 180 ഉൾവന ക്യാമ്പുകളുണ്ട് കാസിരംഗയിൽ. പണ്ടൊരിക്കൽ ബ്രിട്ടീഷ്





ചിത്രങ്ങൾ: സാബു മഞ്ഞളി

ഇന്ത്യയുടെ വൈസ്റോയി കർസൺ പ്രഭുവിന്റെ ഭാര്യ മേരി വിക്ടോറിയ ഒറ്റകൊമ്പൻ കാണ്ടാമൃഗങ്ങളെ കാണുവാൻ കൊൽക്കത്തയിൽ നിന്നും കാസിരംഗയിലെത്തി. കാണ്ടാമൃഗങ്ങളുടെ കാൽപ്പാടുകൾ അല്ലാതെ ഒന്നിനെ പോലും കണ്ടെത്തുവാൻ കഴിയാതെ നിരാശയായിരുന്നു ഫലം. മേരി വിക്ടോറിയയുടെ നിർദേശ പ്രകാരം കർസൺ പ്രഭു 1908 ൽ കാസിരംഗയെ സംരക്ഷിത വനമായി പ്രഖ്യാപിച്ച് എല്ലാ തരത്തിലുള്ള വേട്ടകളും നിരോധിച്ചു. തുടർന്നിതുവരെ കർശനമായ വനപരിപാലന നിയമങ്ങളാണ് കാസിരംഗയിൽ നടപ്പിലാക്കിയിട്ടുള്ളത്. സർവ്വസന്നാഹങ്ങളുമായി വരുന്ന വേട്ടക്കാർക്കെതിരെ പ്രയോഗിക്കുവാൻ ജീവനക്കാർക്ക് ആയുധങ്ങൾ നൽകി. നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തി. വംശനാശ ഭീഷണിയിലായിരുന്ന ഒറ്റക്കൊമ്പൻ കാണ്ടാമൃഗങ്ങളുടെ സംരക്ഷണത്തിനായിരുന്നു തുടക്കമെങ്കിലും സുരക്ഷാ കവചം വന്നപ്പോൾ മറ്റു മൃഗങ്ങളും പെറ്റുപെരുകി. രണ്ടായിരത്തോളം ആനകൾ അടക്കം 37 ഇനം സസ്തനികളും 42 ഇനം ഉരഗങ്ങളും 521 ഇനം പക്ഷികളുമുണ്ട് കാസിരംഗ നാഷണൽ പാർക്കിൽ. ലോകത്തിലെ ഏറ്റവും നീളം കൂടിയ പാമ്പുകളായ റെറ്റിക്കുലേറ്റഡ് പൈത്തൺ, റോക്ക് പൈത്തൺ എന്നിവയും കാസിരംഗ കാടുകളിലുണ്ട്.



**ആനസഫാരി**

ജീപ്പ് സഫാരി പോലെ തന്നെ കാസിരംഗ കാടുകൾ കാണുവാൻ വനം വകുപ്പ് ഒരുക്കിയിട്ടുള്ള മറ്റൊരു സംവിധാനമാണ് ആനസഫാരി. വാഹനങ്ങൾ കയറാത്ത വനഗർഭങ്ങളിലെ ഒറ്റയടിപാതയിലൂടെയാണ് ആനസഫാരിയുടെ സഞ്ചാരപഥം. രാവിലെ അഞ്ചരക്ക് പ്രവേശന കവാടത്തിൽ എത്തുമ്പോൾ കുഞ്ഞുങ്ങൾ അടക്കമുള്ള കുറെ പെണ്ണാനകൾ പുറത്ത് ഇരിപ്പിടങ്ങൾ വെച്ചുകെട്ടി തയ്യാറായി നിൽപ്പുണ്ടായിരുന്നു. കുഞ്ഞുങ്ങളെയൊക്കെ പാപ്പാന്മാർ മറ്റൊരിടത്തേക്ക് മാറ്റിക്കെട്ടിയിട്ട് അമ്മയാനകൾ സന്ദർശകരുമായി കാട്ടിലേക്കിറങ്ങി. കട്ടിയായ മൂടൽ മഞ്ഞിനിടയിലൂടെ കുലുങ്ങി കുലുങ്ങി പതുങ്ങിയെത്തുന്ന കാഴ്ചകൾ. പ്രഭാതകിരണങ്ങൾ ഏറ്റുവാങ്ങുന്ന പുൽമേടുകളും തടാകങ്ങളും കാട്ടുമരങ്ങളും അവിസ്മരണീയമായി. ഇത്തരമൊരു സഫാരിക്കിടയിൽ ഒരു പുൽമേടിൽ നിന്നും പാഞ്ഞു വന്ന് സഫാരി ആനയുടെ മുകളിലേക്ക് ചാടിക്കയറുന്ന ഒരു കടുവയുടെ വീഡിയോ ഓർമ്മ വന്നു. കുറച്ചു മാനുകളും കുലീന ഭാവത്തിൽ അശ്രദ്ധമായി മേഞ്ഞു നടക്കുന്ന കാണ്ടാമൃഗങ്ങളേ യുമാണ് അധികവും കണ്ടത്. കാണ്ടാമൃഗങ്ങളെ കാണുമ്പോൾ പാപ്പാന്മാർ കുറച്ചുനേരം ആനകളെ അവക്കരികിൽ നിറുത്തും. കാണ്ടാമൃഗങ്ങളും ലോകത്തേറ്റവും ബുദ്ധിയുള്ള ജീവികളെ ചുമന്നെത്തുന്ന കരയിലെ ഏറ്റവും വലിയ ജീവികളും തമ്മിൽ തമ്മിലുള്ള സംഗമം ഒരനുഭവമാണ്. ഒരു മണിക്കൂർ സമയമാണ് ആന സഫാരി. തിരിച്ചെത്തി സഫാരി ആനകൾക്ക് ഇഷ്ടംപോലെ കരിമ്പിൻ തുണ്ടുകൾ വാങ്ങിച്ചു കൊടുത്ത് സന്തോഷിപ്പിച്ച ശേഷമാണ് കാസിരംഗയോട് വിട പറഞ്ഞത്. ▪



# ഓർമ്മകൾ ഇരമ്പുന്ന തട്ടേക്കാട്



**സായി വിറ്റേക്കർ**
മാനേജിംഗ് ട്രസ്റ്റി,
മദ്രാസ് ക്രോക്കൊഡൈൽ ബാങ്ക്

തട്ടേക്കാട് പക്ഷി സങ്കേതത്തിലാണ് ഞാൻ ആദ്യമായി മാക്കാച്ചിക്കാട (Frog mouth) എന്ന പക്ഷിയെ കണ്ടുമുട്ടുന്നത്. പ്രഭാത സൂര്യന്റെ കിരണങ്ങൾ ഏറ്റ് കാട്ടുപാതയിലൂടെ നടക്കുമ്പോളായിരുന്നു ആ അപൂർവ്വ ദൃശ്യത്തിന് ഞാൻ സാക്ഷിയായത്.

അതെന്റെ സ്വപ്നസാക്ഷാത്കാരമായിരുന്നു. അവിസ്മരണീയമായ അനുഭവം എന്ന് തന്നെ പറയാം. എന്റെ അമ്മ ലിയാക്കിന്റെ അമ്മാവനാണ് പ്രശസ്ത പക്ഷി ഗവേഷകനായ സാലിം അലി. മക്കാച്ചിക്കാടയെ തേടി 1933 ലാണ് അദ്ദേഹം ആദ്യമായി തട്ടേക്കാട് എത്തിയത്. എന്നാൽ ഈ പക്ഷിയെ അന്ന് കാണാൻ കഴിഞ്ഞില്ല. ഒരിക്കൽ മിന്നൽ പോലെ ഒന്ന് പറന്ന് പോകുന്നത് കണ്ടു. അത്രമാത്രം. പക്ഷെ എന്റെ ഗുരുകൂടിയായ അദ്ദേഹത്തിന് കാണാൻ കഴിയാതെ പോയ പക്ഷിയെ എനിക്ക് തൊട്ടടുത്ത് കാണാൻ കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല. ചെറുപ്പകാലം മുതൽക്ക് തന്നെ ഞാൻ ഈ പക്ഷിയെ കുറിച്ച് അദ്ദേഹത്തിൽ നിന്ന് തന്നെയാണ് കേട്ടിരുന്നത്. പശ്ചിമഘട്ടത്തിൽ പലയിടങ്ങളിലും ഈ പക്ഷിയെ തേടി അദ്ദേഹം അലഞ്ഞു. 1933 ന് ശേഷവും തട്ടേക്കാട് പലതവണ എത്തി. പക്ഷെ കാണാൻ കഴിഞ്ഞില്ല. ആ ദുഃഖം അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്. എന്നാൽ 2014 സെപ്തംബറിൽ ഞാൻ ആദ്യമായി തട്ടേക്കാട് സന്ദർശിച്ചപ്പോൾ തന്നെ മാക്കാച്ചിക്കാടയെ കണ്ടു. അതാണ് എന്നെ വികാരഭരിതനാക്കുന്നത്. കാരണം സാലിം അലിക്ക് അത് അദൃശ്യപക്ഷിയായിരുന്നു.



തട്ടേക്കാട് പക്ഷി സങ്കേതത്തിലേക്കുള്ള എന്റെ യാത്ര വളരെ കാലത്തെ കാത്തിരിപ്പിന് ശേഷമാണ് യാഥാർത്ഥ്യമായത്. ഇന്ത്യയിലെ പല വനമേഖലകളിലും ഞാൻ യാത്ര ചെയ്തിട്ടുണ്ട്. ആൻഡമാൻ ദ്വീപിൽ ഞാൻ നീണ്ട പത്ത് വർഷങ്ങൾ ചിലവഴിച്ചു. പക്ഷികളെയും മൃഗങ്ങളെയും മാത്രമല്ല പാമ്പുകളെയും തേടിയായിരുന്നു യാത്ര. കാട്ടുപാതകൾ കൂടാതെ ബോട്ടിൽ നീണ്ട ജലയാത്രകളും നടത്തിയിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയിൽ പോലും പലപ്പോഴും ആൻഡമാൻ ദ്വീപ സമൂഹങ്ങളിൽ ഞാൻ യാത്ര ചെയ്തു. തട്ടേക്കാട് യാത്ര പലപ്പോഴും നീട്ടിവച്ചു. ഒടുവിൽ യാത്ര യാഥാർത്ഥ്യമായത് രണ്ട് വ്യക്തികളുടെ സഹായത്താലായിരുന്നു. തട്ടേക്കാടിലെ പക്ഷി ശാസ്ത്രജ്ഞനും സാലിം അലിയുടെ

ശിഷ്യനുമായ ഡോ. ആർ. സുഗതനും മാതൃഭൂമിയുടെ കൊച്ചി ബ്യൂറോ ചീഫായിരുന്ന പരിസ്ഥിതി എഴുത്തുകാരൻ ജി. ഷഹീദും എന്റെ യാത്രയ്ക്ക് മുൻകൈയ്യെടുത്തു.


തട്ടേക്കാടിനെ കുറിച്ച് ഞാൻ നിരവധി ലേഖനങ്ങൾ വായിച്ചിരുന്നു. സാലിം അലി എഴുതിയിരുന്ന കുറിപ്പുകളായിരുന്നു അവയിൽ ഏറ്റവും ധന്യമായത്. അദ്ദേഹത്തിന്റെ ആത്മകഥയിൽ തട്ടേക്കാടിനെ ഇന്ത്യയിലെ ഏറ്റവും വൈവിധ്യസാന്ദ്രമായ പക്ഷി ആവാസ വ്യവസ്ഥയായി വിശേഷിപ്പിച്ചിരിക്കുന്നു. അന്ന് തിരുവിതാംകൂർ പക്ഷി സർവ്വേയുടെ ഭാഗമായിട്ടായിരുന്നു അദ്ദേഹം എത്തിയത്.

ആദ്യ ദിവസം എനിക്ക് മാക്കാച്ചിക്കാടയെ കാണാൻ കഴിഞ്ഞില്ല. ചാര നിറത്തിലുള്ള പക്ഷിയാണിത്. ഉണങ്ങിയ ഇലകൾക്കിടയിൽ ഇരുന്നാൽ ഈ പക്ഷിയെ പെട്ടെന്ന് തിരിച്ചറിയാൻ കഴിഞ്ഞെന്നു വരില്ല. മുങ്ങയുടെ മുഖം അതിനുണ്ട്. ഇംഗ്ലീഷുകാരായ പക്ഷി നിരീക്ഷകരാണ് ആദ്യമായി മാക്കാച്ചിക്കാടയെ രേഖപ്പെടുത്തിയിട്ടുള്ളത്.

ഈ പക്ഷി വംശം നശിച്ചുപോയെന്ന് സാലിം അലി കരുതി. പശ്ചിമഘട്ട ഭാഗത്ത് ആരെങ്കിലും തന്നെ കാണാൻ വന്നാൽ സാലിം അലി മാക്കാച്ചിക്കാടയെ കണ്ടിട്ടുണ്ടോ? എന്ന് ചോദിക്കാറുണ്ടായിരുന്നു. കൂടാതെ പല തവണ തട്ടേക്കാട് സന്ദർശിച്ചെങ്കിലും സാലിം അലിക്ക് പക്ഷിയെ കാണാൻ കഴിഞ്ഞില്ല.

ഒടുവിൽ ശിഷ്യനായി മുംബൈയിൽ ഉണ്ടായിരുന്ന ഡോ ആർ സുഗതനോട് സാലിം അലി പറഞ്ഞു 'ഞാൻ പക്ഷികളുടെ റെഡ് ഡേറ്റ ബുക്ക് പരിഷ്കരിക്കുകയാണ്. മാക്കാച്ചിക്കാടയുടെ സ്ഥിതി എന്താണ്? അന്വേഷിക്കുക...

**2014 സെപ്തംബറിൽ ആദ്യമായി തട്ടേക്കാട് സന്ദർശിച്ചപ്പോൾത്തന്നെ മാക്കാച്ചിക്കാടയെ കണ്ടു. അതാണ് എന്നെ വികാരഭരിതനാക്കുന്നത്. കാരണം സാലിം അലിക്ക് അത് അദൃശ്യപക്ഷിയായിരുന്നു.**



ഡോ. സാലിം അലി

പശ്ചിമഘട്ടത്തിൽ യാത്ര ചെയ്യാൻ എല്ലാ സൗകര്യങ്ങളും സാലിം അലി ചെയ്തുകൊടുത്തു. നീണ്ട ഒന്നര വർഷത്തെ യാത്രയിലൂടെ 1977 ൽ സൈലന്റ്‌വാലിയിൽ കുന്തിപ്പുഴയുടെ തീരത്ത് മാക്കാച്ചിക്കാടയെ കണ്ടെത്തി. ബോംബെ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി ജേർണലിൽ ഇതു സംബന്ധിച്ച് വിശദമായ കുറിപ്പ് ഡോ സുഗതൻ എഴുതിയിട്ടുണ്ട്.

**രണ്ടാം ദിവസം**

തട്ടേക്കാട് രണ്ടാം ദിവസവും കാട്ടുപാതയിലൂടെ നടന്നു. അന്ന് അതിരാവിലെ തന്നെ പക്ഷിയെ കാണാൻ കഴിഞ്ഞു. എന്റെ കൂടെ തട്ടേക്കാട്ടെ ഗൈഡ് സുധാമ്മയും മകൻ അഡ്വ. ഗിരീഷും ഉണ്ടായിരുന്നു. അനായാസമായി ഞങ്ങൾ പക്ഷിയെ കണ്ടു. നിരവധി അവാർഡു നേടിയ സുധാമ്മ മികച്ച പക്ഷി നിരീക്ഷകയാണ്.

സുധാമ്മയെ പരിചയപ്പെടാൻ കഴിഞ്ഞത് എനിക്ക് മറക്കാനാവാത്ത അനുഭവമായിരുന്നു. എല്ലാ പക്ഷികളെക്കുറിച്ചും സുധാമ്മയ്ക്ക് അറിയാം. പേരും നാദവും വാസസ്ഥലവും മറ്റും.

അന്ന് ഉച്ചതിരിഞ്ഞ് ഡോ. സുഗതനും ജി. ഷഹീദും എത്തി. ഞങ്ങൾ ഏറെനേരം സംസാരിച്ചിരുന്നു. സാലിം അലിയോടൊപ്പം ഭരത്പൂരിൽ പക്ഷി ദേശാടനം പഠിക്കാൻ മൂന്ന് വർഷങ്ങൾ സുഗതൻ ചിലവഴിച്ചു. കൂടാതെ മൂന്ന് വർഷങ്ങൾ ആൻഡമാൻ ദ്വീപുകളിൽ പരിസ്ഥിതി-പക്ഷി സർവ്വേയും പഠനങ്ങളും നടത്തി. ഹിമാലയത്തിലും ഗുജറാത്തിലും ലഡാക്കിലും വടക്ക് കിഴക്കൻ പ്രദേശങ്ങളിലും കേരളത്തിലും മറ്റും സാലിം അലിയോടൊപ്പം കാൽനടയായി കാട്ടുപാതകൾ പിന്നിട്ടാണ് പക്ഷി സർവ്വേ നടത്തിയിട്ടുള്ളത്. കേരളത്തിലെ സാലിം അലി എന്ന് ഡോ. സുഗതനെ വിശേഷിപ്പിക്കാം. ▪



# പശ്ചിമഘട്ടത്തിലെ രത്നപ്പറവയെത്തേടി ഒരു യാത്ര



**സുജീഷ് പുത്തൻ വീട്ടിൽ**
സഞ്ചാരി, പക്ഷി ഫോട്ടോഗ്രാഫർ

പശ്ചിമഘട്ടത്തിലെ ഇടതൂർന്ന കാടുകളിൽ അരുവികളുടെ സമീപപ്രദേശങ്ങളിൽ കാണപ്പെടുന്ന ചെറിയ മീൻകൊത്തികളിലൊന്നാണ് കുഞ്ഞൻ പൊന്മാൻ അഥവാ മേനി പൊന്മാൻ (Oriental Dwarf Kingfisher). ചിന്നമുത്ത് പൊന്മാൻ എന്നും വിളിക്കപ്പെടാറുണ്ട്. മാരിവില്ല് തോൽക്കും വർണ്ണ ചാരുതയുമായി ഒരു



കുഞ്ഞിക്കിളി തന്റെ മേനിയഴകുകൊണ്ട് ഏതൊരു വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫർമാരുടെ ക്യാമറയും മനസും ഒരു പോലെ നിറക്കും. ഇതിനെ ഒരിക്കലെങ്കിലും ഒന്ന് നേരിൽ കാണാനോ ഫോട്ടോ എടുക്കാനോ ആഗ്രഹിക്കാത്ത ആരും തന്നെ ഉണ്ടാകില്ല. കേരളത്തിൽ ഇവയെ വളരെ അപൂർവമായി മാത്രമേ കാണാനായിട്ടുള്ളൂ. അരുവിയുടെ തീരത്തോ പാതയോരത്തോ മൺതിട്ടകളിലോ ഉള്ള മാളത്തിലാണ് ഇവർ കൂടു വെച്ച് മുട്ടയിടാറുള്ളത്.

ഏതൊരു വന്യജീവി ഫോട്ടോഗ്രാഫറുടെയും ആഗ്രഹം പോലെ തന്നെ എന്റെയും ഒരു ആഗ്രഹമായിരുന്നു ഇതിനെ ഒന്ന് കാണുക ഒപ്പം ഒരു നല്ല ചിത്രമെങ്കിലും പകർത്തുക എന്നത്. അതിനു വേണ്ടി ഇവയെ മുമ്പ് കണ്ടിട്ടുള്ള കോഴിക്കോട് സരോവരം പാർക്ക്, വനപർവം. കക്കാട് ഇക്കോടൂറിസം, നെല്ലിയാമ്പതി അങ്ങനെ ഒരുപാട് സ്ഥലത്തു പോയി. പക്ഷെ കാണാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ ഒരു ഏപ്രിൽ മാസത്തിൽ ഒരു വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ 'ഈ പക്ഷിയുടെ പേരെന്താ, അറിയുമോ?' എന്ന് ചോദിച്ച് മേനിപൊന്മാന്റെ ഒരു വിദൂര മൊബൈൽ ചിത്രം കാണാൻ ഇടയായി. ഉടനെ തന്നെ ഫോട്ടോ അയച്ച ഫ്രണ്ടിനെ വിളിച്ചു. ഇതു മേനിപൊന്മാൻ ആണെന്നും വളരെ വിരളമായേ കാണാൻ കഴിയൂ എന്നും പറഞ്ഞു. മലപ്പുറം കൊണ്ടോട്ടിയിൽ എയർപോർട്ടിനടുത്താണ് ഇതിനെ കണ്ടെത്തിയത്. പിന്നീട് അതിനെ കണ്ട പ്രദേശത്തു പോയി തിരഞ്ഞിട്ടും ഞങ്ങൾക്ക് അതിനെ കാണാൻ കഴിഞ്ഞില്ല.

എന്റെ വീട്ടിൽ നിന്നും ഏകദേശം 25 കിലോമീറ്റർ കൂടുതൽ ദൂരം ഉണ്ട് അവിടേയ്ക്ക്. ഞാൻ ഏപ്രിൽ - മെയ് മാസങ്ങളിൽ ഇരുപതിലേറെ തവണ അവിടെ പോയി നോക്കി. രാവിലെ 9 ആകുമ്പോഴേക്കും അവിടെ എത്തും. ഉച്ചവരെ അവിടെ ഒക്കെ അന്വേഷിച്ചു നടക്കും. എന്നും നിരാശ ആയിരുന്നു ഫലം. മെയ് പകുതി ആകുമ്പോഴേക്കും അവ നമ്മുടെ നാട്ടിൽ നിന്നും തിരിച്ചു പോകും എന്ന് അറിയാവുന്നതു കൊണ്ട് കാണാൻ കഴിയാത്തതിൽ വലിയ വിഷമം തോന്നി. പിന്നീട് നവംബർ, ഡിസംബർ എന്നീ മാസങ്ങളിലും ഒരുപാട് തവണ അവിടെ പോയി നോക്കിയിരുന്നു. എത്ര തവണ പോയി എന്ന് എനിക്ക് തന്നെ അറിയില്ല. ഒടുവിൽ അടുത്ത വർഷം ഫെബ്രുവരി മാസത്തിലെ ഒരു പ്രഭാതത്തിൽ പശ്ചിമഘട്ടത്തിലെ രത്നം എന്നറിയപ്പെടുന്ന സ്വപ്ന പക്ഷി എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. പ്രഭാതസൂര്യന്റെ പൊൻകിരണങ്ങളേറ്റ് പച്ചിലകൾക്കുള്ളിൽ ഒരു രത്നക്കല്ല് തിളങ്ങുന്നതുപോലെയാണ് ആദ്യ കാഴ്ചയിൽ എനിക്ക് തോന്നിയത്. കുറച്ചു നേരത്തേയ്ക്ക് ഞാൻ സ്വപ്നം കാണുകയാണോ എന്നുപോലും ചിന്തിച്ചുപോയി. ആ നേരത്തെ എന്റെ

സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു. വർണിക്കാൻ വാക്കുകൾ കിട്ടുന്നില്ല. അരുവിയുടെ തീരത്തുള്ള വള്ളിപടർപ്പുകൾക്കുള്ളിൽ ആയതുകൊണ്ട് തന്നെ ചില്ലകളുടെ മറവും വെളിച്ചക്കുറവും കാരണം അതിന്റെ മെച്ചപ്പെട്ട ഫോട്ടോ എടുക്കുക എന്നത് എന്റെ മുന്നിൽ വലിയ വെല്ലുവിളിയായി മാറി. ചില്ലകൾക്കുള്ളിലാണെങ്കിലും കുറച്ചു റെക്കോർഡ് ഷോട്ട് എന്ന രീതിയിൽ കുറച്ചു ചിത്രങ്ങൾ ഞാൻ എടുത്തു. നല്ല ചിത്രം എടുക്കാൻ അത് പുറത്തുവരുന്നത് വരെ അവിടെ കാത്തിരിക്കുക എന്നത് മാത്രമായിരുന്നു എന്റെ മുന്നിൽ ഉള്ള ഏകമാർഗ്ഗം.

അങ്ങനെ ആ അരുവിക്കടുത്ത് അതിനെ എനിക്ക് കാണാവുന്ന നിലയിൽ നിലത്തു കിടന്നു ഒരു മണിക്കൂറിലേറെയുള്ള കാത്തിരിപ്പിനൊടുവിൽ എന്റെ ആഗ്രഹം പോലെ തന്നെ ആ സ്വപ്ന പക്ഷി വള്ളിക്കുടിലുകൾക്കുള്ളിൽ നിന്നും പുറത്തേക്കു വന്നിരുന്നു. ഉടനെ തന്നെ എന്റെ ക്യാമറയുടെ ഷട്ടർ തുറന്നടഞ്ഞു. നല്ല കുറച്ചു ഫോട്ടോസ് എടുക്കാനും കഴിഞ്ഞു. പിന്നീട് കുറച്ചു ദിവസങ്ങൾക്കുശേഷം വീണ്ടും ഞാൻ അവിടെ പോയിരുന്നു. പിന്നീട് പോയ മിക്ക ദിവസങ്ങളിലും അതിനെ കാണാൻ കഴിഞ്ഞു. ഞാനൊരു ശത്രു അല്ല എന്ന് അതു മനസിലാക്കിയത് കോണ്ടാവാം അതിന്റെ വളരെ അടുത്ത് ചെല്ലാനും ഒട്ടേറെ നല്ല ഫോട്ടോകൾ എടുക്കാനും എനിക്ക് സാധിച്ചു.

ചില ദിവസങ്ങളിൽ മണിക്കൂറുകളോളം ഞാൻ ഫോട്ടോ എടുക്കാതെ അതിന്റെ മേനിയഴക് നോക്കി ഇരുന്നിട്ടുണ്ട്. അപ്പോളാണ് പശ്ചിമഘട്ടത്തിലെ രത്നം എന്ന അവയെ എന്തുകൊണ്ടാണ് വിളിക്കുന്നതെന്ന് എനിക്ക് മനസിലാക്കാൻ സാധിച്ചത്. അത്രക്കും ഭംഗിയാണ് ആ കുഞ്ഞൻ പൊന്മാനെ കാണാൻ. മാത്രമല്ല ഇരയെ പിടിക്കാൻ നടത്തുന്ന ശ്രമങ്ങൾ കാണാനും എനിക്ക് സാധിച്ചു. ഒടുവിൽ തവളക്കുഞ്ഞുങ്ങളെ കൊക്കിലൊതുക്കുന്ന മനോഹരരംഗവും കണ്ടു. കൂടെ മരച്ചില്ലയുടെ മറവുണ്ടെങ്കിലും ഫ്രെയിമിലാക്കുവാനും എനിക്ക് സാധിച്ചു.

**ഏതൊരു വന്യജീവി ഫോട്ടോഗ്രാഫറെയും പോലെത്തന്നെ എന്റെയും ഒരു ആഗ്രഹമായിരുന്നു പശ്ചിമഘട്ടത്തിൽ കാണപ്പെടുന്ന ചെറിയ മീൻകൊത്തികളിലൊന്നായ കുഞ്ഞൻ പൊന്മാൻ അഥവാ മേനി പൊന്മാനെ ഒന്ന് കാണുകയും ഒരു നല്ല ചിത്രമെങ്കിലും പകർത്തുക എന്നത്.**


ചിത്രങ്ങൾ:
സുജീഷ് പുത്തൻ വീട്ടിൽ

ഇടവപ്പാതിയുടെ ആരംഭത്തിലാണ് പ്രത്യുൽപാദന കാലഘട്ടം ആരംഭിക്കുന്നത്. നാലോ അഞ്ചോ മുട്ടകളാണ് ഇടുക. മുട്ടകൾക്ക് ആൺകിളിയും പെൺകിളിയും ചേർന്ന് 17 ദിവസം അടയിരിക്കുന്നു. പേരിൽ മീൻകൊത്തി ഉണ്ടെങ്കിലും വെറും മീൻതീനികളല്ല ഈ പക്ഷികൾ. യഥാർത്ഥത്തിൽ ഇവയുടെ പ്രധാനഭക്ഷണം പ്രാണികളും ചിലന്തികളും തവളകളും ചിലപ്പോൾ പല്ലികളുമാണ്. ഒപ്പം ചെറിയ മീനുകളെയും ഞണ്ടുകളെയും ഭക്ഷിക്കുന്നു. ശരവേഗത്തിൽ പറക്കുന്ന ഈ പക്ഷികൾ ചുമലുകളിലോ, ചില്ലുജനാലകളിലോ തട്ടി ചത്തോ, പരിക്കേറ്റ നിലയിലും കാണാറുണ്ട്. ഇന്ത്യയിൽ പശ്ചിമഘട്ട ഭാഗങ്ങളിലും, പശ്ചിമബംഗാളിന്റെ കിഴക്ക് ഭാഗം മുതലുള്ള കിഴക്കൻ ഇന്ത്യയിലുമാണ് ഇവയെ പ്രധാനമായും കാണപ്പെടുന്നത്. കൊങ്കൺ ഭാഗത്തും, ഗോവ, അസം തുടങ്ങിയ സംസ്ഥാനങ്ങളിലും നിലവിലുണ്ടെന്ന് കരുതപ്പെടുന്നു. സലിം അലി ഈ പക്ഷിയെ ഇന്ത്യയിൽ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും അക്കാലത്തെ ഒരു പ്രശസ്ത പക്ഷി നിരീക്ഷകനായ ഹ്യൂ വിസ്‌ലർ എഴുതിയ ഇന്ത്യയിലെ പക്ഷികളെക്കുറിച്ചുള്ള കൈപ്പുസ്തകത്തിൽ (Popular Handbook of Indian Birds) ഈ പക്ഷിയെ കുറിച്ച് പറഞ്ഞതായി കാണുന്നില്ല. പ്രജനനത്തിനുശേഷം ഇവ ദക്ഷിണ ശ്രീലങ്കയിലേക്കും കേരളത്തിലേക്കും ദേശാടനം ചെയ്യുന്നതായി കരുതുന്നു. ഇത്തരം യാത്രകൾക്കിടയിലാണ് ഇവയെ കേരളത്തിൽ പലയിടങ്ങളിലും കാണുന്നത്. എന്നാൽ പലപ്പോഴും തീർത്തും അപ്രതീക്ഷിതമായ സ്ഥലങ്ങളിൽ, വീടുവളപ്പുകൾ, കടൽത്തീരങ്ങൾ, ചിലപ്പോൾ ചെറിയ പട്ടണങ്ങൾ ഇവിടെയൊക്കെ ദേശാടനത്തിനിടെ ഇവ എത്തിപ്പെടാറുണ്ട്. 1995-ൽ പ്രശസ്ത പക്ഷിനിരീക്ഷകനും സാലിം അലിയുടെ ശിഷ്യനുമായ ആർ. സുഗതനാണ് ഈ പക്ഷിയെ തട്ടേക്കാട് കണ്ടത്. തുടർന്ന് 2011-ൽ ഇവയെ തട്ടേക്കാട് തന്നെ വീണ്ടും കാണാൻ കഴിഞ്ഞു. സലിം അലി ഇവയെ അഗസ്ത്യവനങ്ങളിൽ സമുദ്രനിരപ്പിൽ നിന്ന് 2000 അടി ഉയരത്തിൽ വരെ കണ്ടെത്തിയതായി പരാമർശിച്ചിട്ടുണ്ട്. സാലിം അലിയുടെ കേരളത്തിലെ പക്ഷികൾ (Birds of Kerala) എന്ന പുസ്തകത്തിലും ഈ പക്ഷിയെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. ▪




## ലോക മഴക്കാട് ദിനം

കൊല്ലം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ യൂണിറ്റിന്റെ നേതൃത്വത്തിൽ കുണ്ടറ ഇളമ്പള്ളൂർ SNSMHSS ലെ ഫോറസ്ട്രി ക്ലബുമായി സഹകരിച്ച് സംഘടിപ്പിച്ച ലോക മഴക്കാട് ദിനാഘോഷം മാധ്യമ പ്രവർത്തകൻ ബി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ ഹെഡ്മാസ്റ്റർ ആർ. മനു അധ്യക്ഷത വഹിച്ച സെമിനാറിൽ ഫോറസ്ട്രി ക്ലബ് കൺവീനർ ജയലക്ഷ്മി സ്വാഗതം പറഞ്ഞു. സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ യൂണിറ്റ് സ്റ്റാഫുകൾ വിദ്യാർഥികൾക്കായി ക്ലാസ് എടുത്തു.



## ലോക പ്രകൃതി സംരക്ഷണ ദിനം

സാമൂഹ്യ വനവൽകരണ വിജ്ഞാന വ്യാപന വിഭാഗം കോഴിക്കോട് ഡിവിഷനും എ.ഡബ്ല്യു. എച്ച് കോളേജ് ഓഫ് എൻജിനീയറിങ് കുറ്റിക്കാട്ടൂരും സംയുക്തമായി സംഘടിപ്പിച്ച പരിപാടി സാമൂഹ്യ വനവൽകരണ വിഭാഗം ഉത്തരമേഖല ഫോറസ്റ്റ് കൺസർവേറ്റർ ആർ. കീർത്തി ഐ .എഫ് .എസ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. സബീന. എൻ. വി, സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ അസിസ്റ്റന്റ് കൺസർവേറ്റർ എ.പി. ഇംതിയാസ്, കോളേജ് അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ ഇസ്മയിൽ ഒ.കെ., എൻ.എസ്.എസ്. പ്രോഗ്രാം കോഡിനേറ്റർ ഡോ. സുധീര മോൾ, എൻ.എസ്. എസ് വളണ്ടിയർ സെക്രട്ടറി അലീഷോ കെ.കെ., റേഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) പി .പ്രഭാകരൻ എന്നിവർ പങ്കെടുത്തു.



## ലോക ഗജ ദിനം

കോഴിക്കോട് സാമൂഹ്യ വനവൽക്കരണ വിഭാഗം ഉത്തരമേഖല ലോക ഗജ ദിനം ആചരിക്കുന്നതിന്റെ ഭാഗമായി പൃഥ്വി  റൂട്ട് കോഴിക്കോട്, പൃഥ്വി  പരിസ്ഥിതി കൂട്ടായ്മ എന്നിവരുടെ സഹകരണത്തോടെ ലളിതകല അക്കാഡമിയിൽ  ആഗസ്ത് 13 നു വന്യ ജീവി ഫോട്ടോ പ്രദർശനം, 'ത്രസം  2025' സംഘടിപ്പിച്ചു. സാമൂഹ്യ വനവൽകരണ വിഭാഗം ഉത്തരമേഖല ഫോറസ്റ്റ് കൺസർവേറ്റർ ആർ .കീർത്തി ഐ.എഫ്. എസ് ഉദ്ഘാടനം ചെയ്തു. സുനിൽ സി ജി (അസിസ്റ്റന്റ് നേച്ചർ എഡ്യൂക്കേഷൻ ഓഫീസർ, പെരിയാർ ടൈഗർ റിസർവേഷൻ ഫൗണ്ടേഷൻ), അരവിന്ദ് കെ (അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് ബെർക്മെൻ കോളേജ്, ചങ്ങനാശ്ശേരി), ദിജീഷ് വലിയാറ്റിൽ (അസിസ്റ്റന്റ് ജനറൽ മാനേജർ, ദി ഹിന്ദു  ഗ്രൂപ്പ്, ബാംഗ്ലൂർ) എന്നിവർ പങ്കെടുത്തു.

# യാത്രാപ്രേമിയോ ? അക്ഷരക്കളിയിലേക്ക് സ്വാഗതം !



**റെനി ആർ. പിള്ള**
ഡെപ്യൂട്ടി ഡയറക്ടർ,
വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ

1. ടൈം മാസിക 2022 ൽ ഏറ്റവും മികച്ച സ്ഥലങ്ങളുടെ ഇക്കോടൂറിസം ഹോട്ട്സ്പോട്ട് പട്ടികയിൽ 9-ാം ആം സ്ഥാനം നേടിയ ഇന്ത്യൻ സംസ്ഥാനം
2. കുറിഞ്ഞി ചെടികൾ, വരയാട്, ആനമുടി മലനിരകൾ തുടങ്ങിയവ കാണാൻ പോകേണ്ടത് എവിടേക്ക്
3. മുല്ലപ്പെരിയാർ തടാകത്തിൽ സുരക്ഷിതമായും ശാന്തമായും ബോട്ടിംഗ് നടത്തി വന്യമൃഗങ്ങളെ കാണാനുള്ള അപൂർവ ഭാഗ്യം ലഭിക്കുന്ന കേരളത്തിലെ കടുവാ സങ്കേതം
4. മരമുത്തശ്ശിയായ കന്നിമാരാ തേക്കുള്ള പാലക്കാട് ജില്ലയിലെ കടുവാ സങ്കേതം
5. ചീങ്കണ്ണി സംരക്ഷണ കേന്ദ്രമുള്ള കേരളത്തിലെ വന്യജീവി സങ്കേതം
6. ജലവൈദ്യുതി പദ്ധതിക്കെതിരെ പരിസ്ഥിതി സംരക്ഷണ മുന്നേറ്റത്തിന്റെ വിജയകരമായ ചരിത്രമുള്ള കേരളത്തിലെ ദേശീയോദ്യാനം
7. സംസ്ഥാന വന വികസന കോർപറേഷൻ നിയന്ത്രിക്കുന്ന പത്തനംതിട്ട ജില്ലയിലെ ഇക്കോടൂറിസം കേന്ദ്രം
8. കേരളത്തിലെ ഏത് വനം ഡിവിഷന്റെ പരിധിയിലാണ് അടവി ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നത്
9. ചിത്രശലഭങ്ങളുടെ വാർഷിക ദേശാടനത്തിനു പേരുകേട്ട വടക്കൻ കേരളത്തിലെ വന്യജീവി സങ്കേതം

11. കേരളത്തിലെ ആദ്യത്തെ കാരവൻ പാർക്കായ "കാരവൻ മെഡോസ്" തുടങ്ങിയ, പുൽമേടുകളാൽ സമ്പന്നമായ ഇടനാടൻ കുന്നുകൾ നിറഞ്ഞ കോട്ടയം ജില്ലയിലെ പ്രദേശം

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | എ | മ | സ | ല | പ | ഖ് | ഠ | ല | ഗ | ങ്ങ | ആ | ഖ് | അ | ത | വ | ർ | യാ | രി | പെ |
| | | | | | | | ല | | | | | | | | | | | | |
| | സൈ | ല | ൻറ് | വാ | ലി | | | | | | | | | | | | | | |
| | ഗ | ങ്ങ | ആ | ഖ് | അ | ത | വ | ല | ള | മി | ങ്ങ | ആ | ഖ് | അ | | | | | |
| | പ | | എ | എ | ങ്ങ | ആ | ഖ് | അ | ത | വ | ൻ | ര | | വി | | | | | |
| | | | | | | | | | | | | | | | | | | | |
| | അ | എ | മ | സ | ല | കേ | ര | ളം | | | | | | | | | | | |
| | ത | | ഫ | റ | ആ | എ | മ | സ | ല | പ | ഖ് | | | | | | | | |
| മ | സ | ര | ല | കു | ഗ | ങ്ങ | ആ | ഖ് | അ | ത | വ | ഡ | | റ | | ല | ല | ല | |
| | സ | | | | | | എ | ള | | | | കു | | | ളം | | | | |
| | | ല | | സ | | ഠ | | ഗ | വി | | | | | | | | | | |
| | ഗ | ങ്ങ | ആ | ഖ് | അ | ത | വ | ഗ | ങ്ങ | ർ | | | | | | | | | |
| | എ | മ | സ | ല | പ | ഖ് | ഠ | ല | എ | മ | സ | | മൂ | ങ്ങ | ങ്ങ | | | | യ്യാ |
| | | | | | | | മ | | | | | | ന്നാ | ല | ല | | | | നെ |
| | ങ്ങ | ആ | ഖ് | അ | ങ്ങ | ആ | വ | | | എ | | | ർ | ഗ | ഗ | | | | |
| | | ല | പ | ളം | ആ | | ഗ | | | ർ | ങ്ങ | | എ | മ | സ | ല | പ | ഖ് | ഠ |
| | ക | | | | | | | | | | | | | | | | | | |
| | | | ക്കു | | | ൺ | | | | | | | | | | | | | |
| | ഖ് | ജ | | എ | | | | | | | | | | | | | | | |
| ഖ് | ഠ | ല | എ | മ്പി | | | മ | | | എ | മ | സ | ല | പ | ഖ് | ഠ | ല | എ | മ |
| | | | | റ | | | ഗ | | | | | | | | | | | | |
| | | | | പ | | | വാ | | | | | | | | | | | കോ | ന്നി |

## സ്കൂൾ ഫോറസ്ട്രി ക്ലബ്

# എഴുതി നേടാം സമ്മാനം

വനം വന്യജീവി പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സ്കൂൾ ഫോറസ്റ്റ് ക്ലബ് വിദ്യാർത്ഥികളിൽ പ്രകൃതിയോടും വനത്തിനോടും അടുപ്പം വർദ്ധിപ്പിക്കുന്നതിനും വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കുന്നതിനുമായി വിദ്യാർത്ഥികളിൽ നിന്ന് ലേഖനങ്ങൾ ക്ഷണിക്കുന്നു.

മികച്ച ലേഖനത്തിന്
**ആകർഷകമായ സമ്മാനങ്ങൾ..**

ഈ മാസത്തെ വിഷയം:

**വന്യജീവിസംരക്ഷണം നമ്മുടെ അതിജീവനം**

ലേഖനം അയക്കേണ്ട വിലാസം:

ഡയറക്ടർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
വഴുതക്കാട്, തൈക്കാട് പി.ഒ.
തിരുവനന്തപുരം 695014

ഇമെയിൽ: forestmediacell@gmail.com

രചനകൾ അയക്കേണ്ട അവസാന തീയതി:
**2025 ഒക്ടോബർ 30**



# ലോക തദ്ദേശീയ ജനതയുടെ അന്താരാഷ്ട്ര ദിനം 2025

**കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ ഉന്നതി നിവാസികളെ സംഘടിപ്പിച്ച് സാമൂഹ്യ വനവൽക്കരണ വിജ്ഞാന വ്യാപന വിഭാഗം കോഴിക്കോട് ഡിവിഷൻ 'കാടറിവ്' എന്ന പേരിൽ ആഗസ്ത് 9 ന് നടത്തിയ പരിപാടി ഉന്നതി ഊര് മൂപ്പത്തി ലീല വിനോദ് ഉത്ഘാടനം ചെയ്തു.**







## പാമ്പിനെ ഭയക്കേണ്ടതില്ല
# രക്ഷയ്ക്ക് ഇനി സർപ്പ ആപ്പ്

കണ്ടെത്തിയ പാമ്പിന്റെ ഫോട്ടോ സർപ്പ മൊബൈൽ ആപ്പിൽ അപ് ലോഡ് ചെയ്താൽ പരിശീലനം നേടിയ സന്നദ്ധപ്രവർത്തകർ ഞൊടിയിടയിൽ സ്ഥലത്തെത്തി പാമ്പിനെ പിടികൂടി സുരക്ഷിതമായി നീക്കംചെയ്യും. പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. കേരള വനംവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സർപ്പ ആപ്പിന്റെ മുഴുവൻ സേവനങ്ങളും തികച്ചും സൗജന്യമാണ്. വനംവകുപ്പ് സർട്ടിഫിക്കേഷൻ നൽകിയ അംഗീകൃത റെസ്ക്യൂവർമാർ എല്ലാവരും സർപ്പയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാമ്പുകളെ സംബന്ധിച്ച സംശയനിവാരണത്തിനും സർപ്പ ആപ്പ് ഉപയോഗപ്പെടുത്താവുന്നതാണ്.

## ആപ്പിന്റെ ആവശ്യകത

പാമ്പുകളും മനുഷ്യനുമായുള്ള സംഘർഷത്തിന് ചരിത്രത്തോളം പഴക്കമുണ്ട്. എല്ലാതരം ആവാസ വ്യവസ്ഥകളിലും പാമ്പുകളെ കാണപ്പെടാറുമുണ്ട്. എന്നാൽ കേരളത്തിൽ കാണപ്പെടുന്ന പാമ്പുകളിൽ ബഹുഭൂരിപക്ഷവും വിഷമില്ലാത്ത ഇനങ്ങളാണ്. പക്ഷെ ഭയംമൂലം മനുഷ്യൻ അശാസ്ത്രീയ മാർഗങ്ങളിലൂടെ പാമ്പിനെ പിടികൂടുന്നത് അതിന്റെ നിലനിൽപ്പിന് ഭീഷണിയായി തീരുന്നുണ്ട്. ആവാസ വ്യവസ്ഥയിലെ മുഖ്യകണ്ണിയായ പാമ്പുകളുടെ സംരക്ഷണവും വനംവകുപ്പിന്റെ ഉത്തരവാദിത്വമാണ്.

---

ഒരു പാമ്പിനെ അപകടകരമായ രീതിയിൽ കണ്ടെത്തിയാൽ പാമ്പിന്റെയോ കണ്ടെത്തിയ സ്ഥലത്തിന്റെയോ ഫോട്ടോ എടുത്ത് ആപ്പിൽ അപ് ലോഡ് ചെയ്യുക.

---

സന്ദേശ സ്ഥലത്തിന്റെ ലൊക്കേഷൻ ജി പി എസ് മുഖേന കണ്ടെത്തി റെസ്ക്യൂവർമാർ സ്ഥലത്തെത്തും.

---

വനംവകുപ്പ് പരിശീലനം നൽകിയ അംഗീകൃത റെസ്ക്യൂവർമാരുടെ മേൽവിലാസവും മൊബൈൽ നമ്പറും സർപ്പയിൽ ലഭ്യമാണ്.

---

ജനവാസ മേഖലയിൽ കാണപ്പെടുന്ന പാമ്പുളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും സർപ്പയിൽ ലഭ്യമാണ്.

---

പാമ്പുകളെ പിടികൂടിയത് മുതൽ എല്ലാ വിവരങ്ങളും ആപ്പിൽ ലഭിക്കും.

---

പാമ്പിന്റെ വിഷത്തിന് ചികിത്സ ലഭിക്കുന്ന ആശുപത്രികളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളും ആപ്പിൽ ലഭിക്കും.

---

കേരള വനം വകുപ്പ്



# പാമ്പിനെ ഭയക്കേണ്ടതില്ല രക്ഷയ്ക്ക് ഇനി സർപ്പ ആപ്പ്

- പാമ്പുകടിയേറ്റാൽ സമീപത്ത് ആന്റിവെനം ലഭ്യമായിട്ടുള്ള ആശുപത്രികൾ
- പാമ്പിനെ അപകടകരമായി കണ്ടാലോ, അനുബന്ധ സേവനങ്ങൾക്കോ സർപ്പ വോളന്റിയറെ വിളിക്കുക
- അംഗീകൃത പരിശീലനം ലഭിച്ചിട്ടുള്ള വോളന്റിയർമാരുടെ ലിസ്റ്റ്



SARPA

സർപ്പ

ഉരഗ സംരക്ഷണത്തിന്റെ കേരള മോഡൽ

ARANYAM - Forest Wildlife Environment Magazine
Monthly | 2025 August | Vol. 45 | Issue 08

Date of Publication: 2025 August 20
Price : ₹50




Printed and Published by Rajesh Raveendran IFS., Chief Editor, Principal Chief Conservator of Forests & Head of Forest Force, Forest HeadQuarters, Vazhuthacaud, Thiruvananthapuram, Kerala, India on behalf of Kerala Forest and Wildlife Department. Printed at Kerala Books & Publishing Society, Kakkanad, Kochi, Kerala